
# മഷിപ്പച്ച

## ഓണപ്പതിപ്പ്

പുസ്തകം 6 ലക്കം 5 പേജുകൾ 56 ഓഗസ്റ്റ് 2025





സച്ചിദാനന്ദൻ



സി രാധാകൃഷ്ണൻ



രാവുണ്ണി



സുരേന്ദ്രൻ മങ്ങാട്ട്



സന്ധ്യ ഇ



വി പി ജോൺസ്




ശ്രീജ വിജയൻ

• കഥ • കവിത • സമകാലികം • കാർട്ടൂൺ കേരളം



JOS ALUKKAS
A TRADITION OF FINE JEWELLERY
ഓണം
PONNONAM
2025
Aug 15 - Sep 7
ഓണാഘോഷങ്ങളിൽ ഷൈൻ ചെയ്യൂ
ജോസ് ആലുക്കാസിനൊപ്പം
എല്ലാ
പർച്ചേസിനും
സമ്മാനങ്ങൾ
ഉറപ്പ്
ഡയമണ്ട്
25%
വരെ
ഡിസ്കൗണ്ട്
പ്ലാറ്റിനം
15%
പണിക്കൂലിയിൽ
ഡിസ്കൗണ്ട്
5%
മുതൽ
ആരംഭിക്കുന്ന
അഡ്വാൻസ്
ബുക്കിംഗ്
എക്സ്ചേഞ്ച് ഓഫർ
പഴയ സ്വർണം
എക്സ്ചേഞ്ച് ചെയ്ത്
HUID സ്വർണമാക്കൂ
ആകർഷകമായ
ആനുകൂല്യങ്ങളോടെ
*T&C Apply
Thrissur, Round East. Ph : 0487 233 1812 • Shop online at josalukkas.com

# എഡിറ്റേഴ്സ് പേജ്





ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ–680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032



എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**


## 2023 ജൂൺ ലക്കത്തിൽനിന്ന്...




മലയാള സാഹിത്യസാനുവിൽ ഉപവിഷ്ടനായിരിക്കുന്ന സാനുമാഷ്, തന്റെ ജീവിതം പറയുന്നുവെന്നതാണ്, ഈ ലക്കത്തിന്റെ സവിശേഷത. ബാല്യ-കൗമാര-യൗവനാനുഭവങ്ങൾക്കൊപ്പം, എത്തിനിൽക്കുന്ന തട്ടകവും, ദീർഘസംഭാഷണത്തിൽ സാനുമാഷ് വിവരിക്കുന്നു. ഒരു പുരസ്കാരം സമ്മാനിക്കുന്നതുമായി ബന്ധപ്പെട്ട് ഉയർന്നിട്ടുള്ള വിവാദം, ഇവിടെ പരാമർശിക്കപ്പെട്ടിട്ടില്ല. ഈ സംഭവത്തിനു മുമ്പു തന്നെ, മുഖാമുഖം രേഖപ്പെടുത്തി കഴിഞ്ഞിരുന്നതിനാൽ, അതുമായി ബന്ധപ്പെട്ട ഉപചോദ്യത്തിനും സാധ്യമാകാതെ പോയി.

96–ാം വയസിലും ചിന്തക്ക് കാഴ്ചക്കുറവ് സംഭവിച്ചിട്ടില്ലെന്ന്, സാനുമാഷിന്റെ വാക്കുകൾ തെളിവുനൽകുന്നു. കണ്ണിലെ ക്ലേശങ്ങളാൽ വായന സാധിക്കുന്നില്ലെന്ന സങ്കടം പങ്കുവെക്കാനും അദ്ദേഹം മടികാട്ടിയില്ല. മാസികക്ക് പ്രത്യേക അഭിമുഖം അനുവദിച്ചതിന് മാസികാപ്രവർത്തകർ നന്ദി അറിയിക്കുന്നു.

സാനു മാഷുമായി മഷിപ്പച്ച പ്രവർത്തകർ ദീർഘ സംഭാഷണം നടത്തിയിരുന്നു. 2023 ജൂൺ ലക്കത്തിലാണ് മുഖാമുഖം പ്രസിദ്ധീകരിച്ചത്. മഷിപ്പച്ച ലേഖകൻ സി ജി അശോകനും എഡിറ്റർ സി ആർ രാജനും അതിഥി ലേഖിക താര അതിയേടത്തുമായി അന്ന് മാഷ് ദീർഘമായി സംസാരിച്ചു. മാഷിന്റെ സ്മരണകൾക്ക് മാസിക പ്രവർത്തകരുടെ പ്രണാമം. പുതിയ ലക്കം ഓണപ്പതിപ്പാണ്. പ്രഗൽഭമതികളുടെ രചനകളാൽ ഓണപ്പതിപ്പ് സമ്പന്നമാണ്. സച്ചിദാനന്ദൻ, സി. രാധാകൃഷ്ണൻ, രാവുണ്ണി, സന്ധ്യ ഇ, വി.പി.ജോൺസ് എന്നിങ്ങനെ പ്രഗൽഭ രചയിതാക്കളുടെ നിര നീളുന്നു. എംആർ ബാലചന്ദ്രന്റെ കാർട്ടൂൺ കേരളം, സമകാലിക അവലോകവുമായി ഫ്രാങ്കോ ലൂയിസ് എന്നിവർക്കൊപ്പം കാമ്പുള്ള രചനകളുമായി കവികളും കഥാരചയിതാക്കളും ഈ ലക്കത്തിൽ ഒന്നിക്കുന്നു. കൊച്ചുകൂട്ടുകാരുടെ വരകളും കുറിപ്പുകളും സമ്മേളിക്കുന്ന 'കുട്ടികളുടെ മഷിപ്പച്ചച്ച', ഇതിനകം ഏറെ ശ്രദ്ധിക്കപ്പെട്ട പംക്തിയാണ്.

ഓണം പടിക്കലെത്തിനിൽക്കേ, മാസികയുടെ വായനക്കാർക്കും പ്രിയ മിത്രങ്ങൾക്കും സമൃദ്ധിയുടെ നിറവുകളുണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

**–സി.ആർ.രാജൻ,**
എഡിറ്റർ

# കാർട്ടൂൺ കേരളം






എം.ആർ. ബാലചന്ദ്രൻ

# അകത്താളുകളിൽ

## കഥ

സുരേന്ദ്രൻ മങ്ങാട്ട് ............... പേജ് 11
ദർശന .............................. പേജ് 23
പിയാർകെ ചേനം ............... പേജ് 30
രേഖ തോപ്പിൽ .................... പേജ് 39
അനിതാദേവി വേലന്താവളം ... പേജ് 42
വി.പി.ജോൺസ് ................. പേജ് 45


## കാർട്ടൂൺ

എം.ആർ.ബാലചന്ദ്രൻ ........... പേജ് 5


## സമകാലികം

ഫ്രാങ്കോ ലൂയിസ് ................. പേജ് 17



## ലേഖനം


സുകുമാർ കൂർക്കഞ്ചേരി....... പേജ് 51
വിൻസെന്റ് പുത്തൂർ ........... പേജ് 54


## കവിത

സച്ചിദാനന്ദൻ....................... പേജ് 6
സി.രാധാകൃഷ്ണൻ .............. പേജ് 7
രാവുണ്ണി ............................ പേജ് 8
സന്ധ്യ ഇ............................ പേജ് 9
ഹാജറ കെ.എം. .................. പേജ് 10
ശ്രീജ വിജയൻ .................... പേജ് 16
സ്റ്റേല്ല മാ◌ാത്യു ................... പേജ് 20
ലേഖ കാക്കനാട്ട്.................. പേജ് 21
രാജു കാഞ്ഞിരങ്ങാട് .......... പേജ് 22
സുഭാഷ് പോണോളി ............. പേജ് 28
സെയ്തലവി വിളയൂർ .......... പേജ് 29
യൂസഫ് നടുവണ്ണൂർ ............ പേജ് 34
ഡോ. പി.സജീവ്കുമാർ ......... പേജ് 36
എം.കപിൽദേവ് .................. പേജ് 36
രജനി സുരേന്ദ്രൻ................. പേജ് 37
ഗീത കൈപറമ്പ് .................. പേജ് 38
ലാവണ്യ മുല്ലശ്ശേരി............... പേജ് 50











കവിത

# കയ്യെഴുത്തുകൾ



സച്ചിദാനന്ദൻ

ഞാൻ കണ്ടിട്ടുണ്ട്
എഴുത്തുകാരുടെ കയ്യെഴുത്തുകൾ
പല സ്മാരകങ്ങളിൽ, പല ഭാഷകളിൽ,
ഇലകളിലും ഓലയിലും കടലാസ്സിലും.
കൂർത്തും ഉരുണ്ടും പരന്നും.
ലക്ഷ്യത്തിലെത്താൻ തിരക്കിട്ട് ഓടുന്ന
അക്ഷരങ്ങളും
വിറ്റ പശുവിനെപ്പോലെ തിരിഞ്ഞു നോക്കി
തിരിഞ്ഞു നോക്കി പോകുന്നവയും.
വയലിൽ വിതയ്ക്കപ്പെട്ടവ,
ജയിലിൽ തളയ്ക്കപ്പെട്ടവ
ഉലകം ചുറ്റുന്നവ, വേരാഴ്ത്തി നില്ക്കുന്നവ
ആകാശത്തേയ്ക്ക് നോക്കുന്നവ.

ഇപ്പോൾ യന്ത്രങ്ങളിൽ നിന്ന്
വാർന്നു വീഴുന്ന അക്ഷരങ്ങളുടെ
വടിവുകൾക്കു മുൻപിൽ
അവ പകച്ചു നിൽക്കുന്നു:
ഇനിയും ഞങ്ങളുടെ കയ്യക്ഷരങ്ങൾ
ആരുടേതെന്ന് തിരിച്ചറിയപ്പെടുമോ?
ആണി കൊണ്ടും കൈ കൊണ്ടും എഴുതിയിരുന്ന
പ്രാകൃതരുടെ ജീവിതമുദ്രകളായി
അവ വിസ്മരിക്കപ്പെടുമോ?

കടലാസ്സിനും അച്ചടിക്കും
അധിനിവേശത്തിനും മുൻപ്
താളിയോലകളിൽ എഴുത്താണി കൊണ്ട്
എഴുതപ്പെട്ട ശ്ലോകങ്ങൾ പോലെ
പുരാവസ്തുശേഖരങ്ങളിൽ നിന്ന്
'ഞങ്ങളും ജീവിച്ചിരുന്നു' എന്ന്
തിളങ്ങുന്ന കണ്ണുകളാൽ അവ
ഗവേഷകരോട് വിളിച്ചുപറയുമോ?
ആ കൈപ്പടകളിൽ വീണ വിയർപ്പ്
ഏതു കണ്ണട കൊണ്ട് അവർ വായിച്ചെടുക്കും?

ആ വറ്റിയ കണ്ണീർച്ചാലുകൾ
ഏതു തുഴ കൊണ്ട് കടക്കും?

അവയിൽ നിറഞ്ഞു നിന്ന മനുഷ്യരും
പ്രകൃതിയും വളരുന്ന യന്ത്രമനുഷ്യരുടെ
രചനകൾക്കുള്ള അസംസ്കൃതവസ്തുക്കൾ
മാത്രമായി മാറുമോ? അവയിലെ സ്വപ്നങ്ങൾ
ഉരുക്കായി മാറുമോ?

ഇപ്പോഴും എത്തി നോക്കുന്നു
അവയിൽ നിന്ന്, മുഖങ്ങൾ, ആകാശങ്ങൾ,
ജീവിതങ്ങൾ: ഒരു ഭൂതകാലം മുഴുവൻ,
ഇനിയും വിത്തു കാത്തു കിടക്കുന്ന
ഉഴവുചാലുകളും നീലനദികളുമായി.

ഓ, വാല്മീകി!

ഓ, ഷേക്സ്പിയർ!



# മഷിക്ക് എന്ത് നിറം?


ചുവപ്പ് എന്ന് ചിലർ.
അല്ല കറുപ്പ് എന്ന് വേറെ ചിലർ.
അല്ലല്ല പച്ചയായേ പറ്റൂ എന്ന് മറ്റുചിലർ.
കഴിഞ്ഞില്ല, മഞ്ഞയ്ക്കും നീലയ്ക്കും
ഓറഞ്ചിനും വയലറ്റിനും ആളുണ്ട്.

എല്ലാ കറയും മായ്ക്കാൻ ഉതകുന്ന
വെളുപ്പിന് പക്ഷേ ആരുമില്ല! എല്ലാം
നശിപ്പിക്കുന്ന കറുപ്പിനു വരെ
ആളുള്ളപ്പോഴാണ് ഇത്



സി. രാധാകൃഷ്ണൻ

# നക്ഷത്രങ്ങളുടെ വീട്



പൂക്കളെക്കുറിച്ച് ചോദിച്ചു നോക്കൂ
കുട്ടികൾ കലപില കൂട്ടി പറയും
പൂമ്പാറ്റകളെക്കുറിച്ച് ചോദിക്കൂ
കുട്ടികൾ പറഞ്ഞു തോരുകയില്ല
കാഴ്ചയുടെ പൂരം ഒരുക്കി വന്നണയുന്ന
നക്ഷത്രങ്ങളെക്കുറിച്ച് ചോദിച്ചു നോക്കൂ
കുട്ടികൾ തോരാതെ പെയ്യും
കുട്ടികൾ കെട്ടുന്ന വീട്ടിൽ
ഇവയൊക്കെയാണുണ്ടാവുക

നമ്മളവരെ നാട്ടുനടപ്പും ആചാരമര്യാദകളും
പഠിപ്പിക്കും
നാക്കു വടിച്ച്
കണ്ണുകൾ കഴുകിയുണക്കി
അവരിലെ ഉത്സവത്തെ കളയും

അവർ നമ്മെപ്പോലാവും
നല്ല കുട്ടികളാവും
അഥവാ
കുട്ടികളല്ലാതാവും

പിന്നാരെ കാണാനാണ്
രാക്കടൽനീന്തി
സൂര്യൻ ഉദിക്കുക?



രാവുണ്ണി



കവിത

# മാറ്റിവെക്കുന്ന കവിതകൾ



സന്ധ്യ ഇ

പിന്നീടെഴുതാമെന്നു മാറ്റിവെച്ച
ഒരു കവിതയുമുള്ളിലിട്ടുറങ്ങാൻ പോയി
ഉറക്കത്തിൽ ഇരുട്ടും വെളിച്ചവും
ഇടകലർന്ന വഴികളിൽ
പാതിരാപ്പൂക്കൾ നൃത്തമാടി
രാക്കിളികൾ സ്വപ്നത്തെക്കുറിച്ചുള്ള
പാട്ടുകൾ പാടി
കിനാവള്ളികൾ
താഴോട്ടിറങ്ങി വന്ന് ഊഞ്ഞാലായി
കയറി വരു എന്ന് ക്ഷണിച്ചു
എന്തൊരു ധൈര്യം, ആത്മവിശ്വാസം
എന്തൊരുന്മാദം, ലഹരി !
നിലാവിന്റെ ചാറ് കൈക്കുമ്പിളിൽ
കോരിക്കുടിച്ചു
ഒരു കൊള്ളിയാൻ കവിതയിൽ ചേർക്കേണ്ട
രണ്ടുമൂന്നു വരികൾ ധൃതിയിൽ
എഴുതിത്തന്നിട്ട് മാഞ്ഞുപോയി
എനിക്കു മുമ്പേയുള്ളവർ എഴുതിയ കവിതകൾ
നക്ഷത്രങ്ങൾ പാടിത്തന്നു
ഒന്നിൽ നിന്ന് അടുത്തതിലേക്കു
ചുവടുവെക്കുമ്പോൾ
ഒരു സുഷിരവാദ്യം പുറപ്പെടുവിക്കുന്ന
സ്വരങ്ങൾ പോലെയായിരുന്നു അത്
മേഘങ്ങൾ ഇഴയടർത്തിമാറ്റി
ഒരു വിമാനം മറ്റൊരു രാപ്പക്ഷിയുടെ
ചിറകിൽ ചിറകു ചേർത്ത് പറന്നു പോയി
പല വർണ്ണ റിബണുകൾ ചേർത്ത് അതിന്റെ
തൂവലുകൾ അലങ്കരിച്ചിരുന്നു
കാരണമില്ലാത്ത സന്തോഷം
മുഖത്തും മുടിയിഴകളിലും വന്നുമ്മ
വെച്ചു കൊണ്ടിരിക്കേ
ഞാൻ എഴുതാമെന്നു വിചാരിച്ച വരികൾ
മുഴുവൻ മറന്നുപോയി
സാരമില്ല
ഇനിയത് എഴുതിയില്ലെങ്കിലും എന്താണ് !

# വീട്



ഹാജറ കെ.എം.

ആശുപത്രിക്കിടക്കയിൽ
ഇത്തിരി നേരം കിടക്കുമ്പോഴേയ്ക്കും
ഒന്നെഴുന്നേറ്റോടാൻ വെമ്പിയിട്ടെന്നോണം
അവൾ
പതുക്കെ തല ചെരിച്ചു.

സാവധാനത്തിൽ
മാത്രം ഇറ്റിവീ ഴുന്ന
മരുന്നു തുള്ളിയെ അക്ഷമയോടെ നോക്കി.

അലങ്കോലമായിക്കിടക്കുന്ന മുറികളും
മക്കളെഴുന്നേറ്റുപോയ വിരിപ്പുകളും
കഴുകാൻ കാത്തു കിടക്കുന്ന പാത്രങ്ങളും
തിണ്ണയിൽ തളർന്നു നിൽക്കുന്ന പാൽക്കുപ്പിയും

ചേച്ചിയേ ഒന്നു വേം വരിൻ പിടയ്ക്കണ മീനുണ്ട്
എന്ന മീൻ കാരന്റെ തിരക്കും
അവളുടെയുള്ളിൽ അസ്വസ്ഥത നിറച്ചു

അടുത്തിരുന്നു അതിലേറെ അക്ഷമയോടെ
അവളെയും മരുന്നു ട്യൂബിനെയും മാറി മാറി
നോക്കി മൊബൈൽ ഫോണിലേക്ക്
പല്ലുകൾ ഞെരിക്കുന്ന
ഭർത്താവിനെ നേരിടാനാവാതെ
അവൾ കണ്ണുകൾ പിൻവലിച്ചു....

ഒന്നും തിന്നേയില്ല
കുടിക്കേ യില്ല
ഓരോന്നു വരുത്തി വച്ചോളും
മനുഷ്യനെ മെനക്കെടുത്താനായിട്ട്
എന്തെല്ലാം കാര്യങ്ങളാ മുടങ്ങിയത്


അയാളുടെവാക്കുകളിൽവെന്തുരുകി
മഹാപരാധിയെപ്പോലെയവൾ
മിഴികളടച്ചു

ഒരു ദിവസത്തിലെ ചില
മണിക്കൂറുകൾപോലും
എല്ലാവരിലും കണക്കുകൾ
നിറയ്ക്കുന്നു എന്നവളറിഞ്ഞു

ചിന്തകളിൽ വീടുമാത്രം
നിറഞ്ഞു കവിഞ്ഞപ്പോൾ
പൊള്ളിയിട്ടെന്നോണം അവൾ
കിടക്കയിൽ നിന്നെഴുന്നേറ്റു

ജനൽ വഴി പതിഞ്ഞെത്തിയ
ഒരു തണുത്ത കാറ്റിനൊപ്പം
അവൾ പതുക്കെ പുറത്തേയ്ക്കിറങ്ങി

വഴിയിൽ കണ്ട ആരോടോ അവൾ
നിസ്സഹായ തയോടെ പറഞ്ഞു
ഇല്ല
വരുമ്പോൾ
ഞാൻ വീടെടുത്തിട്ടില്ല



# തിരക്കഥയിൽ ഇല്ലാത്തത്



സുരേന്ദ്രൻ മങ്ങാട്ട്



**പു**റത്തു പെയ്യുന്ന മഴയുടെ ശബ്ദത്തെ മറികടന്ന് കോളിംഗ് ബെൽ മുഴങ്ങിയപ്പോൾ വായിച്ചു കൊണ്ടിരുന്ന പുസ്തകത്തിൽ നിന്നും മാഷ് തലയുയർത്തി.

യുവാൽ നോഹ ഹരാരിയുടെ 21 Lesosns for the 21st century യെന്ന മനുഷ്യനിലെ ജന്മസിദ്ധമായ ബോധ്യങ്ങളെക്കുറിച്ചുള്ള വിശാല ചിന്തകളിലേക്കു കൂട്ടിക്കൊണ്ടുപോകുന്ന പുസ്തകത്തിലൂടെ മൂന്നു നാല് ദിവസങ്ങളായി സഞ്ചാരത്തിലായിരുന്നു മാഷ്.

നാലഞ്ചു മാസം മുമ്പ് ഭാര്യ മകളോടൊപ്പം ബാംഗ്ലൂർക്ക് പോയപ്പോൾ മാഷ് വീട്ടിൽ തനിച്ചായി. എന്നാൽ കഴിഞ്ഞ കുറെയാഴ്ചകളായി മാഷ് തുടർച്ചയായി എഴുത്തുപണിയുടെ തിരക്കിലുമായിരുന്നു. അധ്യാപന ജോലിയിൽ നിന്നും റിട്ടയർ ചെയ്ത് ഒരു വർഷമായി വീട്ടിൽ ഇരിക്കുകയാണെങ്കിലും സിനിമാ സംവിധായകനായ തന്റെ ശിഷ്യൻ പമ്പാവാസന്റെ നിർബന്ധത്താലാണ് സ്വന്തം കഥയിൽ നിന്നും തിരക്കഥ രചിക്കുന്ന യത്നത്തിലേക്ക് കടന്നത്. പണ്ടത്തെപ്പോലെ കൈകൊണ്ടുള്ള എഴുത്തിന് വേഗതയില്ലെന്ന് ബോധ്യപ്പെട്ടാണ് മാഷ് സഹായത്തിന് ആരെങ്കിലും കിട്ടുമോ എന്ന് ശിഷ്യനോട് ചോദിച്ചത്. ചെയ്യാൻ പോകുന്ന സിനിമയുടെ സഹസംവിധായകനാകാൻ പോകുന്ന ത്രില്ലിലാണ് സജൻ തിരക്കഥയുടെ പകർത്തിയെഴുത്തും തിരുത്തലിനുമായി എത്തിയത്. അങ്ങനെ കുറച്ചു നാൾ മാഷിന്റെ വീട്ടിലെ സ്ഥിരസന്ദർശകനായി സജൻ. കഴിഞ്ഞയാഴ്ച ഏകദേശം പൂർണമായ തിരക്കഥയുമായി ഡിടിപി എടുത്ത് വരാമെന്നും പറഞ്ഞ് പോയതാണ്, പിന്നെ വിവരമൊന്നുമില്ല. വീണ്ടും കോളിംഗ് ശബ്ദിച്ചു .

മാഷ് വാതിൽ തുറന്നു.

പുറത്ത് മഴ നനഞ്ഞ് യുവാവ് നിൽക്കുന്നു.

‘ ഉള്ളിലേക്ക് വാ....ആകെ നനഞ്ഞിട്ടുണ്ടല്ലോ. സജൻ സ്കൂട്ടറിലല്ലേ വന്നത്..?

‘ അല്ല.ബസ്സിറങ്ങി നടന്നു...”

മാഷ് അകത്തുനിന്നും തോർത്തെടുത്തു കൊണ്ടുവന്നപ്പോൾ സെറ്റിയിൽ ഇരിക്കുകയായിരുന്നു സജൻ . അയാൾ തലതുവർത്തി കൊണ്ടിരിക്കെ മാഷ് ചിന്തിച്ചത് മറ്റൊന്നായിരുന്നു.

സാധാരണ കാണാറുള്ള പ്രസന്നത യുവാവിന്റെ മുഖത്തില്ല. ഡിടിപി ചെയ്തു കൊണ്ടുവരാമെന്ന് പറഞ്ഞ തിരക്കഥയുള്ള കവറും കയ്യിലില്ല. ഇനി അതെങ്ങാനും നഷ്ടപ്പെട്ടുവോ എന്നുള്ള ആധിയിൽ മാഷ് ചോദിച്ചു.

‘ ഡി ടി പി വർക്ക് കഴിഞ്ഞ് സ്ക്രിപ്റ്റ് കിട്ടിയില്ലെ...‘

‘ഉവ്വ് മാഷേ.. വീട്ടിലിരിക്കുന്നുണ്ട് . മൂന്നു ദിവസായിട്ട് ആകെ തിരക്ക്, മോന്റെ തൊണ്ണൂറിന് അവരെ കൂട്ടി കൊണ്ടു വരലും ചടങ്ങും ഒക്കെയായി തിരക്കായി.‘

‘ നിനക്ക് കമ്പ്യൂട്ടറിൽ നേരെ ചെയ്യാമായിരുന്നെങ്കിൽ ഇവിടെ വച്ച് തന്നെ ചെയ്ത് പെൻ ഡ്രൈവിൽ കൊണ്ടുപോയി കോപ്പിയെടുത്താൽ മതിയായിരുന്നു ‘

സജൻ അതുകേട്ട് വെളുക്കനെ ചിരിച്ചു.

‘ ഞാനിപ്പോ മാഷുടെ അടുത്ത് വന്നത് മറ്റൊരു പ്രശ്നവുമായിട്ടാണ്..‘

മാഷ് സെറ്റിയിലിരിക്കുന്ന അവന് അഭിമുഖമായി കസേര വലിച്ചിട്ട് ഇരുന്നു.

‘ സെൻട്രൽ പോലീസ് സ്റ്റേഷനിൽ നിന്നും എസ്. ഐ വിളിപ്പിച്ചിട്ടുണ്ട്. എന്താ സംഭവം എന്ന് അറിയില്ല എന്റെ സ്കൂട്ടറു

മായി ഇന്ന് ഉച്ചയ്ക്ക് വരാനാണ് പറഞ്ഞത്.'

'അതാണോത്ര വല്യ സംഗതി. പോയി കാണണം. '

' പക്ഷേ, മൂന്നു ദിവസമായി വർക്ക് ഷോപ്പിലാ.. നാളെ കിട്ടും. അതില്ലാതെ പോയാൽ....'

മാഷ് സൗമ്യമായി ചിരിച്ചു.

' അതങ്ങ് പറഞ്ഞാൽ മതിയല്ലോ...'

സജൻ സെറ്റിയിലിരുന്ന് മുന്നോട്ട് നിരങ്ങി.

' മാഷ് സഹായിക്കണം. ഒന്നു സ്റ്റേഷനിൽ വിളിച്ച് ഇന്നേക്ക് പകരം നാളെക്ക് മാറ്റാൻ പറ്റുമോയെന്ന് ചോദിച്ചാൽ നന്നായി. അപ്പോളെനിക്ക് വണ്ടിയുമായി പോകാലോ...'

മാഷ് ഒന്നു ശങ്കിച്ചു.

പോലീസിൽ പരിചയമുള്ളവരൊക്കെയുണ്ട്. താൻ പഠിപ്പിച്ച ചിലരൊക്കെ പോലീസുകാരായി കണ്ടിട്ടുണ്ട്. എന്നാലും ഇതുവരെ ഒരു കാര്യത്തിനും അങ്ങോട്ട് വിളിക്കേണ്ടി വന്നിട്ടില്ല. ഇതിപ്പോൾ കാര്യമെന്താണെന്നു പോലും അറിയാതെ.....മാത്രമല്ല ഇവിടുത്തെ .

'സ്റ്റേഷനിലേക്ക് വിളിക്കണ്ട മാഷേ, എന്നെ വിളിച്ച എസ്.ഐ.യുടെ നമ്പർ ഉണ്ട്. ആളെയൊന്ന് വിളിച്ചു പറഞ്ഞാൽ....'

സജന്റെ നോട്ടം ദയനീയമായി.

മാഷ് തന്റെ മൊബൈൽ ഫോണെടുത്ത് എസ്.ഐ.യുടെ നമ്പർ ടൈപ്പ് ചെയ്ത്, വിളിച്ചു.

അൽപ്പനേരത്തെ സംഭാഷണമവസാനിച്ചപ്പോൾ മാഷ് സന്തോഷവാനായി കാണപ്പെട്ടു.

'സന്ദീപിന്റെ അമ്മ ടീച്ചറാണ്. പനങ്ങാട് സ്കൂളിൽ എന്റെ കൂടെ മൂന്നു വർഷമുണ്ടായിരുന്നു. അവരിപ്പോഴും സർവ്വീസിലുണ്ട്. നിന്റെ കാര്യം പറഞ്ഞപ്പോൾ തന്നെ എസ്.ഐ.യ്ക്ക് കാര്യം മനസ്സിലായി.

നാളെ രാവിലെ ചെല്ലണം. അവർക്കെന്തോ വെരിഫൈ ചെയ്യാനാണ്. '

സജൻ സന്തോഷവാനായി . 'മാഷൊരു ദിവസം വീട്ടിലേക്ക് വരൂട്ടോ, ജിനുവിനേയും മോനെയും കാണാം. പേരിടലിന് വിളിക്കാഞ്ഞത്, വളരെ ചുരുക്കത്തിലാ ചടങ്ങ് നടത്തീത്..'

മാഷ് ചിരിച്ചു.

' അതു സാരല്യ...

മഴ തോർന്നു. നാളെ സ്റ്റേഷനിൽ പോയി വരുമ്പോ സ്ക്രിപ്റ്റ് കൊണ്ടു വാ... എന്നിട്ടു വേണം പമ്പന് കൊടുക്കാൻ...'

പിറ്റേദിവസം സജൻ വരുമെന്ന് മാഷ് പ്രതീക്ഷിച്ചെങ്കിലും

എത്തിയില്ല. പിന്നെയും രണ്ടു ദിവസം കഴിഞ്ഞാണ് യുവാവിന്റെ

ആഗമനം ....

തലമുടി പറ്റെ വെട്ടി, ക്ലീൻ ഷേവ് ചെയ്ത ആ മുഖത്ത് വിട്ടൊഴിയാത്ത ആശങ്കകളുടെ കാർമേഘക്കൂട്ട്.

സജന്റെ കൈകൾ ശൂന്യമായിരുന്നു.

' സ്ക്രിപ്റ്റ് കൊണ്ടുവന്നില്ലെ..'

മാഷ് ഗൗരവത്തിലാണ് ചോദിച്ചത്.

' മാഷേ, ഡിടിപിയിൽ ചെറിയ തെറ്റുകൾ ഉണ്ടായിരുന്നു. അതു തിരുത്താൻ ഇന്നലെ കൊടുത്തെയുള്ളൂ '

' അതൊട്ടും ശര്യായില്ല. '

മാഷ് തികട്ടി വന്ന അതൃപ്തി ഒറ്റവാക്കിലൊതുക്കി.

' ഇന്നു വൈകീട്ട് ഞാനതു വാങ്ങി നാളെ തന്നെ എത്തിക്കാം...'

മാഷ് ഒന്നു മൂളുക മാത്രം ചെയ്തു. തനിക്ക് ഇഷ്ടപ്പെട്ട വായന പോലും മാറ്റിവെച്ച്, മാസങ്ങളായി എഴുത്തിനു പുറകിലാണ്. താനെടുക്കുന്ന അദ്ധ്വാനത്തെ കുറിച്ച് ഇവനൊട്ടും ബോധ്യം വരുന്നില്ലല്ലോ എന്നുള്ള വൈഷമ്യം ആ മുഖത്ത് തെളിഞ്ഞു.

'മാഷേ, കഴിഞ്ഞദിവസം സ്റ്റേഷനിൽ സ്കൂട്ടറും കൊണ്ട് പോയിരുന്നു. വണ്ടി പരിശോധിച്ചു, എന്നോട് കുറെ കാര്യങ്ങൾ ചോദിച്ചു. കഴിഞ്ഞയാഴ്ച എവിടെയൊക്കെ പോയി, എന്തൊക്കെ ചെയ്തു എന്നൊക്കെ ' ചോദിച്ചു, പിന്നെ വിട്ടു.......'

ഇനിയിപ്പോ പ്രശ്നം തീർന്നില്ലെയെന്ന് ചോദിച്ച് മാഷ് കസേരയിലിരുന്നപ്പോൾ അവൻ നിന്നതേയുള്ളൂ.

'ഇല്ല, മാഷേ... വീണ്ടും ചെല്ലാൻ പറഞ്ഞു വിളിച്ചിട്ടുണ്ട്....'

മാഷ് ചിന്താധീനനായി.

'എന്താ പ്രശ്നമെന്ന് പറഞ്ഞില്ലെ ...."

സജൻ സംസാരിക്കാൻ തുടങ്ങി,

'കഴിഞ്ഞ ദിവസം ചെല്ലാൻ പറഞ്ഞപ്പോൾ ആദ്യം സുഹൃത്തിന്റെ സ്കൂട്ടർ വാങ്ങി അതിലാണ് പോയത്. എന്റെ സ്കൂട്ടർ ഭാര്യ ജിനുവിന്റെ പേരിലുള്ളതാണല്ലോ. ഇനി അതൊരു പ്രശ്നമാകണ്ടയെന്ന് ആദ്യം കരുതി. പിന്നെ സ്ഥിരമായി ഓടിക്കാറുള്ള സ്കൂട്ടർ തന്നെ കാണണമെന്ന് നിർബന്ധം പറഞ്ഞപ്പോൾ ഞാൻ ഇന്നലെ ജിനുവിന്റെ സ്കൂട്ടറുമായി

പോയിരുന്നു. ഇപ്പോൾ അതൊന്നുമല്ല പ്രശ്നം...."

സജൻ വായിൽ വരൾച്ചയനുഭവിക്കുന്നതുപോലെ, കുഴങ്ങുന്നതായി തോന്നി.

' പത്ത് പന്ത്രണ്ട് ദിവസം മുമ്പുള്ള ഒരു മാല പൊട്ടിക്കൽ കേസുമായി ബന്ധപ്പെട്ടാണത്രെ സ്കൂട്ടറുമായി വരാൻ പറഞ്ഞത്.

സ്കൂട്ടർ കുറച്ചു ദിവസമായി വർക്ക് ഷോപ്പിലാണ് എന്നൊക്കെ ഞാൻ പറഞ്ഞിരുന്നു.

സജൻ വാക്കുകൾ കിട്ടാതെ വിഷമിച്ചു.

' അതവർക്ക് തെറ്റിയതായിരിക്കും നീ പോയി കാര്യങ്ങൾ വ്യക്തമായി പറയൂ '

മാഷേ അവര് പറയുന്നത് അനുസരിച്ചാണെങ്കിൽ ആ സമയത്ത് ഞാനിവിടെ മാഷ്ടെ വീട്ടിൽ തിരക്കഥ വർക്കിന് വന്നിരുന്ന ദിവസമാണ് ... ' യുവാവ് എന്താണ് പറഞ്ഞുവരുന്നത് എന്നറിയാതെ മാഷ് ആശങ്കപ്പെട്ടു. പതിയെ സജന്റെ ആവശ്യം വെളിപ്പെട്ടു. വീണ്ടും ഓഫീസറെ വിളിക്കണം. കാര്യങ്ങൾ സജന്റെ ഭാഗത്ത് നിന്ന് ധരിപ്പിക്കണം. തിരക്കഥ രചനക്ക് കഴിഞ്ഞയാഴ്ച വരെ പകൽ മുഴുവൻ കൂടെയുണ്ടായിരുന്നതായി പറയണം.

ഇക്കാര്യങ്ങളെല്ലാം ധൈര്യമായി പറയാൻ കഴിയുന്നില്ലായെന്നതാണ് സജന്റെ വിഷയം. മാഷ് എസ്.ഐ.യെ മൊബൈൽ ഫോണിൽ വിളിച്ചു.

സജനോട് കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കുന്നതിനു വേണ്ടിയാണ് വിളിപ്പിക്കുന്നതെന്ന സന്ദീപിന്റെ മറുപടി പിരിമുറുക്കത്തെ ഇല്ലാതാക്കി.

മാഷ് മെല്ലെ ചിരിച്ചു.

' നീ സത്യസന്ധമായി കാര്യങ്ങൾ അവതരിപ്പിക്കുക. ഒരു കേസ് ഉണ്ടാകുമ്പോൾ അതിന്റെ എല്ലാ വശങ്ങളും പരിശോധിക്കുന്നത് പോലീസിന്റെ ഉത്തരവാദിത്തമാണ്.

സജൻ ചിരിക്കാൻ ശ്രമിച്ചു. സ്റ്റേഷനിൽ പോയിട്ട് വരാമെന്ന് പറഞ്ഞ് യുവാവ് മടങ്ങുമ്പോൾ തിരക്കഥയുടെ ഡിടിപി ബൈൻഡ് ചെയ്തു കൊണ്ടുവരാൻ മറക്കരുതെന്ന് മാഷ് ഓർമ്മിപ്പിച്ചു.

അന്ന് വൈകീട്ടും ശക്തമായി മഴപെയ്തു.

പിറ്റേന്ന് വൈകുന്നേരമായിട്ടും സജനെ കാണാതായപ്പോൾ മാഷ് ശിഷ്യൻ സംവിധായകനെ വിളിച്ചു. സജൻ കുറച്ചുദിവസമായി തന്നെയും ബന്ധപ്പെടാറില്ലെന്ന് പമ്പാവാസൻ അറിയിച്ചു. മാഷേ കൂടുതൽ അസ്വസ്ഥനായി തന്റെ തിരക്കഥ അവന്റെ കൈയിൽനിന്ന് നഷ്ടപ്പെട്ടു കാണുമോ...?

തിരക്കഥയിലെ രംഗങ്ങളിൽ ഗുണപരമായ കുറെ തിരുത്തലുകൾ വരുത്താൻ സഹായിച്ചിട്ടുള്ളതാണ് സജൻ. തന്നെക്കാൾ കൂടുതൽ സിനിമയെക്കുറിച്ച് അറിവുള്ള വ്യക്തിയാണെന്നതിൽ സംശയമില്ല. അവനും ഒരു ധാർമ്മികത കാണില്ലേ ......? അന്ന് രാത്രി സത്യത്തിൽ മാഷ് ഉറങ്ങിയില്ലെന്ന് തന്നെ പറയാം . എന്നാൽ അതിരാവിലെ മാഷ് മുറ്റത്തേക്ക് പ്രഭാതസവാരിക്കായി ഇറങ്ങുമ്പോൾ പടികടന്ന് സജൻ വരുന്നതു കണ്ടു.

' ഇന്നലെ വരാമെന്ന് പറഞ്ഞ് എന്തേ കണ്ടില്ല.... സ്കൂട്ടർ എവിടെ പോയി....?'

വരാന്തയിലേക്ക് കയറി, കസേരയിലിരിക്കുന്നതിനിടയ്ക്ക് മാഷിന്റെ ചോദ്യങ്ങൾ ഉത്തരമില്ലാതെ വായുവിൽ അലിഞ്ഞു.

വരാന്തയിൽ തൂണിനോട് ചേർന്ന് നിലത്ത് കുഴഞ്ഞു വീഴുന്നതുപ്പോല സജൻ നിലത്തിരുന്നു.

'മാഷേ, ഞാൻ ചതിക്കപ്പെട്ട പ്പോലെയായി...."

ഒരു കരച്ചിലിനോട് സമാനമായിരുന്നു അവന്റെ ശബ്ദം .

'എന്തു പറ്റി...'.

സ്കൂട്ടർ ഇന്നലെ പോലീസ് പിടിച്ചു വെച്ചു.മൊബൈൽ ഫോണും വാങ്ങിയിട്ട് തന്നില്ല. ഇന്നു തരാന്നാ പറയുന്നേ....'

പിന്നെയും എന്തൊക്കെയോ പറയാനുള്ള വ്യഗ്രത അവനിലുണ്ടായി.

മാഷ് അവനെത്തന്നെ നോക്കിയിരിക്കുകയായിരുന്നു. കുറച്ചുദിവസങ്ങൾ കൊണ്ട് അവന് ഉണ്ടായ മാറ്റങ്ങൾ. കുറ്റിത്തല മുടിയിലും ക്ഷീണിച്ചു കരിവാളിച്ച കൺത്തടങ്ങളും അവന്റെ രൂപം തന്നെ മാറിയതുപോലെ.

' സാറന്മാര് പറഞ്ഞ തിയ്യതിവച്ചു നോ



ക്കിയാണെങ്കിൽ, ഈ സ്കൂട്ടർ ഞാനെന്റെ ഒരു സുഹൃത്തിന് അന്ന് വൈകീട്ട് കൊടുത്തിരുന്നു. ഒന്നൊന്നര മണിക്കൂറ് കഴിഞ്ഞ് തിരിച്ചു തരികയും ചെയ്തു. ഈ പറഞ്ഞ മാല മോഷണം നടന്ന ഏരിയായിലായിരിക്കണം സ്കൂട്ടറും കൊണ്ട് അവൻ പോയതെന്ന് തോന്നുന്നു. പക്ഷേ ഞാൻ പെട്ടു. '

സജന്റെ കണ്ണുകൾ നിറഞ്ഞു.

മാഷും വിഷമത്തിലായി.

'നിന്റെയാ സുഹൃത്ത് ഏതാണ്...."

' അന്ന് ഇവിടെ നിന്നും പോകുമ്പോൾ ടൗണിൽ പമ്പിൽ വച്ച് കണ്ടതാ . അവൻ ചെന്നൈയിലാണ് താമസം. ആരെയോ കാണാൻ വണ്ടിയൊന്നു തരാമോ എന്ന് ചോദിച്ചു ഞാൻ കൊടുത്തു പെട്ടെന്ന് വരാമെന്ന് പറഞ്ഞു പിന്നീട് വണ്ടി തന്ന് കുറച്ചു നേരം സംസാരിച്ചിട്ട് പോയി.....'

'അവനെ വിളിച്ചുവരുത്തിയാൽ മതിയില്ലേ...."

മാഷ് പ്രശ്നപരിഹാരത്തിനായി

ഗഹനമായ ചിന്തകളിലാണ്.

'എന്റെ സ്കൂൾ സുഹൃത്താണ്. സത്യത്തിൽ അവന്റെ പേര് ഓർമ്മയില്ല. അതാണ് കുടുങ്ങിയത്... ഇനി..'

സജൻ ഒന്നു നിർത്തി മാഷിന്റെ മുഖത്തേക്ക് നോക്കി .

'ആ റോഡിൽ എവിടെയെങ്കിലും സിസിടിവി ക്യാമറ ഉണ്ടെങ്കിൽ രക്ഷപ്പെട്ടു. അല്ലെങ്കിൽ അവരെന്നെ കുറ്റക്കാരനാക്കും. '

സജന്റെ വാക്കുകൾ തേങ്ങിപ്പോയി.

' വെറുതെ ആരെയും കള്ളനാക്കില്ല.

നീ ഭയപ്പെടേണ്ട...'

മാഷ് അവനെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു .

' മാഷ് ഒരു ഉപകാരം കൂടി ചെയ്യാമോ ഇന്ന് പത്ത് മണിക്ക് ചെല്ലാൻ പറഞ്ഞിട്ടുണ്ട്. കളവ് നടന്നു എന്നു പറയുന്ന സ്ഥലത്തെ ഏതേലും സിസിടിവി ക്യാമറകൾ പരിശോധിക്കാൻ പറയാമോ, ഞാൻ പറഞ്ഞാൽ, അടി കിട്ടുമോ എന്ന് എനിക്ക് പേടിയുണ്ട് ....."

മാഷ് സ്വസ്ഥത നഷ്ടപ്പെട്ടവനെപ്പോലെ ഇരുന്നിടത്തുനിന്ന് എഴുന്നേറ്റ് മുറ്റത്ത് നടക്കാൻ തുടങ്ങി. ' ഇപ്പോൾ രാവിലെയായിട്ടല്ലെയുള്ളൂ. കുറച്ച് കഴിഞ്ഞ് ഞാൻ വിളിച്ചോളാം. നീ എന്തായാലും സ്റ്റേഷനിലേക്ക് ചെല്ല്....'

സജൻ അർദ്ധമനസ്സോടെ എഴുന്നേറ്റ് മുറ്റം കടക്കുന്നതിനിടയിൽ ശബ്ദം താഴ്ത്തി പറഞ്ഞു.

' മാഷ് വിളിക്കാൻ മറക്കരുത്. ഒന്നും ചെയ്യല്ലേ എന്ന് പറയണം.'

മറുപടി കാത്തു നിൽക്കാതെ അൽപ്പദൂരം നടന്ന് സജൻ തിരിഞ്ഞുനിന്നു .

' സ്ക്രിപ്റ്റ് എല്ലാം കഴിഞ്ഞ് കയ്യിലുണ്ട് മാഷേ, ഞാനത് എത്തിക്കാം. '

മാഷ് നടത്തം നിർത്തി അവനെ നോക്കി, സജൻ കണ്ണുകൾ അമർത്തിത്തുടച്ച് പുറത്ത് റോഡിലേക്കിറങ്ങി പോയി.

രാവിലെ പത്രം നോക്കി മണിക്കൂറുകൾ തള്ളിനീക്കാൻ ശ്രമിച്ചെങ്കിലും നടന്നില്ല. കുറച്ച് സമയം കഴിഞ്ഞ് എസ്.ഐ.യെ വിളിച്ചു നോക്കിയെങ്കിലും അദ്ദേഹമെടുത്തില്ല. അതോടെ അകാരണമായ ഭീതിയിൽ മാഷ് വിയർക്കാൻ തുടങ്ങി. തെളിവുകൾ സൃഷ്ടിച്ചെടുത്ത് കുറ്റം സ്ഥാപിക്കപ്പെടുമോ അതോ.....

വിണ്ടും ശ്രമിച്ചപ്പോൾ മറുതലയ്ക്കൽ സന്ദീപിന്റെ പരിചിത ശബ്ദം.

സജൻ പറയുന്നതു കൂടി കേൾക്കണം. അത്ര പറയാനേ മാഷിന് ആദ്യം സാധിച്ചുള്ളൂ.

എൺപതു വയസ്സുള്ള വൃദ്ധയുടെ രണ്ടര പവൻ തൂക്കമുള്ള സ്വർണ്ണമാല അവരുടെ വീട്ടിൽ വെച്ചാണ് പൊട്ടിച്ചത്. വൈകീട്ട് അഞ്ചരയോടെയാണ് സംഭവമെങ്കിലും കവർന്നയാളെ അവർക്ക് വ്യക്തമായറിയാം.

ഓഫീസർ കഥ ചുരുക്കി പറഞ്ഞു.

ഇന്ന് വൃദ്ധ സ്റ്റേഷനിൽ വരുന്നുണ്ട്.

കൂടുതലൊന്നും പറഞ്ഞില്ല. തല്ലരുത്, എന്റെയറിവിൽ അവൻ പാവമാണ്.

സന്ദീപ് ഫോൺ വച്ചതാണോ കട്ട് ആയതാണോ എന്നറിയില്ല.രാവിലെ ഒരു ചായ മാത്രമാണ് കഴിച്ചത്.

ഉച്ചഭക്ഷണം മാഷ് തയ്യാറാക്കാൻ മറന്നുപോയി. ഉച്ച കഴിഞ്ഞ് പമ്പാവാസന്റെ വിളി വന്നു.

സജൻ പോലീസ് കസ്റ്റഡിയിലാണ്. സ്റ്റേഷനിൽ നിന്ന് വിളിച്ചുവത്രെ.

മാഷ് വരുന്നുണ്ടോ എന്ന ചോദ്യത്തിനുത്തരം കിട്ടിയില്ലെങ്കിലും വണ്ടി അയക്കാം എന്ന് പറഞ്ഞ് ശിഷ്യൻ സംഭാഷണമവസാനിപ്പിച്ചു.

സ്റ്റേഷൻ മുറ്റത്ത് മരത്തണലിൽ പമ്പാവാസനും ഒന്നുരണ്ടു പേരും സംസാരിച്ചു നിൽക്കുന്നുണ്ടായിരുന്നു. മാഷ് കാറിൽ നിന്നിറങ്ങി അവരുടെയടുത്തേക്ക് ചെന്നു.

സജനെ കണ്ടുവോ...?

ശബ്ദം താഴ്ത്തി ചോദിച്ചതിനു പമ്പൻ അതേ രീതിയിൽ മറുപടി നല്കി.

'ഉം..... തള്ള അവനെ തിരിച്ചറിഞ്ഞു. മുടി,താടി, മീശയെല്ലാം കളഞ്ഞതുകൊണ്ട്, അവരുടെ വിവരണവുമായിട്ട് ഒത്തുപോകാതെ പോലീസിനായിരുന്നു കൺഫ്യൂഷൻ'

മാഷിന് ശരീരം ചൂട് പിടിക്കുന്നതുപ്പോലെ തോന്നി.

' വീട്ടുകാരെ അറസ്റ്റ് കാര്യം അറിയിക്കണ്ടാന്ന് പറഞ്ഞ് എന്റെ നമ്പർ അവനാ കൊടുത്തത്. '

പമ്പാവാസൻനീളൻ തലമുടി ഒന്നു കോതിയിട്ട് തുടർന്നു.

'അവന്റെ കുഞ്ഞിന് പേരിടല് കഴിഞ്ഞ യാഴ്ചയിലായിരുന്നു.....'

സ്റ്റേഷൻ വരാന്തയിൽ നിന്ന ഒരു പോലീസുകാരൻ അവർക്ക് നേരെ കൈവീശി .

' മാഷ് ഉണ്ടോ ഇതില് ....'

മാഷ് തലയാട്ടി മുന്നോട്ട് ചെന്നു. എസ്.ഐ. ഓഫിസ് റൂമിലിരിപ്പുണ്ട്.

മാഷ് പരിചയഭാവത്തിൽ അഭിമുഖമായി ഇരുന്നു.

'മാഷ് ശബ്ദം കൊണ്ടറിയാമെങ്കിലും,ആദ്യായിട്ട് ആയിരിക്കും എന്നെ കാണുന്നത്,'

സന്ദീപ് പരിചയപ്പെടുത്തി.

പിന്നെ തിരക്കഥയിലെ സീനുകൾ എഴുതി ചേർക്കുന്ന പോലെയൊരു കഥാഖ്യാനം നടത്തി. മുതിർന്ന പൗരൻമാരെ പരിശോധിക്കാൻ

ബ്ലോക്കിൽ നിന്ന് വരുന്ന ഡോക്ടർ എന്ന വ്യാജേനയാണ് ഒറ്റയ്ക്ക് താമസിക്കുന്ന വൃദ്ധയുടെ വീട്ടിൽ സജനെത്തിയത്. വളരെ സ്നേഹത്തോടെ സംസാരിച്ച്, പരിശോധന നടത്തണമെന്ന് പറഞ്ഞ് സ്റ്റെതസ്കോപ്പ് കൊണ്ട് കഴുത്തിലും പുറത്തും വച്ചു നോക്കി, തഞ്ചത്തിൽ മാല പൊട്ടിച്ചു. പിന്നെ ധൃതിയിൽ പുറത്തുകടക്കുമ്പോൾ മാല പോയ വിവരം വൃദ്ധ അറിയുന്നത്. അവർ നിലവിളിച്ച് ആളുകളെത്തുമ്പോഴെക്കും യുവാവ് സ്കൂട്ടറിൽ രക്ഷപ്പെട്ടു. ഒപ്പം ഓടിയ ഒന്നുരണ്ടു പേർക്ക് വണ്ടിയറിയാം. പക്ഷേ ഹെൽമറ്റ് ഉള്ളതുകൊണ്ട് ആളെ തിരിച്ചറിഞ്ഞില്ല. കുറച്ചുചെന്ന് മെയിൻ റോഡിൽ വെച്ച് സ്കൂട്ടർ ഒന്നു വീണു.

വീണതും എഴുന്നേറ്റ് ഹെൽമറ്റ് വീണ്ടും ധരിക്കുന്നതും കണ്ട സാക്ഷികളുണ്ട്. സ്കൂട്ടർ വർക്ക് ഷോപ്പിൽ ചെറിയ പണികൾക്കും മിറർ പൊട്ടി പോയത് മാറ്റാനും കൊടുത്തിരുന്നു. സംഭവ സ്ഥലത്തിനടുത്ത് സി.സി.ടി.വി ക്യാമറകൾ ഇല്ലെങ്കിലും മൂന്നു കിലോമീറ്റർ മാറിയുള്ള സെന്ററിൽ കൃത്യത്തിനു മുമ്പും ശേഷവും യുവാവ് സ്കൂട്ടറിൽ പോകുന്നത് തിരിച്ചറിഞ്ഞ് കിട്ടിയിട്ടുണ്ട്.

എസ്.ഐ.യുടെ വിവരണത്തിൽ ഒന്നനങ്ങാൻ പോലുമാകാതെ തറഞ്ഞിരിക്കുകയായിരുന്നു മാഷ്.

'മറ്റൊരു

സ്കൂട്ടർ ആണ് ആദ്യ പരിശോധനക്ക് കൊണ്ടുവന്നത്.

സജന്റെ

രൂപമാറ്റത്തിൽ സാക്ഷികൾക്ക് സംശയമുണ്ടായി. പക്ഷേ വിക്കും രൂപവും ശബ്ദവും ഉറപ്പിച്ചു പറഞ്ഞു. മാല പണയം വെച്ച സ്ഥാപനത്തിൽ നിന്നും റിക്കവറി ചെയ്തു. '

സന്ദീപ് അല്പം ശബ്ദമുയർത്തി സജനെ കൊണ്ടുവരാൻ നിർദ്ദേശിച്ചു.

അല്പനിമിഷങ്ങൾ കഴിഞ്ഞ് സജനെ കൂട്ടി പോലീസുകാരൻ വന്നു.

മാഷ് യുവാവിനെ നോക്കി. സജന്റെ കണ്ണുകൾ നിറഞ്ഞിരുന്നു.

' മാഷ് ക്ഷമിക്കണം.

ഭാര്യയുടെ പ്രസവം, കുഞ്ഞിന്റെ ചരട് കെട്ട്, ഒരു വഴിയും കണ്ടില്ല. '

മാഷ് കസേരയിൽ നിന്നെഴുന്നേറ്റു.

' സ്ക്രിപ്റ്റ് വീട്ടിൽ സൂക്ഷിച്ചിട്ടുണ്ട്. മാഷ് പോയി വാങ്ങിച്ചോളൂ....'

സജൻ തലതാഴ്ത്തി.

' ഞാനിറങ്ങട്ടെ. ഇവന്റെ വീട്ടിലൊന്ന് പോകണം. എന്റെ തിരക്കഥയിവനെ ഏൽപ്പിച്ചിരുന്നതാണ്. '

മാഷ് യാത്ര പറഞ്ഞ്,പുറത്തേക്കിറങ്ങാൻ തുനിയവേ സന്ദീപ് സൗമ്യമായി പറഞ്ഞു.

'കഥ മെനയാനും തിരുത്താനും ആള് മിടുക്കനാണ്. '

മാഷ് നിശബ്ദനായി നടന്നു . ഈ രാത്രി പാതിയിൽ വായിച്ചു നിർത്തിയ പുസ്തകം തീർക്കണം.

യുവാൽ നോഹ ഹരാരിയിലൂടെ മനുഷ്യനിലെ ധാർമ്മികതയുടെ തുടക്കമെവിടെയെന്ന് തിരയണം.മൂല്യ ബോധങ്ങൾക്കൊപ്പം അധാർമ്മികതയും ഉയിരു കൊണ്ടിരിക്കാം, മനുഷ്യനും മതങ്ങൾക്കും മുമ്പെ, പരിണാമങ്ങൾക്കും മുമ്പെ, ജീവിവർഗ്ഗം ഉടലെടുക്കുമ്പോൾ തന്നെ...

●

# ഒരാൾ പ്രിയപ്പെട്ടതാകുന്നത്



ഒരാളിലേക്ക് എത്താൻ
പല വഴികളാണ്.
ഓർമ്മകളാണ്
എളുപ്പവഴികളാവുന്നത്.
കാറ്റിനേയും മഴയേയും
ചൂടിനെയും പ്രതിരോധിച്ച്
പൂച്ചെടി പൂവിടുന്നത് പോലെ .

മനസ് ഒപ്പുകടലാസു പോലെയാണ്.
കാണുന്ന കാഴ്ചകൾ
കൗതുകം സമ്മാനിച്ചവ
അതിസൂക്ഷ്മമായി പകർത്തി വച്ചിടും.

എത്ര വളർന്നാലും
മനസ്സിൽ നിന്നു മായാതെ
പച്ചകുത്തിയതു പോലെ
സൂക്ഷിച്ചിടുന്ന രേഖാ ചിത്രങ്ങൾ.

ചില വായനയിൽ
ചില വാക്കുകളിൽ കുടുങ്ങി
ഒരു വേള ,നിശ്ചലമാകുമ്പോൾ
ആ സാന്നിധ്യം നിനവിൽ വരും.
വാക്കുകളുടെ മഹാ സമ്മേളനങ്ങൾ
വരിവരിയായി നിരക്കുമനുഭവങ്ങൾ.

ചില യാത്രകളിൽ
പ്രകൃതിയൊരുക്കിയ കുളിർമകളിൽ
കണ്ണുകൾ കഥയെഴുതുമ്പോൾ
പശ്ചാത്തലമാക്കാനുള്ള മേമ്പൊടി -
കളുടെ അന്വേഷണം
എത്തുന്നതവിടെയായിരിക്കും.

ചില രുചിഭേദങ്ങളിൽ,
മണങ്ങളിൽ
ഇഷ്ടങ്ങളിൽ
അപര ചേതനയായി ചിലരുണ്ടാവും
അതാണ് ഒരാളെ പ്രിയപ്പെട്ടതാക്കുന്നത്.



ശ്രീജ വിജയൻ





# കാട്ടാളത്തവും യുദ്ധവും



ഫ്രാങ്കോ ലൂയിസ്

ഉത്തരേന്ത്യയിലെ പല നഗരങ്ങളിലും, പ്രത്യേകിച്ചു ക്ഷേത്ര നഗരങ്ങളിൽ സന്ദർശകരെ വരവേൽക്കുന്നതു 'ജയ് ശ്രീരാം' വിളികൾ മുഴക്കുന്ന 'ഭക്തജന' സംഘങ്ങളാണ്. ഭക്തിഭ്രാന്തില്ലാത്ത സന്ദർശകർക്ക് ഇവർ ആക്രോശങ്ങളും ഭീഷണികളും ഉയർത്തുന്ന കാട്ടാളസംഘങ്ങളാണ്. സന്ദർശകരെ ഭീഷണിപ്പെടുത്തി 'ജയ് ശ്രീരാം' വിളിപ്പിക്കുന്ന സംഘങ്ങൾ.

ഉത്തർപ്രദേശിലെ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മണ്ഡലമായ വാരണാസിയിലും അയോധ്യയിലുമെല്ലാം ഇത്തരം കാട്ടാള സംഘങ്ങളെ കാണാം. ഇക്കൂട്ടരെ വളർത്തുന്നതും നിയന്ത്രിക്കുന്നതും അവിടം ഭരിക്കുന്ന ഉന്നതകുലജാതരും അവരുടെ കങ്കാണികളായ കപട സ്വാമിമാരുമാണ്. ഉത്തർപ്രദേശ് ഭരിക്കുന്ന ഗർവാലി രജ്പുത്, ബ്രാഹമണ കുടുംബങ്ങളുടെ അടിമകളാണ് വിവരവും വിവേകവും വിദ്യാഭ്യാസവുമില്ലാത്ത ഇവരെല്ലാം.

ഉന്നതകുല കുടുംബങ്ങൾ ന്യൂനപക്ഷമാണെങ്കിലും അവരുടെ കൈകളിലാണ് അധികാരം. അധികാര ബലവും പണക്കൊഴുപ്പും ജാതിക്കരുത്തവും പ്രയോഗിച്ച് കീഴാളരെയെല്ലാം ആജ്ഞാനുവർത്തികളാക്കിയതു പുതിയ സംഭവമല്ല, നൂറ്റാണ്ടുകളുടെ ചരിത്രമാണ്. എന്നാൽ കീഴാളർ അവസരം കിട്ടിയിൽ തിരിച്ചടിക്കും. പണി പൂർത്തിയാകുംമുമ്പേ രാമക്ഷേത്രം ആർഭാടപൂർവം പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തിട്ടും ബിജെപിയെ കെട്ടുകെട്ടിച്ചവരാണ് അയോധ്യ ഉൾപെടുന്ന ഫൈസാബാദ് ലോക്സഭാ മണ്ഡലത്തിലെ ജനങ്ങൾ. സമാജ് വാദി പാർട്ടിയുടെ അവദേശ് പ്രസാദ് അമ്പത്തയ്യായിരം വോട്ടിന്റെ ഭൂരിപക്ഷത്തോടെയാണ് ഇവിടെ ജയിച്ചത്.

തങ്ങളുടെ പ്രദേശം മാന്യമായ സാംസ്കാരിക നിലവാരത്തിലേക്ക് ഉയർന്നാൽ തങ്ങളുടെ ജാതി മേൽക്കോയ്മയും ജന്മിമാടമ്പിത്തരങ്ങളും ചൂഷണവും ചോദ്യം ചെയ്യപ്പെടുമെന്നതിനാലാണ് കാട്ടാളസംഘങ്ങളെ അവർ പാലൂട്ടി വളർത്തുന്നത്. കീഴാളരും അടിമകളും അറിവു നേടിയാൽ കൂലി ചോദിക്കും, മനുഷ്യാവകാശങ്ങൾക്കായി വാദിക്കും, മാടമ്പിത്തരത്തെ ചോദ്യം ചെയ്യും. അത് അനുവദിക്കാനാവില്ല. അതുകൊണ്ടാണ് ഇവിടങ്ങളിൽ വിദ്യാഭ്യാസവും ആതുരസേവനവും മനുഷ്യത്വവുമായി വരുന്നവരെ ഇത്തരം കാട്ടാളസംഘങ്ങളെക്കൊണ്ടു 'ജയ് ശ്രീരാം' ആക്രോശങ്ങളുമായി ആട്ടിയോടിക്കുന്നത്. പിന്നാക്ക ജാതിക്കാർക്കു വിദ്യാഭ്യാസവും ചികിൽസയും മനുഷ്യസ്നേഹവും നൽകുന്നതിൽ എന്നും മുന്നിൽ നിന്നിട്ടുള്ള കന്യാസ്ത്രീകളും വൈദികരും അടക്കമുള്ളവരെ നുണയാരോപണങ്ങൾ ചുമത്തി വേട്ടയാടുന്നതിനു പിറകിലെ രഹസ്യം മറ്റൊന്നുമല്ല.

സവർണമാടമ്പികളുടെ ജാതിപ്പടകളാണ് ഉ

ത്തരേന്ത്യയിലെ പല പ്രദേശങ്ങളേയും അടക്കി വാഴുന്നത്. ബജ്രംഗ്ദൾ അടക്കമുള്ള സംഘപരിവാർ സംഘങ്ങൾ. അവർക്കു സംരക്ഷണം നൽകുന്നവരാണ് അവിടങ്ങളിലെ പോലീസും നിയമസംവിധാനങ്ങളും.

ബിജെപി ഈ വർഗീയതയും ഹിന്ദു വികാരവും ആളിക്കത്തിച്ചു കൊണ്ടേയിരിക്കും. ഭൂരിപക്ഷ വർഗീയ വികാരം ഇളക്കിവിട്ട് അധികാരം പിടിച്ചെടുക്കാനുള്ള കുറുക്കുവഴിയാണിത്.

ഛത്തീസ്ഗഡിൽ രണ്ടു കന്യാസ്ത്രീകളെ തീവ്രവാദി സംഘത്തിന്റെ ആക്രോശങ്ങൾക്കു വഴങ്ങി കള്ളക്കേസെടുത്ത് അറസ്റ്റു ചെയ്തു ജയിലിലിടച്ചപ്പോൾ തടവിലാക്കപ്പെട്ടത് വെറും രണ്ടു സ്ത്രീകളല്ല, ഇന്ത്യൻ ജനതയുടെ സ്വാതന്ത്ര്യമാണ്. രാജ്യത്തിന്റെ ഭരണഘടനയാണ്. സഞ്ചാര സ്വാതന്ത്ര്യം, മതവിശ്വാസത്തിനുള്ള സ്വാതന്ത്ര്യം എന്നിവ ഉറപ്പു നൽകുന്ന ഭരണഘടന ചവിട്ടിമെതിക്കപ്പെടുന്ന അത്യന്തം അപകടകരമായ അടിയന്തരാവസ്ഥയാണിത്.

ആധാർകാർഡ് അടക്കമുള്ള രേഖകളുമായി യാത്ര ചെയ്തിരുന്നവരെ മതപരിവർത്തനം, മനുഷ്യക്കടത്ത് എന്നിങ്ങനെ കുറ്റങ്ങൾ ചുമത്തിയാണു ജയിലിലടച്ചതെന്നാണ് അവരെ ജയിലിൽ സന്ദർശിച്ച എംപിമാർ വെളിപ്പെടുത്തിയത്. എംപിമാർക്ക് ആദ്യം സന്ദർശനാനുമതി നിഷേധിച്ചെങ്കിലും സമ്മർദത്തിനു വഴങ്ങി അനുമതി നൽകുകയായിരുന്നു. കന്യാസ്ത്രീകളെ അറസ്റ്റു ചെയ്തതിനെതിരേ രാജ്യവ്യാപകമായ പ്രക്ഷോഭങ്ങളുണ്ടായി. പാർലമെന്റിലും പ്രതിഷേധമുയർന്നു.

കേരളത്തിൽ പള്ളികളിൽ മാതാവിന്റെ ശിൽപത്തിൽ സ്വർണക്കിരീടം ചൂടിച്ചും അരമനകളിൽ കയറിയിറങ്ങി മെത്രാന്മാർക്കു കേയ്ക്കു നൽകിയും ക്രൈസ്തവ സമുദായാംഗങ്ങളുടെ പിന്തുണയ്ക്കായി കാവിപ്പട ഓടിനടക്കുമ്പോഴാണ് ഉത്തരേന്ത്യയിൽ കന്യാസ്ത്രീ വേട്ട. നാലു വോട്ടുകിട്ടാൻ മെത്രാന്മാരെ വിളിച്ചുവരുത്തുകയും ചർച്ച നടത്തിയെന്നും പിന്തുണ വാഗ്ദാനം ചെയ്തെന്നും വ്യാജപ്രചാരണം നടത്തുകയും ചെയ്ത ചരിത്രമാണു പ്രധാനമന്ത്രി നരേന്ദ്രമോദിക്കും ബിജെപിക്കുമുള്ളത്. ഡൽഹിയിലെ കത്തീഡ്രലിൽ സന്ദർശന നാടകം കളിച്ച മോദി ജനങ്ങളുടെ കണ്ണിൽ പൊടിയിടുന്നതു നിർത്തി സ്വന്തം കാട്ടാളസംഘങ്ങളോടു മനുഷ്യരാകാൻ ഉപദേശിക്കുകയാണ് ആദ്യം ചെയ്യേണ്ടത്.

'മാനിഷാദാ!' എന്ന സന്ദേശവുമായി വാൽമീകി മഹർഷി മഹാകാവ്യം എഴുതിയത് ഇത്തരം കാട്ടാളത്തരങ്ങൾക്കെതിരേ മാനവീകതയും ധർമബോധവും നീതിബോധവും ഉണർത്താനായിരുന്നു. പക്ഷേ, അതുണ്ടായില്ല. പകരം മഹാകാവ്യത്തിലെ കഥാപാത്രങ്ങളെ ഈശ്വരന്മാരാക്കി. ആ കഥാപാത്രങ്ങളുടെ പേരുകൾ അതിക്രമങ്ങൾക്കും നരനായാട്ടിനുമുള്ള ആക്രോശമുദ്രാവാക്യങ്ങളുമാക്കി. കാട്ടാളത്തരവും മതാന്ധതയും അവരെ നരഭോജികൾക്കു സമാനരാക്കി.



ജാർക്കണ്ഡിലെ അടിമപ്പണി നടത്തുന്ന ഖനിത്തൊഴിലാളികളുടെ കുടുംബങ്ങൾക്കു വിദ്യാഭ്യാസം അടക്കമുള്ള സേവനം നൽകിയ സ്റ്റാൻ സ്വാമിയെ മാവോയിസ്റ്റെന്ന് ആരോപിച്ച് അറസ്റ്റു ചെയ്തു ജയിലിലിട്ടു കൊന്നതും ഇതേ കാട്ടാള സംഘവും ഭരണ സംവിധാനവുമാണ്. നീതിന്യായ വ്യവസ്ഥപാലും മതവെറിയരുടെ ഭീഷണിക്കു മുന്നിൽ ഭയത്തോടെ നമിച്ചു നിൽക്കുന്ന കാഴ്ച അത്യന്തം അപകടകരമാണ്. ഒരുതരം അപ്രഖ്യാപിത അടിയന്തരാവസ്ഥ.

മുസ്ലിം സമുദായാംഗങ്ങളോടുള്ള വൈരാഗ്യ നിലപാടിലും മുസ്ലീം ഭൂരിപക്ഷ പ്രദേശങ്ങളുടെ പേരു മാറ്റുന്നതിലും അസഹിഷ്ണുതയുടെ മറ്റൊരു കാട്ടാളമുഖമാണ് കാണുന്നത്. അതേക്കുറിച്ചു തത്കാലം വിവരിക്കുന്നില്ല.

## യുദ്ധത്തിലെ വിലാപം

പട്ടിണിയുടെ നിലവിളി. അമ്മയും അച്ഛനും അടക്കം ഉറ്റവരെല്ലാം കൊല്ലപ്പെട്ട കുഞ്ഞുങ്ങളുടെ കണ്ണീർ. തലചായ്ക്കാനൊരു വീടോ ഉടുതുണിക്കു മറുതുണിയോ ഇല്ലാതെ വഴിയാധാരമായവർ. ഭക്ഷണവും കുടിവെള്ളവും കിട്ടാതെ ദിവസങ്ങളോളം നീണ്ട പട്ടിണിക്കും രോഗാതുരതയ്ക്കും ഒടുവിൽ മരണത്തിനു കീഴടങ്ങുന്നവർ. കൂടുതൽ രാജ്യങ്ങളിലേക്കും മേഖലകളിലേക്കും യുദ്ധക്കെടുതികൾ വ്യാപിച്ചപ്പോൾ കാണുന്ന ദൃശ്യങ്ങൾ ഇതെല്ലാമാണ്.

റഷ്യ- യുക്രെയിൻ, ഇസ്രയേൽ - ഹമാസ്, ഇസ്രയേൽ- ഇറാൻ യുദ്ധങ്ങൾക്കു പിറകേ, തായ്‌ലൻഡ്- കമ്പോഡിയ യുദ്ധമാണ് ലോകത്തെ ഞെട്ടിച്ചിരിക്കുന്നത്. ഭൂമിയിടെ പറുദീസ എന്നറിയപ്പെടുന്ന ഇന്ത്യയിലെ കാഷ്മീരിലുള്ള പഹൽഗാമിൽ 26 വിനോദസഞ്ചാരികളെ കൊലപ്പെടുത്തിയ ഭീകരാക്രമണവും പാക്കിസ്ഥാനിലെ ഭീകരതാവളങ്ങളിൽ ഇന്ത്യ നടത്തിയ 'ഓപറേഷൻ സിന്ദൂർ' മിന്നലാക്രമണവും യുദ്ധം തന്നെ.

മൂന്നു വർഷം മുമ്പ് ആരംഭിച്ച റഷ്യ -യുക്രെയിൻ ഇന്നും തുടരുകയാണ്. 2022 ഫെബ്രുവരിയിൽ റഷ്യ ആരംഭിച്ചതാണു യുദ്ധം. മൂന്നു വർഷത്തിനിടെ റഷ്യയുടെ പത്തു ലക്ഷം സൈനികർ കൊല്ലപ്പെട്ടെന്നാണ് ബ്രിട്ടന്റെ പ്രതിരോധ മന്ത്രാലയത്തിന്റെ റിപ്പോർട്ടിൽ പറയുന്നത്. റഷ്യൻ പട്ടാളത്തിലേക്കു ഏതു വിദേശ രാജ്യങ്ങളിൽനിന്നും കൂലിപ്പടയെ റിക്രൂട്ടു ചെയ്തു കൊണ്ടിരിക്കുകയാണ്. യുക്രെയിനിലെ ഒരു ലക്ഷം പേരെങ്കിലും കൊല്ലപ്പെട്ടെന്നാണ് അമേരിക്കയിലെ സെന്റർ ഫോർ സ്ട്രാറ്റജിക് ആൻഡ് ഇന്റർനാഷണൽ സ്റ്റഡീസിന്റെ റിപ്പോർട്ടിൽ പറയുന്നത്. നാലു ലക്ഷത്തോളം പേർക്കു പരിക്കേറ്റെന്നും എട്ടു ലക്ഷത്തിലേറെ പേർ കുടുംബസമേതം പലായനം ചെയ്തു. റഷ്യയുടെ മിസൈൽ ആക്രമണത്തിൽ യുക്രെയിനിലെ പതിനായിരക്കണക്കിനു കെട്ടിടങ്ങൾ തകർന്നു കോൺക്രീറ്റ് കൂനകളായി.

2023 ഒക്ടോബറിൽ ഇസ്രയേലിൽ നരനായാട്ടു നടത്തിയ ഹമാസ് ഭീകരർ 251 പേരെ ബന്ധികളാക്കിയതോടെ തുടങ്ങിയതാണു യുദ്ധം. ഗാസയിലെ ആറുപതിനായിരത്തിലേറെ പേരാണു ഇസ്രയേലിന്റെ യുദ്ധത്തിൽ കൊല്ലപ്പെട്ടത്. കൊല്ലപ്പെട്ടവരിൽ ഏറേയും 18 വയസിനു താഴെയുള്ളവരാണെന്നാണ് പലസ്തീനിലെ ആരോഗ്യമന്ത്രാലയം പറയുന്നത്. ഇസ്രയേലിന്റെ ബോംബാക്രമണത്തിൽ സർവവും നഷ്ടപ്പെട്ട ജനം ഭക്ഷണവും കുടിവെള്ളവും കിട്ടാതെ പട്ടിണി കിടന്നു മരിച്ചുവീണതിന്റെ ചിത്രങ്ങൾ ഈയിടെ വൈറലായിരുന്നു.

ഇസ്രയേലിന്റെ ആക്രമണങ്ങളെ പ്രതിരോധിക്കാൻ സഹായങ്ങൾ നൽകുകയും പരോക്ഷമായി ആക്രമിക്കുകയും ചെയ്ത ഇറാനെതിരേയും ഇസ്രയേൽ മിസൈൽ ആക്രമണം നടത്തി. ഇറാനിലെ 1,200 പേരാണു കൊല്ലപ്പെട്ടത്. യുദ്ധമായി വളരുന്നതിനിടെ ഇരു രാജ്യങ്ങളും വെടിനിറുത്തൽ പ്രഖ്യാപിച്ചു.

നൂറ്റാണ്ടോളം പഴക്കമുള്ള അതിർത്തിത്തർക്കമാണ് ഇപ്പോൾ തായ്‌ലാൻഡും കമ്പോഡിയയും തമ്മിലുള്ള യുദ്ധത്തിനു വഴിയൊരുക്കിയത്. അതിർത്തിയിലുള്ള ക്ഷേത്രങ്ങളുടെ ഉടമസ്ഥാവാകശം സംബന്ധിച്ചാണു തർക്കം. ഈ ക്ഷേത്രങ്ങളിൽ ധാരാളം ടൂറിസ്റ്റുകൾ സന്ദർശിക്കാറുണ്ട്. കഴിഞ്ഞ ഫെബ്രുവരിയിൽ തർക്കസ്ഥലത്തെ ഒരു ക്ഷേത്രം സന്ദർശിച്ച വിനോദസഞ്ചാര സംഘത്തെ കമ്പോഡിയൻ പട്ടാളം തടഞ്ഞുവച്ചു കമ്പോഡിയൻ ദേശീയഗാനം ആലപിക്കണമെന്നു ഭീഷണിപ്പെടുത്തിയതോടെയാണു തർക്കം ഇരു സൈന്യങ്ങൾ തമ്മിലുള്ള വെടിവയ്പിനും ചെറിയതോതിലുള്ള യുദ്ധത്തിനും വഴിവച്ചത്. ഇരു രാജ്യങ്ങളുടേയും നൂറോളം പേരാണു കൊല്ലപ്പെട്ടത്. കമ്പോഡിയ അമ്പതിനായിരത്തോളം പേരെ മാറ്റി പാർപ്പിച്ചു. അതിർത്തിയിൽ താമസിച്ചിരുന്ന ഒന്നേകാൽ ലക്ഷം തായ്‌ലൻഡുകാർ പലായനം ചെയ്തു. ജൂലൈ 28 നു വെടിനിറുത്തൽ പ്രഖ്യാപിച്ചതോടെയാണ് താത്കാലികമായെങ്കിലും ഈ മേഖല ശാന്തമായത്.

കാട്ടാളത്തവും യുദ്ധവും ചെറുക്കപ്പെടേണ്ടതാണ്. ജനകീയ പ്രചാരണവും പ്രതിരോധവും വളർത്തിയെടുക്കണം. കാട്ടാളത്തവും യുദ്ധവും മാനവീകതയ്ക്കു വഴിമാറുന്ന നല്ല നാളുകൾക്കായി കാത്തിരിക്കാം.

കവിത

# ജീവിതമഹാസംഖ്യ



സ്റ്റെല്ല മാത്യു

ജരാനെറുകയിൽ ചെമ്പകസൂര്യൻ ഉണർന്നു.
ആയുധ കലാപത്തിന്റെ
ഉടൽ കയ്യൊപ്പുകളിൽ
മഷി പടർന്നു.

നാവേ നിന്റെ രസനയിലൊരിക്കൽ നിറഞ്ഞു,
തൃഷ്ണകളുടെ ശതാവരിക്കാടുകൾ.
കേൾവി,
കൽക്ഷണത്തിൽ കയറിയ
വണ്ടിപോൽ ഏറ്റുന്നു.
ചിന്തയിൽ ഗതകാല പനിത്തുള്ളികൾ
പരലുകൊള്ളുന്നു.
ഉടലിൻ മടുപ്പിൻെറ വരകളിൽ ഉരഗങ്ങൾ
തരംഗങ്ങളാവുന്നു.
ഇളംപുൽത്തുള്ളിയിലിമ്പം
ഒഴുക്കി,
പെണ്ണോർമ്മ കടലിൽ കടലാസുപൂവായി .
സുഹ്റയും മജീദും മായ്ച്ചു
വീണ്ടുമെഴുതുന്നു,
ജീവിതമഹാസംഖ്യയുടെ അവസാന വലുപ്പങ്ങൾ.

അന്തിയിൽ, പൂവമ്പിൻ
കോപ്പയിലവൾ കടുംചായ
നിറച്ചു.
പകൽ തെളിച്ചമൊഴിച്ച് പാൽ കുടിച്ച രാവിനെ,
ചൂട്ടുകെടുത്തി വിളിക്കുന്നു അടിമവേര്.

ഉടൽച്ചതുപ്പിൽ താഴുന്ന ബന്ധനങ്ങൾ,
കാഴ്ച, ചെമ്പഴുക്കാ നിറച്ച കാശുപ്പെട്ടി.
കാത്, കുറുകിയമർന്ന
നീർമുട്ട.
നാവ്, ദേശാടനക്കിളിയുടെ
വസന്തകാലപാനീയം,
തിണർത്ത കാട്ടിൽ കടും ഓർമ്മസ്പർശികൾ.

പെരിയ നാഗമേ നിന്നെ ചുഴറ്റാൻ
എനിക്ക് കുറുവടി.
തെരുവാപ്പുല്ലാർക്കും ബോധപ്പുഞ്ചയിൽ
നനയാനോ എനിക്ക് പാട്ടുപ്പെട്ടി.
മധുലാവണ്യക്കതിരിൽ വിളയുന്ന
കൽക്കണ്ടത്തുണ്ടേ പുലരി..
എത്രയോ മധുരം തരുന്നു നീ
തിരിച്ചേകുവാനാവാത്ത
കയ്പുജന്മങ്ങളിൽ.





# ഓണത്തുടി



**കവിത**

ഓണമെന്നിൽ തുടികൊട്ടുന്നു പിന്നെയും
ഓർമ്മയിലേതോ ഉടുക്കിന്റെ നാദമായ്
പാണന്റെ പാട്ടൊന്നു തഴുകുന്നതാം നേരം
പാഴ്ശ്രുതിയായി ഞാൻ മാറിയെന്നോ, രാഗം
താനേ മുറിഞ്ഞതാം ഈണമെന്നോ...!

ഹൃദയം കൊണ്ടെഴുതിയ കവിതപോൽ മുറ്റത്തെ
വരിവരിയായ് തീർത്ത പൂക്കളത്തിൽ
അവരില്ല, മുക്കുറ്റി, തുമ്പയും ചെത്തിയും
അരുമപോൽ ചിരിതൂകാൻ കുഞ്ഞരിപ്പൂക്കളും
ഒരു കുമ്പിൾ കാക്കപ്പൂ കടമെടുത്തീടുവാൻ
ഇനിയുമുണ്ടോ നിന്നിൽ നീലവസന്തവും...!

പട്ടുപോലിഴചേർന്ന മോഹങ്ങൾ നെയ്തൊരു
സ്വപ്നനൂൽ പാകിയ മംഗല്യപ്പുടവയിൽ
കോടിമണമില്ല, കസവിൻ കരയില്ല,
സിന്ദൂരം ചാർത്തിയ ചെമ്മാനനിറമില്ല
ആവണിത്തിങ്കളായ് താലമേന്തീടുവാൻ
ഇനിയുമുണ്ടോ, നിന്നിൽ നറുവെൺനിലാവും..!



**ലേഖ കാക്കനാട്ട്**

കവിത

# എന്റെ ഓണം





രാജു കാഞ്ഞിരങ്ങാട്



എത്രയോണം കഴിഞ്ഞെന്നാകിലും
എത്ര പൂക്കാലം കഴിഞ്ഞെങ്കിലും
കൊഴിയാതൊരോണമെൻ
ഓർമ്മയിലുണ്ടിന്നും
ആ ഓണമാണെന്നുമെന്റെയോണം
വട്ടപ്പിരിയന്റെ പൂവ് പറിച്ചവൾ
തേക്കില വട്ടിയുമായ്കാത്തു നിന്നതും
ഹനുമാൻ കിരീടത്തിൻ പൂവ് പകരമായ്
മുടിയിൽ ചൂടിക്കുവാൻ വഴിയിൽ ഞാൻ കാത്തതും
തട്ടിയുടഞ്ഞൊരു കുപ്പി വളപ്പൊട്ട്
ഓർമ്മയിൽ ഓമനിക്കാൻ കൊണ്ടു - പോയതും
അച്ചുടുചുംബനചൂടെന്റെ ചുണ്ടത്ത്
അറിയാതെയിന്നും ഞാൻ തൊട്ടു - നോക്കുന്നതും
നഷ്ടസ്വർഗ്ഗങ്ങളെ നെഞ്ചിലടക്കി ഞാൻ
ആവഴിയിന്നും നടക്കയാണെങ്കിലും
എത്രയോണം കഴിഞ്ഞെന്നാകിലും
എത്ര പൂക്കാലം കഴിഞ്ഞെങ്കിലും
കൊഴിയാതൊരോണമെൻ
ഓർമ്മയിലുണ്ടിന്നും
ആ ഓണമാണെന്നുമെന്റെയോണം

# ശ്രീബാലയുടെ രഹസ്യങ്ങൾ





ദർശന

തലയിൽ വന്ന് തട്ടിയ ചോക്ക് കഷണം തൊട്ടുമുന്നിൽ ഡസ്കിൽ വീണപ്പോൾ ബാല ഞെട്ടലോടെ മുഖം തിരിച്ചു.

'എന്താ ബാലേ, ഇവിടെയൊന്നുമല്ലേ. ആ ചോക്കും കൊണ്ട് ഇങ്ങോട്ട് പോര് . ഈ പ്രോബ്ലം ഒന്ന് സോൾവ് ചെയ്ത് കാണിക്കൂ '

'അത് ..സിസ്റ്റർ ഞാൻ...'

' കുട്ടി എന്താ അങ്ങോട്ടു നോക്കി ഒച്ച വെച്ചത്. എന്താ അവിടെ.'

'അത് ..അവിടെ ട്രെയിൻ..'

അവൾ കോളേജിന്റെ വിശാലമായ ക്യാമ്പസിനപ്പുറത്തെ തരിശിട്ട വയലിനുമപ്പുറം വിജനതയിലേക്ക് നീണ്ടുപോകുന്ന റെയിൽപ്പാളങ്ങളിലേക്ക് നോക്കി . വിശ്വാസം വരാതെ വീണ്ടും വീണ്ടും നോക്കി . സിസ്റ്റർ സൂസൻ അവളുടെ അടുത്തെത്തി. അവൾ ചൂണ്ടിക്കാണിച്ചയിടത്തേക്ക് നോക്കി.

' അവിടെ ഒന്നുമില്ലല്ലോ ഇതാദ്യമായ് ഒന്നുമല്ലല്ലോ അതിലൂടെ ട്രെയിൻ പോകുന്നത് .പിന്നെയെന്താണ് ?'

അവൾ മറുപടി പറയാനാകാതെ അവിടേക്ക് തന്നെ നോക്കിക്കൊണ്ട് നിന്നു.

ആ പാതയിൽ ഒരു പെൺകുട്ടിയെ കണ്ടതാണല്ലോ . പിന്നെ അവൾ എവിടേക്ക് പോയി. ട്രെയിൻ നിർത്തിയതേയില്ലല്ലോ.

ശ്രീബാല അതിശയിച്ചു. പതറിയമിഴികളുടെ അവൾ സിസ്റ്ററെ നോക്കി. ക്ലാസിലെ മിടുക്കി കുട്ടിയാണ് ശ്രീബാല. അതുകൊണ്ട് തന്നെ സിസ്റ്റർക്ക് അവളെ ഏറെ ഇഷ്ടമാണ് പക്ഷേ ഇന്ന് അവളുടെ ഭാവം തികച്ചും പരിഭ്രാന്തമായിരുന്നു. മുഖത്ത് വിയർപ്പ് കണങ്ങൾ തുള്ളികുത്തിയിറ്റു വീഴാൻ വെമ്പി നിന്നു. കണ്ണുകൾ പേടിച്ചരണ്ട് . ബാലയ്ക്ക് തലചുറ്റുന്നത് പോലെ തോന്നി. അവൾ ബെഞ്ചിലേക്ക് വീണുപോയി. സിസ്റ്റർ അവളെ തട്ടി വിളിച്ചു. കുട്ടികൾ ചുറ്റും കൂടി. ആരോ അവളുടെ മുഖത്തേക്ക് വെള്ളം തളിച്ചു . പതിയെ കണ്ണു തുറന്നവൾ പുലമ്പാൻ തുടങ്ങി.

' ഞാൻ കണ്ടതാണ് സിസ്റ്റർ. ഒരു കുട്ടി വയലും കടന്ന് റെയിൽപ്പാളത്തിൽ കയറി നിൽക്കുന്നു. ട്രെയിൻ അവളെ ഇടിച്ചിട്ടു പോയി.'

സിമിത അവൾക്ക് നേരെ വെള്ളം കുപ്പി നീട്ടി . അവൾ അത് വാങ്ങി ഒറ്റ വീർപ്പിന് പാതിയോളം കുടിച്ചു. സിമിതയെ നന്ദിപൂർവ്വം നോക്കി. വീണ്ടും പരിഭ്രാന്തയായി സിസ്റ്ററെയും .

സിസ്റ്റർ സൂസനപ്പോൾ ജനലിലൂടെ അകലെ തീവണ്ടിപ്പാളത്തിലേക്ക് തന്നെ സൂക്ഷിച്ചു നോക്കി നിൽക്കുകയായിരുന്നു. ആകാശം മേഘാവൃതമായിരുന്നതിനാൽ ഒരു

തരം നരച്ചയിരുട്ട് അന്തരീക്ഷത്തിന്റെ തെളിമയെ പൊതിഞ്ഞിരുന്നു. അതുകൊണ്ട് തന്നെ ദൂരക്കാഴ്ചകൾ അവ്യക്തമായിരുന്നു. സിസ്റ്റർക്ക് അവിടെ അസ്വാഭാവികമായി ഒന്നും കണ്ടെത്താനായില്ല. പൊടുന്നനെ നിലയ്ക്കാതെ മഴ പെയ്യുകയും കാഴ്ചകളപ്പാടെ മാഞ്ഞു പോകുകയും ചെയ്തു. സിസ്റ്റർ അവളെ സാന്ത്വനിപ്പിക്കുമ്പോഴേക്ക് ബെല്ലടിച്ചു. അടുത്ത ക്ലാസ്സിൽ ബാല സുഖമില്ലെന്നനുവാദം വാങ്ങിച്ച് കിടന്നു . പിന്നെ മയങ്ങിപ്പോയി. സിമിത വിളിച്ചപ്പോഴാണ് കണ്ണ് തുറന്നത് . ക്ലാസ് മുറി ശൂന്യമായിരുന്നു . ബാഗുമെടുത്ത് സിമിതയോടൊപ്പം കോളേജിന് പുറത്തെത്തിയപ്പോഴും മഴ തോർന്നിരുന്നില്ല.

'ഈ മഴയത്ത് എങ്ങനെയാണ് ബസ്റ്റോപ്പിലേക്ക് പോകുന്നത്. നമുക്ക് ഇത്തിരി നേരം കൂടി ഇവിടെ ഇരിക്കാം ബസ്സിൽ നല്ല തിരക്കായിരിക്കും'

സിമിത പറഞ്ഞപ്പോൾ ബാല ഒന്നും മിണ്ടാതെ തല കുലുക്കി. ക്യാമ്പസിനുള്ളിലെ നിറയെ പൂത്തുനിന്ന ജക്കരാന്ത മരങ്ങളും ചാരക്കൊന്നയും മഴയിൽ വിറങ്ങലിച്ചു നിന്നു. താമരക്കുളത്തിലെ പൂക്കൾ മഴയേറ്റ് ഉലഞ്ഞു കൊണ്ടിരുന്നു. അവർക്കരികിലായി കെട്ടിടത്തോട് ചേർന്ന് കവാടത്തിന് ഇരുഭാഗത്തും നിറഞ്ഞു നിന്നിരുന്ന വയലറ്റും നീലയും നിറത്തിലുള്ള ഹൈഡ്രാഞ്ചിയ പൂക്കൾ മഴയുടെ പ്രഹരമേറ്റ് അസുഖകരമായ ഒരു ഗന്ധം പൊഴിച്ചു . രേണുവും സന്ധ്യയും അവർക്കരികിലേക്ക് നടന്നെത്തി.

' മീനാക്ഷി എവിടെപ്പോയി.'

സിമിത അന്വേഷിച്ചു.

' മീനാക്ഷി ഉച്ചയ്ക്ക് പോയല്ലോ . സുഖമില്ലെന്ന് പറഞ്ഞു ലീവ് വാങ്ങുന്നത് കണ്ടു . അവൾ രണ്ട് ദിവസായി ക്ലാസ്സിൽ വന്നിരുന്നില്ല . ഇന്ന് വന്നു. പതിവ് ബസ്സിനല്ല വന്നത്. അവൾക്ക് എന്തൊക്കെയോ പ്രശ്നങ്ങളുണ്ട് . ആരോടും ഒന്നും പറയുന്നില്ല. ഞങ്ങൾ കുറെ ചോദിച്ചു . '

രേണു പതിയെ പറഞ്ഞു.

'ബാലെ ഇന്ന് നീ വരച്ച പിക്ചർ അസ്സലായിട്ടുണ്ട് ട്ടോ . '

സന്ധ്യ ബോർഡിലെ ചിത്രം നോക്കി പറഞ്ഞു.

കോളേജിന് മുന്നിലെ ബോർഡിൽ ഓരോ ദിവസത്തെയും അറിയിപ്പുകൾ എഴുതിയിടുന്നത് ബാലയാണ്. . ഒപ്പം എന്തെങ്കിലുമൊക്കെ ചിത്രങ്ങളും വരച്ചിടും. പ്രീഡിഗ്രി മാത്രമുള്ള ഒരു കോളേജ് ആയിരുന്നു അത്. രാവിലെ കോളേജിൽ എത്തിയാൽ ബാലയുടെ ആദ്യ കർമ്മം ഓഫീസിൽ പോയി അറിയിപ്പുകൾ സിസ്റ്ററിൽ നിന്നും വാങ്ങുകയാണ്. അത് പിന്നെ നോട്ടീസ് ബോർഡിൽ എഴുതിയിടും. സാധാരണയിൽ നിന്നും വ്യത്യസ്തമായി ഒരു ബ്ലാക്ക് ബോർഡ് ആയിരുന്നു അറിയിപ്പുകൾ എഴുതിയിടാൻ കോളേജിന്റെ മുൻവശത്ത് വച്ചിരുന്നത് . മറ്റൊന്നും എഴുതിയിടാനില്ലെങ്കിൽ പല വർണ്ണങ്ങളിലുള്ള ചോക്കുകൾ കൊണ്ട് അവൾ അതിമനോഹരമായി ചിത്രം വരച്ചിടുമായിരുന്നു. ബ്ലാക്ക് ബോർഡിൽ കാൽമുട്ടിൽ കൈത്തലങ്ങൾ അമർത്തി വെച്ച് മുഖമുയർത്തി നോക്കുന്ന സുന്ദരിയുടെ വിഷാദാർദ്രമായ നോട്ടം അവരിൽ തറഞ്ഞു.

'നമ്മുടെ മീനാക്ഷിയെ പോലെ തോന്നുന്നു.'

സന്ധ്യ ചിത്രത്തിൽ നിന്നും കണ്ണെടുക്കാതെ പറഞ്ഞു. വരയ്ക്കുമ്പോൾ അവളായിരുന്നു മനസ്സിൽ അറിയാതെ വന്നത് ശ്രീബാല ഓർത്തുപോയി. 'ഇന്നിവളെന്താ ആകെ മൂഡ് ഓഫ്. '

രേണു ചുഴിഞ്ഞു നോക്കി.

' ഒന്നുമില്ല , വല്ലാത്ത തലവേദന '

മറുപടി പറയാനാഞ്ഞ സിമിതയെ താക്കീതാൽ നോക്കി ബാല പതുക്കെ പറഞ്ഞു. അപ്പോഴേക്കും മഴ നിലച്ചു. നഗരമധ്യത്തിൽ നിന്നും റെയിൽവേ സ്റ്റേഷൻ റോഡിലൂടെ ഏകദേശം രണ്ട് കിലോമീറ്ററോളം ഉള്ളിലേക്ക് വരണം അവരുടെ കോളേജിലെത്താൻ. സാധാരണയായി അവർ കോളേജിനടുത്തു നിന്നും സൗത്ത് ബസ് സ്റ്റാൻഡിലേക്ക് നടക്കുകയാണ് പതിവ്. സൗത്ത് ബസ് സ്റ്റാൻഡിൽ നിന്നാണ് അവർ വീട്ടിലേക്കുള്ള ബസ് കയറുന്നത്. റോഡിന് ഒരു ഭാഗത്ത് നീണ്ടകനാലാണ്. പെയ്തു തോർന്ന മഴയിൽ നടത്തം മന്ദഗതിയിലായിരുന്നു.

'ഇന്ന് നിന്റെ നീല ഷർട്ടുകാരനെ കണ്ടില്ലല്ലോ?'

സിമിത സന്ധ്യയെ നോക്കി .

'പോയിക്കാണും നമ്മൾ വൈകിയല്ലോ '

സന്ധ്യ ചിരിച്ചു. കോളേജിലേക്ക് പോകുമ്പോഴും വരുമ്പോഴും അവർ സ്ഥിരമായി അയാളെ കാണാറുണ്ടായിരുന്നു. പതിവായി ഇളം നീല ഷർട്ട് ധരിച്ച് സൈക്കിളിൽ അലസമായി പോകുന്ന സുമുഖനായ ഒരാൾ. കണ്ടുമുട്ടൽ പതിവായപ്പോൾ അയാൾ അവരെ നോക്കി ഹൃദ്യമായി ചിരിക്കാറുണ്ടായിരുന്നു. ഇടയിൽ ഒരു ദിവസം അയാളെ കണ്ടില്ലല്ലോ എന്ന് സന്ധ്യ വേവലാതിപ്പെട്ടതോടെയാണ് അയാൾ സന്ധ്യയുടെ നീല ഷർട്ടുകാരനായത്. ഐടിഐയുടെ മുന്നിലെത്തിയപ്പോൾ മരച്ചുവടുകൾ ശൂന്യമാണ്. മഴയായതുകൊണ്ടാകും. സുദേവേട്ടൻ നേരത്തെ പോയിക്കാണും.

രാവിലെ സൗത്ത് ബസ് സ്റ്റാൻഡിൽ നിന്നും കോളേജിലേക്ക് നടക്കുമ്പോൾ സുദേവാണ് അവൾക്ക് കൂട്ട് . അവർ രണ്ടുപേരും ഒരു ബസ്സിലാണ് നഗരത്തിലെത്തുന്നത്. അവളുടെ നാട്ടുകാരനും അവൾ പഠിച്ച സ്കൂളിലെ മലയാളം അധ്യാപിക ശോഭ ടീച്ചറുടെ മകനുമാണ് സുദേവ്. ഐടിഐ യിലാണ് പഠിക്കുന്നത് . സുദേവ് വളരെ ഗൗരവ പ്രകൃതിയാണെങ്കിലും വലിയ കരുതലുള്ളവനായിരുന്നു. സുദേവിനൊപ്പം നടക്കുമ്പോൾ തികഞ്ഞ സുരക്ഷിതത്വം അവൾക്ക് അനുഭവപ്പെട്ടിരുന്നു. അവന്റെ സാന്നിധ്യം കൊണ്ടാകണം ഐടിഐക്ക് മുന്നിലൂടെ കടന്നുപോകുമ്പോൾ സ്ഥിരം വായിനോക്കി ശല്യങ്ങൾ അവൾക്കുണ്ടാകാതിരുന്നത് . മറ്റുള്ളവരോട് അധികം സംസാരിക്കാതിരുന്നെങ്കിലും അവൾക്കടുത്തെത്തുമ്പോൾ അയാൾ വാചാലനാവുമായിരുന്നു. ഒരു ജ്യേഷ്ഠസഹോദരനെ പോലെ അയാൾ അവളെ ശ്രദ്ധിച്ചിരുന്നു. ഗവൺമെൻറ് ഹൈസ്കൂൾ ഗ്രൗണ്ടിലെ പന്തുകളി സംഘത്തിന് മഴ ഒരു പ്രശ്നമേയല്ല. കളിയുടെ ആവേശത്തിൽ ഗ്രൗണ്ടിൽ വെള്ളം ചിതറി കൊണ്ടിരുന്നു. നിരനിരയായി നിന്നിരുന്ന മരങ്ങളുടെ ഉയർന്ന വേരുകളിൽ കാഴ്ചക്കാർ കുറവായിരുന്നു. മരച്ചുവട്ടിലിരുന്ന് ബൂട്ട് കെട്ടിക്കൊണ്ടിരുന്ന ചെറുപ്പക്കാരൻ പൊടുന്നനെയാണ് അവർക്കു മുന്നിലേക്ക് എഴുന്നേറ്റു വന്നത്.

' ഒരു നിമിഷം നിൽക്കണേ'

അവൻ പറഞ്ഞു . അവർ അമ്പരപ്പോടെ നോക്കി . 'ബാലയെന്നാണ് പേര് .ല്ലേ. '

അവൾ അതിശയിച്ചു.

'എന്റെ പേരെങ്ങനെയറിയാം. ?'

'ഞാൻ സുദേവിന്റെ ഫ്രണ്ടാണ് . അജയൻ. വാളൂരാണ് വീടല്ലേ. '

'ഓ, സുദേവേട്ടൻ പറഞ്ഞിട്ടുണ്ടാകും. .'

ബാല പറഞ്ഞു.

അവൾ തെല്ലു നേരത്തേയ്ക്ക് അസ്വസ്ഥതകൾ മറന്നു.

'കുട്ടി പന്ത് കളി കാണാൻ വരാറില്ലേ . ഗ്രൗണ്ടിനരികിൽ മതിലിന് പിന്നിൽ കുട്ടിയെ കണ്ടിട്ടുണ്ട് . കൂടെ ആരൊക്കെയോ ഉണ്ടാവാറുണ്ടല്ലോ. അനിയന്മാരും അനിയത്തിമാരുമാ. '

'ചെറിയമ്മമാരുടെ മക്കളാ. '

'ആ മതിലിനു മോളിലെ ബീഡിയും വലിച്ചിരിക്കുന്ന രണ്ടുപേരുണ്ടല്ലോ . അത് കുട്ടിയുടെ ആരാ .? അതിൽ ചുരുണ്ട മുടിയുള്ള തടിച്ചയാളുണ്ടല്ലോ, പുള്ളി നല്ല കളിക്കാരനാല്ലോ. ഞങ്ങൾ പുള്ളിയുടെ കൂടെ മാച്ച് കളിച്ചിട്ടുണ്ട് ട്ടോ .'

'അതന്റെ മാമനാ. കോട്സിലെ കളിക്കാരനായിരുന്നു.



ക്ലബ്ബിന്റെ കഴിഞ്ഞ ടൂർണമെൻറ് ബെസ്റ്റ് പ്ലെയറാണ് .'

ബാല ചിരിച്ചു .

'എടീ , വാ, ബസു പോകും'

രേണു കൈപിടിച്ച് വലിച്ചു. അവർ ധൃതിയിൽ നടന്നു പോകേ അജയൻ പുറകിൽ നിന്ന് വിളിച്ചുപറഞ്ഞു.

' മറ്റന്നാൾ കാണാം ട്ടോ. കളിക്കാൻ വരുന്നുണ്ട്.'

ബാല മറുപടി പറയാതെ കൂട്ടുകാർക്കൊപ്പം തിരക്കിട്ട് നടന്നു.

' ഒരു വിത്തു മുളപൊട്ടാൻ തുടങ്ങുന്നു . സുദേവിന്റെ റോൾ എന്താ മോളെ?'

രേണു ചിരിയോടെ ചോദിച്ചു.

'പന്തിലൂടെ മുളയ്ക്കുന്നു ഒരു പ്രണയം'

സന്ധ്യയുടെ കൂട്ടിച്ചേർക്കൽ. ബാല ചിരിച്ചു പോയി. ഇവളുമാരുടെ ഒരു കാര്യം.

'ഇപ്പോഴാ പെണ്ണിന്റെ മുഖമൊന്ന് തെളിഞ്ഞത്. എന്തായാലും അയാളെ കണ്ടത് നന്നായി .'

തിരക്കിട്ട് നടക്കുന്നതിനിടയിൽ സിമിത പറഞ്ഞു.

' ഇനി തിങ്കളാഴ്ച കാണാട്ടോ '.

കൂട്ടുകാർ യാത്ര പറഞ്ഞു പോയിക്കഴിഞ്ഞശേഷമാണ് അവൾക്കുള്ള ബസ് വന്നത് . വീട്ടിലെത്തിയിട്ടും അവൾക്കൊരുന്മേഷവും തോന്നിയില്ല. പതിവുപോലെ വിശേഷം പറയാത്തതിൽ അനിയത്തിയും അടുക്കളജോലികളിൽ സഹായിക്കാൻ ചെല്ലാത്തതിൽ അമ്മയും അതിശയിച്ചു .

'വല്ലാത്ത തലവേദന.; ഞാൻ ഉറങ്ങാൻ പോവാട്ടോ. എന്നെ വിളിക്കണ്ട . '

അവൾ അനിയത്തിയോട് പറഞ്ഞു. നേരെ കിടക്കയിലേക്ക് വീണു.

'ഒന്നു മേല് കഴുകാർന്നില്ലേ മോളെ'

ഭസ്മത്തിന്റെയും തൈലത്തിന്റെയും നേർത്ത സുഗന്ധമുള്ള വിരലുകളാൽ നെറ്റിയിൽ വിക്സ് പുരട്ടി തടവിക്കൊണ്ട് മുത്തശ്ശി പറഞ്ഞു.

' ശാന്തേ, ഇവളുടെ നെറ്റി വല്ലാണ്ട് പൊള്ളുന്നുണ്ട്. ഇത്തിരി ചുക്കുകാപ്പി വച്ചോ .'

അമ്മയ്ക്കുള്ള നിർദ്ദേശം വഴിയേ പോയി . അവൾ കണ്ണുകളടച്ചു കിടന്നു. അച്ഛൻ ജോലിക്ക് പോയത് നന്നായി . ഇനി അടുത്താഴ്ചയേ വരൂ. അല്ലെങ്കിൽ ഇപ്പോൾ തന്നെ ഡോക്ടറെ കാണിക്കാൻ കൊണ്ടുപോയേനെ.

ആ കിടപ്പിൽ അവൾ മയങ്ങിപ്പോയി. അവളുടെ സ്വപ്നത്തിൽ ഒരു ട്രെയിൻ ചൂളം വിളിച്ച് ചീറിപ്പാഞ്ഞു വന്നു. അതിനു മുന്നിൽ അതാ അവൾ. അഴിഞ്ഞ നീണ്ട മുടി കാറ്റിൽ പറന്നു. അവൾ അലറി വിളിച്ചു ഞെട്ടി എഴുന്നേറ്റു.

'എന്തുപറ്റി മോളെ' അമ്മയും മുത്തശ്ശിയും അ രികിൽ ഇരിക്കുന്നു. അനിയത്തി പകപ്പോടെ നോക്കുന്നു .

'നീയെന്താ ട്രെയിൻ ന്നൊക്കെ വിളിച്ചു പറഞ്ഞത് . എന്താ പറ്റിയെ കുട്ടീ. '

മുത്തശ്ശി അരുമയായി തലോടി. അവൾ മുത്തശ്ശിയോട് ചേർന്നിരുന്നു . അന്ന് ഉച്ചയ്ക്ക് ശേഷം കണ്ട സംഭവം പതിയെ വിവരിച്ചു കരഞ്ഞു.

'കണ്ണിക്കണ്ട പുസ്തകമൊക്കെ വായിച്ച് രാത്രി മുഴുവൻ ഓരോന്ന് കുത്തിക്കുറിച്ചിരിക്കും. ഓരോരോ തോന്നലാ. അല്ലാണ്ട് ഇപ്പോ. ബാക്കിള്ളോരുടെ സമാധാനം കളയാൻ.

ദാ ഈ ചുക്കുകാപ്പി കുടിച്ച് കണ്ണടച്ച് കിടന്നുറങ്ങാൻ നോക്ക്'

അമ്മ എണീറ്റ് പോയി. അനിയത്തിയും .

' ഇന്ന് മുത്തശ്ശി കുട്ടിയുടെ ഒപ്പം കിടക്കാ ട്ടോ കുട്ടി പേടിക്കേണ്ട . '

അവൾ മുത്തശ്ശിയെ ചേർത്തുപിടിച്ച് കണ്ണുകൾ അടച്ചു . നേർത്ത സുഗന്ധങ്ങൾ അവളെ പൊതിഞ്ഞു .

കോളേജിന് മുടക്കമായതിനാൽ പതിവ് സമയം കഴിഞ്ഞിട്ടും അവൾ എണീറ്റില്ല.

' ഇത് നിങ്ങടെ കോളേജിലെ കുട്ടിയാണല്ലോ. ?'

ഭാമ പത്രവുമായി അവളെ തട്ടിവിളിച്ചു.

'. ഇന്നലെ ട്രെയിൻ തട്ടി മരിച്ചത് . ഏതോ ഒരു മീനാക്ഷി. നിനക്കറിയോ?'

ബാല പത്രം തട്ടിപ്പറിച്ച് നോക്കി. മുൻപേജിൽ തന്നെ മീനാക്ഷിയുടെ ചിത്രം. അവൾ കിടക്കയിലേക്ക് വീണു. പത്രം കയ്യിൽ നിന്നും ഊർന്നു പോയി. രണ്ടുദിവസം പനിച്ചു കിടന്ന് മൂന്നാം ദിവസമാണ് അവൾ കോളേജിൽ എത്തിയത് . അതും പ്രാക്ടിക്കൽ ഉള്ളതുകൊണ്ടുമാത്രം. കോളേജ് മൂകമായിരുന്നു പതിവുള്ള പൊട്ടിച്ചിരികൾ എവിടെയും കേട്ടില്ല. അടക്കിപ്പിടിച്ച പിറുപി

റുക്കലുകൾ മാത്രം. ഉച്ചയ്ക്കുശേഷം പ്രാക്ടിക്കൽ ക്ലാസിൽ നിൽക്കുമ്പോൾ ഓഫീസിൽ നിന്നും ഒരു അറിയിപ്പ് അവളെ തേടിയെത്തി.

'ശ്രീബാലയ്ക്ക് ഒരു കത്ത്. '

തിടുക്കത്തിൽ എഴുതിയതെങ്കിലും കൈയക്ഷരം പരിചയമുള്ളതുപോലെ. കോളേജ് അഡ്രസ്സിലാണ്. കത്ത് വാങ്ങിയവൾ ബാഗിൽ വെച്ചു . പ്രാക്ടിക്കൽ തിരക്കിനിടയിലും വീട്ടിലേക്കുള്ള ഓട്ടത്തിനിടയിലും കത്തിനെക്കുറിച്ച് മറന്നുപോയി. വീട്ടിലെത്തി ചായ കുടിക്കാനിരുന്നപ്പോഴാണ് അവൾ അക്കാര്യം ഓർത്തത്. പോയ ദിവസങ്ങളിലെ സംഭവങ്ങൾ അവളുടെ ഊർജ്ജസ്വലതയെ ചോർത്തിക്കളഞ്ഞിരുന്നു. മുറിയടച്ചിട്ട് അവൾ കത്ത് പുറത്തെടുത്ത് തുറന്നു. പ്രിയപ്പെട്ട ബാലേ, നിന്നോട് മാത്രമാണ് എനിക്ക് ഹൃദയം തുറക്കാനുള്ളത്. കുട്ടിക്കാലത്ത് ഞങ്ങളുടെ ഏറ്റവും അടുത്ത ഒരു ബന്ധു എന്നെ വല്ലാതെ നോവിച്ചിരുന്നു. ആരോടും ഞാൻ പറഞ്ഞില്ല . അയാൾ എന്റെ അച്ഛനെയും അമ്മയെയും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയിരുന്നു. പിന്നെ അയാൾ ദൂരെ എവിടേക്കോ പോയപ്പോൾ ആശ്വാസമായിരുന്നു. ഇന്നലെ വീണ്ടും അയാൾ.. വീട്ടിൽ ആരുമില്ലാത്ത നേരത്ത് .. എനിക്ക് വയ്യ. ഞാൻ പോവാട്ടോ. ഇനി നിങ്ങളെ ഒന്നും കാണാൻ പറ്റില്ലല്ലോ ന്ന് മാത്രാ എന്റെ വിഷമം . എന്റെ അച്ഛനും അമ്മയും അനിയനും ഒരുപാട് സങ്കടപ്പെടും. എന്നാലും എനിക്ക് വയ്യാട്ടോ..

നീ ഇതൊന്നും ആരോടും പറയരുത്.

മീനാക്ഷി

കത്ത് അവളുടെ കയ്യിലിരുന്ന് വിറച്ചു . അക്ഷരങ്ങൾ മങ്ങിക്കൊണ്ടേയിരുന്നു. മാറിടത്തിൽ ആരോ അമർത്തി ഞെരിക്കും പോലെ അവൾക്ക് തോന്നി . ആരോടും പറയാതിരുന്ന ഒരു രഹസ്യം കറുത്ത തടിച്ച വിരലുകളാൽ അവളെ ഞെരുക്കി. അയാൾ മരിച്ചുപോയിട്ടും ശരീരത്തിൽ നിന്നും അടർന്നു മാറാത്ത വിരലുകളെയോർത്തപ്പോൾ അവൾക്ക് അറപ്പ് തോന്നി . അവൾ ബാത്റൂമിലേക്ക് ഓടി. അയാളുടെ വിരലുകൾ അമർന്ന ശരീരഭാഗങ്ങളിൽ സോപ്പ് തേച്ച് കഴുകിക്കൊണ്ടേയിരുന്നു.

' ഈ പെണ്ണ് എത്ര നേരമായി കുളിക്കാൻ കയറിയിട്ട് . ഒരു ടാങ്ക് വെള്ളം ഇപ്പോൾ തീരൂല്ലോ'

എന്ന് പറഞ്ഞു അമ്മ വാതിലിൽ മുട്ടി വിളിച്ചത് അവൾ കേട്ടതേയില്ല.



കവിത



# ബോഗൻവില്ല പൂക്കൾ പറഞ്ഞത്

ആത്മഹത്യ ചെയ്തുറുങ്ങുന്നവന്റെ
നീലിച്ച കൺപോളകളിൽ
സങ്കടക്കടൽ കുടിച്ചു വറ്റിച്ച ഉപ്പുരുചി
നിറഞ്ഞിരിയ്ക്കും.

മഴപെയ്തു തോർന്ന മണ്ണിൽ
അതിർത്തിവരയ്ക്കുന്ന നെയ്യുറുമ്പിൻ
കൂട്ടം അധിനിവേശത്തിനായി മൂക്കിൻ
തുമ്പിലേയ്ക്ക് ആദ്യഅസ്ത്രമയക്കും.

മുറിയിലെ ചിതലുതിന്ന പുസ്തകങ്ങൾക്കുള്ളിൽ
ഒരഭിസാരികയെപോലെ
ഒരുവൾ കവിതയിലേയ്ക്ക് ലഹരി പകർന്ന്
കഴിഞ്ഞിരിയ്ക്കും.



സുഭാഷ് പോണോളി.

ഒളിയമ്പേറ്റ് ഉയിരുതീർന്നവരുടെ
അന്ത്യശ്വാസം ആകാശത്ത് ഉൽക്കയായി
പുനർജ്ജനിയ്ക്കും.

ദുരിതകാണ്ഡത്തിൻ
അവസാനയാത്രയിൽ
അതിശൈത്യപ്പെട്ടിയിലെ
കാത്തുകിടപ്പിൽ പാതിയടഞ്ഞ കണ്ണുകൾ
മടുത്ത കാഴ്ച്ചകളോട് മാപ്പ് ചോദിക്കും.

വെട്ടിപ്പൊളിച്ച തലയോട്ടിയും,നെഞ്ചും,വാ
പിളർന്ന് അമ്മേയെന്ന് വിളിയ്ക്കാൻ കൊതിയ്ക്കും.

അലറിക്കരഞ്ഞെത്തിയ
പെങ്ങൾ മുതൽ പകുക്കാത്തതിന്റെ
ആശ്വാസ ശ്വാസമെടുക്കും.

തെമ്മാടിക്കുഴിയിലെ ആളും ഇനക്കവുമില്ലാത്ത
ഒരിടത്തുവെച്ച് തലയോട്ടികൾ,എത്തിനോക്കുന്ന
ബോഗൻവില്ലപ്പൂക്കളോട് ജീവിത
സുഗന്ധത്തെകുറിച്ച് ഉണർത്തിച്ചുകൊണ്ടിരിക്കുന്നു.





# പേൻ നോട്ടം

ആരാണ് ഏറ്റവും നല്ല
പേൻ നോട്ടക്കാരി

ഓരോ പേനെടുക്കുമ്പോഴും
പത്തുപേരുടെയെങ്കിലും
ഇറച്ചിയും ചോരയും സമാസമം ചേർത്ത്
പച്ചയ്ക്കു ചവച്ചരയ്ക്കുന്നവളാണ്

വീരപ്പനെ വെല്ലുംവിധം
തലഭൂപടങ്ങളെ കൃത്യമായി പഠിച്ച്
കൈതോക്കിനു പകരം
നാക്കും വിരലുമുപയോഗിച്ച്
സത്യമംഗലം കാടുകളിൽ
ആനവേട്ട നടത്തുന്നവളാണ്

പേൻ മുട്ടുമ്പോഴൊക്കെയും
സംഗീതമഭ്യസിക്കാതെ തന്നെ
'ച്സ്..സ് ' ശബ്ദങ്ങൾ
വ്യാകരണമൊട്ടും പിഴക്കാതെ
മനോഹരമായി ഉച്ചരിക്കുന്നവളാണ്

സായാഹ്ന സവാരിക്കിറങ്ങിയ
മൊല്ലാക്കാനെ കണ്ട്
തട്ടവുമായി കൈകളെല്ലാം തലകയറുമ്പോൾ
ഒട്ടും കൂസാതെ
നാലഞ്ചു പേനെങ്കിലുമധികം
എരടിയെടുക്കാൻ നോക്കുന്നവളാണ്

കോമ്പല കോർത്തയിരിപ്പിൽ
ഉടയാടകൾ മുട്ടിനുമീതെ
പരമാവധി വലിച്ചുകയറ്റി
തുട കൂടുതൽ വെളിവാക്കാൻ
പരിശ്രമിക്കുന്നവളാണ്

പേനെടുപ്പു കഴിയുമ്പോഴേക്കും
ഒരു നാടിനെയൊന്നാകെ വിഴുങ്ങിയിട്ടും
ദഹനക്കേട് ഒട്ടും അനുഭവിക്കാത്തവളാണ്

പേൻ നോട്ടമൊരു കലയാണ്
നാക്കുവഴക്കം കൂടി ചേരുവയാക്കിമാത്രം
അഭ്യസിക്കാൻ പറ്റിയ
ഒന്നാന്തരം കല
എന്നാലീ കല പഠിപ്പിച്ചിരുന്ന
കലാലയങ്ങളൊക്കെയുമിന്ന്
അടഞ്ഞുകിടക്കുകയാണ്



സെയ്തലവി വിളയൂർ




കഥ

# മുക്തിപഥം



പിയാർകെ ചേനം

**വ**ളരെനേരത്തെ കാത്തിരിപ്പിനൊടുവിലാണ് മഹാരാജ് ദയാനന്ദ സരസ്വതി സ്വാമികളെ കാണാനായി അകത്തേയ്ക്ക് പ്രവേശനം ലഭിച്ചത്. വലിയ ഭക്തനൊന്നുമല്ലെങ്കിലും യാത്രാമധ്യേ ഉത്ത രകാശിയിലെത്തിയപ്പോൾ ഒരു ആഗ്രഹം. തപസ്സും ധ്യാനവുമായി ആയിരക്കണക്കിന് സന്യാസിമാർ ഉള്ള ഉത്തരകാശിയിൽ വന്നിട്ട് ഒരൊറ്റ സന്യാസിയെപ്പോലും കാണാതെ തിരിച്ചു പോകുന്നത് ശരിയല്ല. ഏതെങ്കിലും ഒരു ആശ്രമത്തിൽ കയറണം. അവിടത്തെ സ്വാമിജിയെ കണ്ട് ഒന്നു ന മസ്കരിക്കണം. അതിനായി അനുവാദം ശിഷ്യൻ അറിയിച്ചതും ചെരുപ്പുകൾ പുറത്ത് അഴിച്ചുവെച്ച് വേഗം അകത്തുകയറി. അകത്തുകടന്നതും അറിയാതെ നോട്ടം അദ്ദേഹത്തിന്റെ മുഖത്തേക്ക് പ തിച്ചു. പ്രകാശം പരത്തുന്ന നല്ല സുന്ദരൻ മുഖം, കണ്ണുകളിൽ നിന്നുവരുന്ന കിരണങ്ങൾക്ക് യുഗങ്ങളോളം സഞ്ചരിക്കാനുള്ള കരുത്തുള്ളതായി തോന്നി, യഥാർത്ഥ തപസ്വികളായ ഋഷിവര്യന്മാർ ത്രികാലജ്ഞാനികളും നോട്ടത്താൽ എല്ലാം തിരിച്ചറിയുന്നവരുമാണെന്ന് കുട്ടിക്കാലത്ത് അമ്മൂമ്മ പറഞ്ഞുതന്ന കഥകളിലൂടെ പരിചിതമായിരുന്നതിനാൽ അതിൽ അത്ഭുതം തോന്നിയില്ല. പക്ഷെ മിഴികളിലെ അസാധാരണമായ തിളക്കം വല്ലാതെ അസ്വസ്ഥതയുണ്ടാക്കി. ഒരു നൂറുരൂപ നോട്ട് മൂർത്തിയുടെ മുന്നിൽ വെച്ച് സ്വാമിജിയുടെ പാദങ്ങളിൽ നമസ്കരിച്ചു. തൊടുന്നത് അശുദ്ധിയുണ്ടാക്കുമോ എന്ന ഭയമുണ്ടായതിനാൽ വളരെ ശ്രദ്ധിച്ചാണ് കൈകൾ കൂപ്പി നമസ്കരിച്ചത്. എന്നാൽ എത്ര ശ്രമിച്ചിട്ടും വിരലുകളെ നിയന്ത്രിക്കാനായില്ല. അറിയാതെ വിരലുകൾ അദ്ദേഹത്തിന്റെ പാദങ്ങളെ തൊട്ടു. വൈദ്യുതാഘാതമേറ്റതു പോലെ ശിരകളിൽ അത് പ്രകമ്പനമുണ്ടാക്കി. പെരുവിരൽ മുതൽ ശിരസ്സുവരെ ഒരു ഞെട്ടിവിറയൽ അനുഭവപ്പെട്ടു. തനിക്ക് പ്രിയപ്പെട്ട ആരെയോ തൊട്ടതിന്റെ അനുഭൂതി ഹൃദയ



ത്തെ വരിഞ്ഞു മുറുക്കി. മിഴികൾ അറിയാതെ കൂമ്പി, ജലകണങ്ങൾ ഒഴുകിയെത്തുന്നതും അടഞ്ഞ കൺപീലികൾ തകർത്ത് പുറത്തേക്കൊഴുകുന്നതും അറിഞ്ഞു. സ്വാമിജി ധ്യാനാവസ്ഥയ ലിരിക്കുകയായിരുന്നു. ഞെട്ടി വിറച്ച് അദ്ദേഹം പെട്ടെന്ന് മിഴികൾ തുറന്നു. അസ്വസ്ഥത നിറഞ്ഞ മിഴികളോടെ എന്നെ നോക്കി. കൈകൾ ഉയർത്തി അനുഗ്രഹിച്ചു.

ആ ഒരൊറ്റ സ്പർശം എന്തെല്ലാം അനുരണനങ്ങളാണ് തന്നിലുണ്ടാക്കിയത് എന്ന് പുറത്തിറങ്ങുമ്പോൾ വെറുതേ ഓർത്തു. ഒപ്പം പഴയകാല ചിന്തകൾ വെറുതേ അലട്ടാൻ തുടങ്ങി.

അമ്മയുടെ അലമുറയിട്ട കരച്ചിൽ കണ്ട് വിഷമം സഹിക്കവയ്യാതെ മിഴി നിറഞ്ഞു പോയ ഒരു അഞ്ചുവയസ്സുകാരന്റെ അവ്യക്തമായ ചിത്രം മനസ്സിൽ തെളിഞ്ഞു. അമ്മയെ വേദനിപ്പിച്ച ഒരു പോസ്റ്റ് കാർഡ് അപ്പോഴും ഇറയത്ത് വാതിൽപ്പടിക്കടുത്ത് മരവിച്ചു കിടന്നിരുന്നു. ആ അഞ്ചുവയസ്സുകാരൻ അവിടെ കിടന്ന പോസ്റ്റ് കാർഡ് എടുത്ത് തിരിച്ചും മറിച്ചും നോക്കി. തന്റെ അമ്മയെ ഇത്രയേറെ കരയിപ്പിക്കാനായി അതിൽ എന്താണ് എഴുതിയിരിക്കുന്നത് എന്ന് അവന് അറിയണമെന്നുണ്ടായിരുന്നു. എന്നാൽ അവന് ഒന്നും മനസ്സിലാക്കാനായില്ല. ആ കാർഡിൽ രണ്ടോ മൂന്നോ വാക്കേ ഉണ്ടായിരുന്നുള്ളൂ.

അമ്മൂമ്മ അമ്മയെ ചീത്ത വിളിച്ചു കൊണ്ടിരുന്നു

നിന്നെ വേണ്ടാത്തവനെപ്പറ്റി നീയെന്തിനാടീ ആവലാതിപ്പെടുന്നേ?

അപ്പോഴും അമ്മ കരഞ്ഞു. വിഷമം സഹിക്കവയ്യാതെ അമ്മയുടെ ചേരെ ചെന്നുനിന്ന് ചോദിച്ചു. അമ്മ എന്തിനാ കരയുന്നേ? അതിനും അമ്മയുടെ മറുപടി കരച്ചിൽ മാത്രമായിരുന്നു തലയിലും മുടിയിലും വിരലോടിച്ച് അമ്മ എന്നെ ചേർത്തു പിടിച്ച് കരഞ്ഞു.

പിന്നീട് കൂട്ടകാർ പറഞ്ഞാണ് അറിഞ്ഞത്. അച്ഛൻ ഗോവിന്ദൻ നായര് വീടുവിട്ട് ദൂരസ്ഥലത്തേയ്ക്ക് പോയിരിക്കുന്നു. അവരുടെ വീട്ടിൽ അതെല്ലാം ചർച്ചയാണത്രെ. സ്വന്തം വീട്ടിൽ ഒരക്ഷരം ആരും

മിണ്ടാറില്ല. അമ്മൂമ്മയ്ക്ക് അമ്മയെ ചീത്ത വിളിക്കാനും അമ്മയ്ക്ക് കരയാനും മാത്രമുള്ള സമയമേ ദിവസവും കാണൂ. സ്കൂളിൽ നിന്നും പഠിക്കാനുള്ള പാഠങ്ങളുമായി പട പൊരുതുമ്പോഴും വീടിന്റെ സംഗീതമായി അമ്മൂമ്മയുടെ ശകാരവും അമ്മയുടെ നിലവിളികളും നിലനിന്നു പോന്നു,


എവിടെ നിന്നോ നാട്ടിലെത്തിയ ഒരാളായിരുന്നു അച്ഛൻ, അമ്മ അങ്ങേരുമായി ലോഹ്യത്തിലെത്തിയ നാൾ മുതൽ അമ്മാവന്മാർ അമ്മക്കെതിരായി. നല്ല അദ്ധ്വാനിയായ അച്ഛന്റെ തടിമിടുക്കിൽ കമ്പം കേറിയ അമ്മ അതൊന്നും വകവെച്ചില്ല. ഒരു ദിവസം അച്ഛന്റെ കൂടെ വീടുവിട്ട് ഇറങ്ങിപ്പോവുകയായിരുന്നു. നാട്ടിലെ ധനിക കർഷകനായ പൂശാരുടെ ലൈൻ മുറികളിൽ ഒന്ന് വാടകക്കെടുത്ത് താമസിച്ചു. നാട്ടിൽ പറമ്പിലും പാടത്തുമായി എന്നും ജോലി ഉണ്ടായിരുന്നതിനാൽ കുടുംബജീവിതം സന്തോഷകരമായി മുന്നോട്ടു പോയി, അമ്മാവന്മാർ തള്ളിപ്പറഞ്ഞപ്പോഴും അമ്മൂമ്മക്ക് അമ്മയോട് പകയൊന്നും ഉണ്ടായിരുന്നില്ല. അമ്മൂമ്മ ഇടയ്ക്കിടെ അവിടെ വരും, വീടു പണിയാനുള്ള പണമുണ്ടാക്കാൻ പ്രേ രിപ്പിക്കും. തറവാടിന്റെ പടിഞ്ഞാറേ തൊടിയിൽ വീടു വെയ്ക്കാൻ സ്ഥലം തരാമെന്ന് വാഗ്ദാനം ചെയ്യും. ലൈൻ മുറിയിലാണ് താമസമെങ്കിലും സന്തോഷകരമായിരുന്നു ജീവിതം. ഒന്നിനും ഒരു മുട്ടും ഉണ്ടായിരുന്നില്ല. നിത്യവും ഒരു സംഖ്യ സമ്പാദ്യമായി നീക്കിവെക്കാനും കഴിഞ്ഞു. അതെല്ലാം നാട്ടിലെ കുറികളിൽ അടച്ച് വീടിനുള്ള സ്വപ്നം പെരുപ്പിച്ചു കൊണ്ടിരുന്നു.

വർഷം രണ്ടു തികയുന്നതിനു മുന്നേ ത്തന്നെ എന്റെ പിറവിയുണ്ടായി, അച്ഛനിൽ അത് ഉത്സാഹത്തെ പെരുപ്പിച്ചു . കുടുംബം യാതൊരു അല്ലലുമില്ലാതെ സന്തോഷത്തോടെ മുന്നോട്ടു പോയി. എന്റെ രണ്ടാമത്തെ പിറന്നാൾ ദിനത്തിന് ഉച്ചയ്ക്ക് സദ്യയൊരുക്കി അമ്മ കാത്തിരുന്നെങ്കിലും അച്ഛൻ എത്തിയില്ല. എന്നും കൃത്യസമയത്ത് വീട്ടിൽ വന്ന് ഭക്ഷണം കഴിക്കാറുള്ള അച്ഛൻ അന്ന് സമയത്തിന് വന്നില്ല. അമ്മൂമ്മ അന്ന് എന്തൊക്കെയോ പദ്ധതികൾ അച്ഛനോട് പറയാനായി ഉത്സാഹത്തോടെ കാത്തിരിക്കുകയായിരുന്നു. നാലുമണിയോടെ കുറേ കുറ്റപ്പെടുത്തി കൊണ്ട് അമ്മൂമ്മ തിരിച്ചു പോയി. അന്ന് ഏറെ വൈകിയാണ് അച്ഛൻ വന്നത്. വല്ലാതെ ക്ഷീണിതനായിരുന്നു. വന്നപാടെ അമ്മ പലതും പറഞ്ഞു. എന്നാൽ അച്ഛൻ ഒരക്ഷരം മറുപടി പറഞ്ഞില്ല. നന്നായി വിശേഷങ്ങൾ പറയുമായിരുന്ന അച്ഛൻ അന്ന് മൂകനായിരുന്നു. കുറച്ചു സമയം അദ്ദേഹം വെറുതെ ഇരുന്ന ശേഷം അകത്തുപോയി ട്രങ്ക് പെട്ടി തുറന്ന് അതിൽ വെച്ചിരുന്ന പണമെല്ലാം അമ്മയെ ഏല്പിച്ചു. എന്നിട്ട് പ റഞ്ഞു. കുറികളെല്ലാം വട്ടമെത്തുമ്പോൾ നമുക്ക് വീടുവെക്കാനുള്ള വകയായി, ആ ഉത്തരവാദിത്തം ഞാൻ നിന്നെ ഏല്പ്പിക്കുന്നു. അമ്മ പണം കയ്യിൽ പിടിച്ച് മിഴിച്ചിരുന്നു പോയി. അദ്ദേഹം പിന്നെ ഒന്നും പറയാതെ പായ വിരി

ച്ച് ഉറങ്ങാൻ കിടന്നു.

നേരം പുലർന്നപ്പോൾ വീട്ടിൽ അച്ഛനില്ലായിരുന്നു. അമ്മയ്ക്ക് പരിഭ്രമമായി. പലയിടത്തും തിരഞ്ഞു. പറമ്പിലും പാടത്തും കിണറ്റിലും കുളങ്ങളിലുമെല്ലാം തിരഞ്ഞു. ഒരിടത്തും അച്ഛനെ കണ്ടെത്താനായില്ല. അമ്മ കുറേ കരഞ്ഞു, ആ കണ്ണീർ പിന്നെ തോർന്നതേയില്ല. അച്ഛനെക്കുറിച്ച് പിന്നെ യാതൊരു അറിവുമില്ലാതായി, അമ്മാവന്മാർ അമ്മയെ കുറ്റപ്പെടുത്തി കൊണ്ടിരുന്നു. എവിടെ നിന്നോ കയറി വന്നവൻ ഇന്ന് എവിടേക്കോ ഇറങ്ങിപ്പോയി. സ്വന്തം ഇഷ്ടത്തിന് കൂടെ കൂടിയതല്ലേ അനുഭവിച്ചോട്ടെ ചീത്തകൾ പറഞ്ഞാലും അമ്മൂമ്മക്ക് സഹിച്ചില്ല. മാസങ്ങൾ കഴിഞ്ഞിട്ടും അച്ഛൻ തിരിച്ചു വരാതായപ്പോൾ അമ്മൂമ്മയാണ് തറവാടിന്റെ പടിഞ്ഞാറേ തൊടിയിൽ ഒരു കുടിലുകെട്ടി അമ്മയെ അവിടെ കൊണ്ടുവന്ന് പാർപ്പിച്ചത്. പിന്നീടാണ് എവിടെ നിന്നാണ് എന്ന് യാതൊരു തെളിവും കാണിക്കാത്ത ആ പോസ്റ്റ് കാർഡ് വന്നത്. അതിൽ ഇങ്ങനെ എഴുതിയിരുന്നു.

കാത്തിരിക്കണ്ടാ, ഇനിയൊരു തിരിച്ചുവരവില്ല. ജീവിച്ചിരിക്കുന്നു എന്ന അറിവ് ദു ഖത്തിന്റെ ആഴം കുറച്ചു. പക്ഷെ ഒപ്പമില്ലാത്തതിന്റെ വേദന അമ്മയിൽ മാത്രമായിരുന്നില്ല. ബോധം വെച്ചു വരാൻ തുടങ്ങിയ നാൾ കൂട്ടുകാരുടെ അച്ഛന്മാരെ കാണുമ്പോൾ മനസ്സ കേഴും. തനിക്കും അച്ഛൻ ഇല്ലാതെയല്ല. അച്ഛന്റെ തിരിച്ചുവരവ് സ്വപ്നം കണ്ട് എത്ര നാളാണ് രാത്രിയിൽ ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടന്ന് നേരം വെളുപ്പിച്ചത്. അച്ഛന്റെ സ്നേഹം എന്തെന്നറിയാതെ അമ്മാവന്മാരുടെ കുറ്റപ്പെടുത്തലുകൾ യഥേഷ്ടം അനുഭവിച്ച് അവിടെ ജീവിക്കാൻ പ്രയാസം തോന്നി. സ്കൂൾ പഠനം പൂർത്തിയാകുന്നതിനു മുന്നേ നിത്യരോഗിയായി തീർന്ന അമ്മ പോയി, അതിനു ശേഷം ആരോരുമില്ലാത്തവനായി അമ്മാവന്മാരുടെ കണ്ണിലെ കരടായി അവരോടൊത്ത് കഴിഞ്ഞു. ഏക ആശ്വാസം അമ്മൂമ്മയായിരുന്നു. ഇന്റർമീഡിയറ്റ് കഴിഞ്ഞ സമയത്താണ് ഏക ആശ്രയമായ അമ്മുമ്മയും വിട പറഞ്ഞത്. തന്നെ സ്നേഹിക്കാൻ, ഇഷ്ടപ്പെടാൻ, നന്മക്കായി ഗുണദോഷിക്കാൻ



ആരുമില്ലാത്ത നാട് ഒരു ശാപമായി ചുറ്റിലും ഇരുട്ടു പരത്താൻ തുടങ്ങിയപ്പോൾ ആരോടും പ റയാതെ നാടുവിട്ടു.

ജോലിക്കു വേണ്ടിയുള്ള അലച്ചിലുകളായിരുന്നു പിന്നെ. എത്രയെത്ര സ്ഥാപനങ്ങളിലാണ് ആദ്യമെല്ലാം ജോലി ചെയ്യേണ്ടി വന്നത്. എല്ലാം ഇടയ്ക്കു വെച്ച് ഉപേക്ഷിക്കേണ്ടിവന്നു. അവസാനം നല്ലൊരു കമ്പനിയിൽ ജോലിക്കു കയറാനായി അവിടെ ഉറച്ചുനിൽക്കാൻ വേണ്ട സാഹചര്യങ്ങളുണ്ടായിരുന്നു. അത് ആ സ്ഥാപനത്തിന്റെ മാനേജർ തസ്തികയിലേക്ക് തന്നെ ഉയർത്തി, വർഷങ്ങൾ കടന്നുപോയത് അറിഞ്ഞതേയില്ല. ജീവിതം പച്ചപിടിക്കാൻ തുടങ്ങിയപ്പോഴാണ് ശാലിനിയെ കണ്ടുമുട്ടുന്നത്. അവളുമായുള്ള പരിചയം ജീവിതത്തിന് പല അർത്ഥങ്ങളും കൊണ്ടുവന്നു. അവൾ തിരക്കിയപ്പോഴായിരുന്നു തനിക്ക് മുപ്പത് വയസ്സ് തികഞ്ഞിരിക്കു

ന്നു എന്ന ബോധമുണർന്നത്. ബന്ധുക്കളും സ്വന്തക്കാരുമൊന്നുമില്ലാത്തതിനാൽ വിവാഹം ശാലിനിയുടെ വീട്ടുകാരുടെ തീരുമാനങ്ങൾക്കായി വിട്ടുകൊടുത്തു. അടുത്ത മാസമാണ് അവർ തിയ്യതി നിശ്ചയിച്ചിരിക്കുന്നത്. അതിനിടെ വീണു കിട്ടിയ ഒഴിവു ദിനങ്ങൾ ഹിമാലയൻ മലമടക്കുകളിൽ ഒരു യാത്ര പോകണമെന്ന് മോഹമുണർത്തി, അങ്ങനെയാണ് ഡൽഹിയിൽ നിന്നും ഡെറാഡൂൺ വഴി ബാർക്കോട്ടിലേക്കും അവിടെ നിന്നും യമുനോത്രിയിലേക്കും സഞ്ചരിച്ചത്. ആത്മീയത നിറഞ്ഞുനിന്ന യാത്രയായിരുന്നു അത്. ഗംഗോത്രിയിലേക്കുള്ള യാത്രാമധ്യേയാണ് ഉത്തരകാശിയിൽ എത്തിയത്. വിശ്വനാഥ ക്ഷേത്രവും ഭഗീരഥിയുടെ തീരങ്ങളും ചുറ്റിത്തിരിഞ്ഞ് നടക്കുമ്പോഴാണ് സരസ്വതി മഠം കാണുന്നതും മഹാരാജ് ദയാനന്ദ സരസ്വതി സ്വാമിയെ ഒന്നു കാണണമെന്ന് മോഹമുണ്ടായതും.

അദ്ദേഹത്തെ കണ്ട് നമസ്കരിച്ച് പുറത്തിറങ്ങിയപ്പോൾ മനസ്സിന് നല്ല സുഖം അനുഭവിക്കാനായി.

ആശ്രമത്തിന്റെ പടിയിറങ്ങിക്കൊണ്ടിരിക്കുമ്പോൾ പുറകിൽ നിന്നും ഒരു യുവ സന്യാസി ഒച്ച വെച്ച് വിളിച്ചു. വിളി കേട്ട് തിരിഞ്ഞു നിന്നപ്പോൾ അദ്ദേഹം പറഞ്ഞു.

സ്വാമിജി നിങ്ങളെ തിരക്കുന്നു ഒന്ന് അവിടം വരെ വരാൻ പറഞ്ഞു.

വീണ്ടും പടി കയറി ആശ്രമത്തിലെത്തി, മനസ്സിൽ ചില ആശങ്കകൾ ഉണർന്നു വന്നു. എന്തിനായിരിക്കും സ്വാമിജി തിരിച്ചു വിളിച്ചത്.

സ്വാമിജിയുടെ മുറിയിലെത്തിയപ്പോൾ അദ്ദേഹം തന്റെ പീഠത്തിൽ ഇരിക്കുകയായിരുന്നു.

മുന്നിൽ വിരിച്ചിട്ടിരുന്ന കമ്പളത്തിൽ ഇരിക്കാൻ പറഞ്ഞു. അദ്ദേഹം എന്നെ ശ്രദ്ധിച്ചു നോക്കി കൊണ്ട് ചോദിച്ചു. നിങ്ങൾ എവിടെ നിന്നാണ് വരുന്നത്?

ഡൽഹിയിൽ നിന്ന്

നിങ്ങളുടെ ജന്മനാട്

കേരളം

കേരളത്തിൽ എവിടെ?

ഞാൻ സ്ഥലം പറഞ്ഞു.

അച്ഛൻ അമ്മ?

അച്ഛൻ ഗോവിന്ദൻ നായർ, കൊച്ചുന്നാളിലേ യാത്ര പോയി. പിന്നെ തിരിച്ചു വന്നില്ല. അമ്മ പത്തിരുപത് കൊല്ലം മുമ്പേ മരിച്ചു

അമ്മയുടെ പേര് ?

കുഞ്ഞുലക്ഷ്മി

പിന്നെ അദ്ദേഹം ഒന്നും ചോദിക്കാതെ കുറേസമയം ധ്യാനത്തിലെന്നോണം ഇരുന്നു.

വീണ്ടും ചോദിച്ചു

ഇപ്പോൾ എന്തു ചെയ്യുന്നു

കമ്പനിയുടെ പേരും ജോലി ചെയ്യുന്ന തസ്തികയും പറഞ്ഞു.

കുടുംബം?

അടുത്ത മാസം വിവാഹം നിശ്ചയിച്ചിരിക്കുന്നു. പരിചയക്കാരിയാണ്.

ഇവിടെ വരാൻ കാരണം?

തീർത്ഥയാത്രക്കായി ഇറങ്ങിത്തിരിച്ചതാണ്.

അദ്ദേഹം എല്ലാം കേട്ട് നെടുവീർപ്പിടുന്നതും ഗഹനമായി മറ്റെന്തൊക്കെയോ ധ്യാനിച്ചിരിക്കുകയും ചെയ്യുന്നതായി തോന്നി. പിന്നെ ഒന്നും പറഞ്ഞില്ല. പകരം തന്നെത്തന്നെ ഉറ്റുനോക്കി ഒന്നും പറയാതെ ഇരുന്നു. അദ്ദേഹത്തിന്റെ മിഴികളിൽ നീർക്കണങ്ങൾ പൊടിയുന്നതുപോലെ തോന്നി. കനത്ത മൗനത്തിനു ശേഷം പോയിക്കൊള്ളാനായി കൈക്കൊണ്ട് ആംഗ്യം കാണിച്ചു. ഒരിക്കൽക്കൂടി അദ്ദേഹത്തെ ന മസ്കരിച്ചു. രണ്ടു കയ്കളും ഉയർത്തി അദ്ദേഹം അനുഗ്രഹിച്ചു. ശേഷം ധ്യാനത്തിലെന്നോണം മിഴികൾ അടച്ച് നിശ്ശബ്ദനായി കുറച്ചു നേരം കൂടി അവിടെ ഇരുന്ന ശേഷം പതുക്കെ പുറത്തേക്കിറങ്ങി. അവിടെ നിന്നുമിറങ്ങി നടക്കുമ്പോൾ മനസ്സിൽ അതുവരെ നിറഞ്ഞു നിന്നിരുന്ന ഭാരങ്ങളെല്ലാം ഒഴിഞ്ഞു . നിറഞ്ഞുനിന്ന കാർമേഘങ്ങളെല്ലാം തല്ലിയലച്ച് പെയ്ത് ശൂന്യമായ ആകാശം പോലെ മനസ്സ് പുതുമയാർന്നതായി തോന്നി.

പിറ്റേന്ന് ഗംഗോത്രിയിലേക്ക് യാത്ര തിരിക്കും മുമ്പ് ഹോട്ടലിലെ റിസപ്ഷനിൽ ഇരിക്കുന്ന സമയം അവിടത്തെ ടിവിയിൽ സ്വാമിജി ദയാനന്ദ സരസ്വതിയുടെ ചിത്രം പ്രദർശിപ്പിക്കുന്നുണ്ടായിരുന്നു. അദ്ദേഹം സമാധിയായതിന്റെ വാർത്തകളായിരുന്നു മുഴുവനും, നല്ല ഒഴുക്കുള്ള ഭഗീരഥിയുടെ മടിത്തട്ടിലേക്ക് അദ്ദേഹം സന്ധ്യാസമയത്ത് ഇറങ്ങി നടക്കുകയായിരുന്നു. ജലസമാധി. മീഡിയക്കാരുടെ കമന്ററികൾ തകൃതിയായി നടക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പൂർവ്വാശ്രമം കേരളമായിരുന്നെന്നും പേര് ഗോവിന്ദൻ നായർ എന്നായിരുന്നെന്നും മീഡിയക്കാർ വിളിച്ചു പറഞ്ഞത് മനസ്സിൽ ശക്തമായ അലകളുയർത്തി.

ഗംഗോത്രിയിലേക്കുള്ള യാത്രാസംഘം അപ്പോഴേക്കും തയ്യാറായി വന്നിരുന്നു. അവർക്കൊപ്പം ആശങ്ക നിറഞ്ഞ മനസ്സുമായി യാത്ര തുടർന്നു.

●

കവിത

# കുലയിടിച്ചിൽ

ഇടിഞ്ഞു വരുന്നതൊന്നും
തടുത്തു നിർത്തുവാനാവില്ല
തെങ്ങിൻചോട്ടിൽ നിന്നും
മാറി നിന്നോളൂ വേഗം !

ആകാശപ്പൊക്കമാണ്
നല്ല കായ്പ്പുള്ളതാണ്
ഇടതിങ്ങി നിറഞ്ഞ കുലയാണ്
മഴ പെയ്യും കാലമാണ്
കയറിപ്പറിക്കാൻ പാടാണ്
ഊരിപ്പോരും വഴുവഴുക്കാണ്!

കെട്ടുകയറു കൊണ്ടുവരിഞ്ഞ്
തെങ്ങിൻ കുല കൂട്ടിക്കെട്ടി
മടലു കൊണ്ടു കുത്തിനിറുത്തി
പണ്ടത്തെപ്പോലെയിപ്പോൾ
കുലയിടിച്ചിൽ തടയാറില്ല!

ഇപ്പെരുമഴയത്തൊന്നേ ചെയ്യാനുള്ളൂ
പനപോലുള്ളീ തെങ്ങിൽ കയറരുത്
കാറ്റത്തതിൻ ചോട്ടിൽ നിൽക്കരുത്!

കൊയ്യക്കാരൻ ചങ്ങരൻ
ചായ്ഞ്ഞൊന്നു നോക്കി
തഴമ്പിച്ച കൈയിൽ
വായ്പൊത്തിച്ചിരിക്കും വാക്കത്തി
ചുമലിൽ തലയാട്ടും കാൽതളപ്പ് !

കുത്തനെയൊറ്റക്കയറ്റമായിരുന്നു
പേമാരി പേക്കൂത്താടി
ഇടിമിന്നലിക്കിളി കൂട്ടി
മഴയമ്പുകൾ കുത്തിക്കയറി

മഴയും മഴക്കാറും നോക്കി നിൽക്കേ
ചങ്ങരൻ തെങ്ങിൻകുല കൂട്ടിക്കെട്ടി!

ആ തെങ്ങിൻ ചുവട്ടിലല്ലോ
ഞാനീ പെരുമഴയത്ത്
പുള്ളിക്കുടയും ചൂടി
ക്യാമറയും പിടിച്ച് നിൽക്കുന്നത്!



യൂസഫ് നടുവണ്ണൂർ

# രണ്ടു മഴക്കവിതകൾ

**കവിത**

## 1) രാത്രിയിലെ പൂക്കളം

○○○○○○○○○○○○○○○○○○○○○

മഴ പെയ്യുന്ന രാത്രിയിൽ
കാറിൽ ഗേറ്റിങ്കലെത്തുന്നു
ഹെഡ് ലൈറ്റിനാൽ, കാണുന്നു
ടൈലിട്ട മുറ്റത്തെയലങ്കാരം.

ചാഞ്ഞു നിൽക്കുന്ന മൊസാണ്ട
കമ്പുകളിലുലയുന്നപൂക്കൾ
മുക്കൂറ്റി മുളക്കാത്ത ടൈലിൽ പൊഴിഞ്ഞ
സുമങ്ങളുടെ പരവതാനി .

മുകളിലും, മുറ്റത്തും പൂവിളയാട്ടം
മനസ്സിലോ, ആനന്ദ തേരോട്ടം.
പൂപ്പരവതാനിക്കു മേലെങ്ങനെ
കാറോടിക്കും? നിനച്ചു ഞാൻ .
യാമങ്ങളങ്ങനെ കടന്നുപോയി
ചിന്തകൾ തൻ തേരുരുണ്ടു പോയി.



**ഡോ.പി.സജീവ്കുമാർ**

## 2) മഴയിലെ പകൽക്കാഴ്ച.

○○○○○○○○○○○○○○○○○○○○

മഴ പെയ്യുന്ന പകലിൽ
കാറോടിക്കുന്നു നഗരവാരിധിയിലേക്ക്.
വഴിയോരത്തൊരാൾ
കഴുത്തിൽ മഴുതൂക്കി
മഴയത്തു നടക്കുന്നു
നനഞ്ഞു കുതിർന്ന വസ്ത്രം
മറുതോളിലൊരു സഞ്ചി.
വിറകുവെട്ടുകാരനവ -
നറിയാതെയോ ,പരിണാമങ്ങൾ?
വിറകടുപ്പിൽ പാചകം ചെയ്യുവതാര് ?
വീടുകളിലടുക്കളയിൽ
എൽ പി.ജിയും,നാച്ചുറൽ ഗ്യാസും.
മഴയത്തവനിന്നെങ്ങു പോകുന്നു
ഏതു വീട്ടിലെ, വിറകുവെട്ടാൻ?
മഴയിൽ കുതിരാതെയൊരു
കടത്തിണ്ണയിൽ കയറിക്കൂടേ.
ഇവ്വണ്ണം ചിന്തിച്ചു പോകുന്നു,
കാർനിർത്താനൊത്തില്ലെങ്കിലും .

കവിത

# തോക്കുകളി



**എം. കപിൽദേവ്.**

## 1

എത്ര തലച്ചോറുകൾ ചിതറിച്ചു,
പുതിയ ചിന്തകളുണ്ടായില്ലേ ?
എത്ര ഹൃദയങ്ങൾ തുളച്ചു,
പിന്നെയും
പാട്ടുകളുണ്ടായില്ലേ ?
തോക്കേ ,
നീ
തോറ്റവനാകുന്നു.
പൂവ് പറഞ്ഞു നിർത്തി.
തോക്ക്
സ്വയം പൊട്ടി മരിച്ചു.

## 2

താങ്കൾ എത്ര പേരെ കൊന്നിട്ടുണ്ട് ?
മരിച്ചവരുടെ ലോകത്തിരുന്ന്
ഹിറ്റ്ലർ
സ്റ്റാലിനോട് ചോദിച്ചു.
സ്റ്റാലിന്
അത് അറിയില്ലായിരുന്നു.
താങ്കളോ ?
സ്റ്റാലിൻ തിരിച്ചു ചോദിച്ചു.
ഹിറ്റ്ലറിനും
അത് അറിയില്ലായിരുന്നു.
പക്ഷേ,
ഗോഡ്സയെക്ക്
ഉത്തരമുണ്ടായിരുന്നു.
'ഒരു യുഗത്തെ മുഴുവനായും '.

## 3

ഇന്ന് എത്ര പേരെ തട്ടി ?
നക്ഷത്രരാവിനെ സാക്ഷിയാക്കി
പിതാവ് പുത്രനോടു ചോദിച്ചു.
സെഞ്ചുറി തികയ്ക്കാനായില്ലന്ന്
പുത്രൻ വിലപിച്ചു.
പിന്നെ
സ്മാർട്ട് ഫോണിലെ
തോക്കുകളിയിലേക്ക് മുഖം താഴ്ത്തി.





# കോലൈസ്

കവിത



രജനി സുരേന്ദ്രൻ

ഉത്സവപ്പറമ്പിൽ ഞാൻ
കോലൈസു നുണയവേ
മക്കൾ ചോദിച്ചീടുന്നു
അമ്മയിപ്പോഴും കുഞ്ഞോ

ഒട്ടൊന്നു ചിരിതൂകി
ഉത്തരം പറയവേ
കുട്ടിത്തമെന്നിൽ നിന്നും
കുതറിത്തെറിക്കുന്നു

ഓർത്തു ഞാൻ കാലത്തിന്റെ
കുത്തൊഴുക്കിലായെന്റെ
ബാല്യത്തിൻ മരണവും
യൗവനത്തിളക്കവും...

ഓർമ്മതൻ വളപ്പൊട്ടെൻ
കൈവിരൽത്തുമ്പിൽ വീണ്ടും
പോറലേൽപ്പിക്കും പോലെ
തെല്ലിട പിടഞ്ഞു ഞാൻ

അകലെച്ചായംചിന്തും
അന്തിവെൺമേഘത്തോപ്പിൽ
അടരാൻ മടിക്കുന്നു
പകലിൻ ദീർഘശ്വാസം .

രാവിലെ കുടിച്ചൊരാ
കയ്പുള്ള കട്ടൻചായ
നാവിലേക്കിറങ്ങുന്നു
കളിയായ് മൊഴിയുന്നു ;

മതിയായില്ലേ നിനക്കി -
നിയും കനവിന്റെ,
മധുരക്കറി കൂട്ടി
മത്താടി നടക്കുവാൻ

തലയിൽ വെള്ളിച്ചന്തം
നിറയ്ക്കും കുറുനിര
തഴുകിത്തലോടുവാൻ
പതിയെയടുത്തെത്തി .

ഒട്ടു നോവുകൾ താണ്ടി
വിണ്ടതാം കാല്പാദങ്ങൾ
ഒട്ടുമേയനക്കുവാൻ
ആവാതെയിരിക്കവെ

മക്കളോതുന്നു വീണ്ടും
ഷുഗർ കൂടിയമ്മയ്ക്ക്
അപ്പോഴേ പറഞ്ഞില്ലേ
മധുരമൊഴിവാക്കാൻ

ഒത്തിരി കനം തൂങ്ങും
മനസ്സിൻ മടുപ്പിൽനിന്ന-
ത്രയുമായാസപ്പെട്ടോ -
തി ഞാൻ പതുക്കവേ..

ജീവിതം മുഗ്ദ്ധപ്രേമ-
സാഗരമല്ലോ മർത്യർ-
ക്കാവതും നുണയുവാ -
നാവതേ കൊതിപ്പു നാം

ചവർപ്പിൻ കണ്ണീരുപ്പു
കുടിക്കാൻ വിധിക്കിലും
ഇനിപ്പിൻ സുഗന്ധമേ
നമ്മളാശിപ്പൂ വീണ്ടും

മിടിപ്പുതാഴുംവരെ
ഞാനുമെൻ കുട്ടിത്തവും
നുകർന്നുരസിച്ചിടും
ജീവിതക്കോലൈസുകൾ

ഓർമ്മതൻ സുഗന്ധങ്ങൾ
പൂത്തിടും കോലൈസുകൾ
ആവോളം നുകർന്നെനി-
ക്കാസ്വദിച്ചിരിക്കണം
ആവോളം നുകർന്നിനി
ആസ്വദിച്ചുറങ്ങണം ....

കവിത

# ആകാശപാത



കേൾവിയും സംസാരവും
വിലക്കപ്പെട്ടവനായി
ഒരുവനിൽ വിധേയത്വത്തിന്റെ നിവരാത്ത കൂന്!

അവൻ തീർത്തും
നിഷ്ക്കാസിതനാണ്;
ഹൃദയമോ അക്ഷരപ്രതീക്ഷകളില്ലാത്തതും!

മനസ്സിന്റെ ഇടനാഴികളിൽ; കഴുമരത്തിലേക്ക്
നടക്കാൻ തയ്യാറെടുക്കുന്ന
കുറ്റവാളിയുടെ നിഴലുകൾ!

ഉള്ളിൽ
ഇച്ഛാബലം കൊണ്ടുപോലും
തെളിയാത്ത
തിരിച്ചറിവിന്റെ ചിരാതുകൾ!

മരിക്കേണ്ട പ്രായമെത്തുംമുന്നേ
ജീവിതം മരണമാക്കുന്നവൻ!

സ്വന്തം ഭാഗധേയത്തിന്
സ്വയം വിലങ്ങിടുന്നതാണ്
അവന്റെ സ്വാതന്ത്ര്യം.


ചരിത്രത്തിലെ ആസന്നനാശം
ഇടിമിന്നലായി
മുന്നിലേക്കുവീണപ്പോഴാണ്,

അകലെ ആകാശപാതയും
അവിടത്തെ മഴവില്ലും
അവന്റെ സ്വപ്നത്തിലേക്ക് ഇറങ്ങിവന്നത്.



ഗീത കൈപ്പറമ്പ്

കഥ



# വൃദ്ധ കാമുകൻ



രേഖ തോപ്പിൽ

**അ**വൾക്കൊരു വൃദ്ധ കാമുകനുണ്ടായിരുന്നു. രാവിലത്തെ നേരങ്ങളിൽ അല്ലെങ്കിൽ ഉച്ചനേരങ്ങളിൽ വാർദ്ധക്യം കുറുകുന്ന തൊണ്ടയോടെ ഒത്തിരി ഘനമുള്ള ശബ്ദത്തോടെ അയാൾ അവളുമായി പ്രേമ സല്ലാപത്തിലേർപ്പെട്ടു.കാമുകൻ അത് യുവാവാണെങ്കിലും വൃദ്ധ നാണെങ്കിലും അയാളെപ്പോഴും താൻ പ്രണയിക്കുന്ന പെണ്ണിന്റെ മുമ്പിൽ താൻ വലിയ ഒരു സംഭവമാണെന്ന് ഒരു കോമാളിയെ പോലെ വരച്ചു കാണിക്കും. അന്നേരം അയാൾ ഉച്ചത്തിൽ കറ കറ ശബ്ദത്തോടെ കാർക്കിച്ചു തുപ്പുകയോ രോക്ഷത്തോടെ ശബ്ദ വൈകല്യങ്ങൾ പുറപ്പെടുവിക്കുകയോ ചെയ്യുകയില്ല.അവളുടെ ആ വൃദ്ധ കാമുകനും അങ്ങനെ യൊക്കെ തന്നെയായിരുന്നു. അയാൾ ഒട്ടും ലജ്ജ കൂടാതെ അവളുടെ ശബ്ദ സൗകുമാര്യത്തെ കവിളി,ലെ നുണ കുഴികളെ ആ വലിയ കണ്ണുകളെ എല്ലാം പുകഴ്ത്തി കൊണ്ടിരുന്നു. അയാൾ ഇടക്കീടെ ചെറുപ്പകാലത്തിൽ അയാൾ ക്കു പ്രിയപ്പെട്ട പ്രേമഗാനങ്ങൾ അവൾക്കായി പാടി കേൾപ്പിച്ചു.

അവളാകട്ടെ അയാൾ ഇടക്കിടെ ഇങ്ങനെ

വികാര വിവശനായി മന്ദം മന്ദം സംസാരിക്കു മ്പോൾ അവൾ തൻറെ ചെറിയ കുട്ടീയെ ഇട ക്കിടെ ശാസിച്ചു.

ചെറിയ കുട്ടി അപ്പോൾ അവൾ മുപ്പതിനാ യിരം രൂപ വില കൊടുത്തുവാങ്ങിയ കറുപ്പു നി റമുള്ള പേർഷ്യൻ പൂച്ചകുട്ടിയുടെ തടിച്ച ഉടലി നെ അമർത്തി ഞെക്കി. അതിൻറെ നീണ്ട വാൽ ദയാദാഷിണ്യമില്ലാതെ പിടിച്ചു വലിച്ചു.

പൂച്ചകുട്ടി ങ്ങേ.. ങ്ങേ... കരഞ്ഞു . മകൾ ഹ..ഹ ചിരിച്ചു.

അപ്പോൾ അവളു ടെ വൃദ്ധ കാമുകൻ അ പ്പുറത്തുനിന്ന് വികാര വേശത്തോടെ പറ ഞ്ഞു. ''കുട്ടാ ഞാനി പ്പോൾ നിന്നെ കാ ണാൻ തീവ്രമായി ആ ഗ്രഹിക്കുന്നു.



നിൻറെ അരികിൽ ഇരുന്ന് എനിക്ക് എ ന്നെ കുറിച്ച് കൂടുതൽ പറയണം''

ഹേ ഇത്ര പറയാ നെന്തിരിക്കുന്നു

ആ കൂടുതൽ പറ ച്ചിലുകളിൽ അവൾക്ക പ്പോൾ മടുപ്പിൻറെ ഇ രുൾ പരന്നു. ..

അവൾ അപ്പോൾ കൗമാര കാരനായ തൻറെ മൂത്തമകൻ അ വൻറെ ബെഢ് റൂമിൽ പതിച്ചുവെച്ചിരിക്കുന്ന ഉരുണ്ടമസിലും റോജാ പൂവിൻറെ ചിരിയുമുള്ള അതി സുഭഗനായ ഹി ന്ദി നടൻ സൽമാൻഖാൻറെ കൈയിലെ

ഉരുണ്ട മസിലൊന്ന് തടവി. ആ ഫോട്ടോ യിൽ നോക്കി പ്രേമപൂർവ്വം ചിരിച്ചു.

കാതിൽ ഫോൺ ചേർത്തു പിടിച്ചു അവള ങ്ങിനെ ചിരിച്ചു നിൽക്കുമ്പോൾ

അവളുടെ ചെറുപ്പക്കാരനായ ഭർത്താവ് ക ട്ടി കണ്ണടയിലൂടെ അവളെയൊന്നു തറപ്പിച്ചു നോക്കി തൊട്ടടുത്ത ബാത്ത്റൂമിലേക്കെന്ന വ്യാ ജേന അതിലെ നടന്നു പോയി.

ആ കാഴ്ച അവളെ തീർത്തും സന്തോഷവ തിയാക്കി.

എല്ലാവരെയും ഇങ്ങനെ വിഢ്ഢികളാക്കു വാൻ എന്തു രസമാണല്ലേ...തൻറെ ഭർത്താവി നെ , വൃദ്ധ കാമുകനെ, പിന്നെ തന്നെ തന്നെ യും.

കാമുകൻ അപ്പോൾ ഓമനേ..യെന്നു കൊ ഞ്ചിക്കുകയാണ്.

അത് ശ്രവിച്ചു കൊണ്ടവൾ റൂമിലെ ആ വ ലിയ നിലകണ്ണാടിയിൽ തൻറെ രൂപ മൊന്നു ഉ ഴിഞ്ഞു നോക്കി. കവിൾ തടം തുടുത്തതെങ്കി ലും ഇരുൾ വീഴാൻ വെമ്പുന്ന കൺതടങ്ങൾ ചെറുതായി ചുവപ്പലിഞ്ഞു തുടങ്ങിയ ചുണ്ടു കളിൽ പെയ്തുവീഴുന്നുണ്ടോ ചെറു കരിമേഘ ങ്ങൾ.

ഇന്ദ്രനും സ്വാതിയും ജനിച്ചിട്ടും ഇല്ല ഉടലഴ കിന് ഇപ്പോഴും വലിയ ഉടവുകളൊന്നും സം ഭംവിച്ചിട്ടില്ല.

അമ്മേ പൂച്ചകുട്ടി അതാ ആ മൂലയിൽ വയറിളകി.''

അപ്പോൾ അവളുടെ ചെറി യ കുട്ടി അങ്ങനെ വിളിച്ചു പ റഞ്ഞു. ഈ പേർഷ്യ കാരി പൂ ച്ചക്ക് നമ്മുടെ നാടൻ ഭക്ഷണ മൊന്നും പിടിക്കുന്നുണ്ടാവില്ല മ്മേ...

അവൾ അതു കേട്ട് വീണ്ടും ചിരിച്ചു .

വൃദ്ധ കാമുകനപ്പോൾ ഫോണിൽ അപ്പുറത്ത് അറുപ ത് വയസ്സുമുതൽ എഴുപതു വ യസ്സുവരെയുള്ള പുരുഷൻറെ തീവ്ര കാമത്തെ പറ്റി വാചാല നാവുകയായിരുന്നു. ആ പ്രാ യത്തിലാണത്രേ ആണുങ്ങൾ കൂടുതൽ ചെറുപ്പം കൊതിക്കു ക. അന്നേരംഅവർ തൻറെ കാ മുകിയുടെ കൈ പിടിച്ച് കടൽ തീരത്തിലൂടെ ഉലാത്തുവാനും ഇരുൾ പരന്ന സിനിമാതീയറ്ററിലിരുന്ന് കാമു കിയെ തഴുകാനും ആ്രഹിക്കുമത്രേ.

അതു കേട്ടു കൊണ്ടിരുന്ന അവൾക്കപ്പോൾ മൂക്കിലുംമനസ്സിലും വൃത്തികെട്ട പൂച്ച കാഷ്ഠ ത്തിൻറെ നാറ്റമടിച്ചു. അവളൊന്ന് മൂക്കുചുളി ച്ചു.തലയിളക്കിഅപ്പോൾ അവളുടെ നീണ്ടുല ഞ്ഞ മുടിനിതംബത്തിൽ പടർന്നു.

വൃദ്ധ കാമുകൻ അപ്പോൾ തൊണ്ട ശരിയാ ക്കി തുടർന്നു.നിന്നോട് ഞാനതു പറയാംഎൻ റെ അറുപതിൽ ഞാൻ അതികാമമുള്ള ആ പെ ണ്ണിനെ എങ്ങനെയാണ് ഭോഗിച്ചതെന്ന്.

കാമമുണരുമ്പോൾ ആ വല്ലാത്തൊരു ആവേ ശമായിരുന്നു.അന്നേരം അവളുടെ നെഞ്ചിൽ ഒ രു വലിയ ചുവന്ന കടൽ സൂര്യൻ പൂക്കും.നിൻ റെ നെഞ്ചിലുമില്ലേ അങ്ങനെ യൊരു ചുവപ്പ്.

തുടർന്ന് എന്തോ വലിയ തമാശ പറഞ്ഞ തു പോലെ ആ വൃദ്ധൻ കൊക്കി കൊക്കി ചിരി ച്ചു .ആ ചിരിയിൽ അവൾക്ക് മനം പുരട്ടി.

അമ്മേ..ഇതാ തുണി ചെറിയ മകൾ അവളുടെ കൈയിൽ പൂച്ചകാഷ്ഠം തുടയ്ക്കാനുള്ള ഒരു ചെറിയ തുണി കൊണ്ടു വന്നു കൊടുത്തു.

"വല്ലാത്ത നാറ്റം "അങ്ങനെ പറഞ്ഞവളത് ഭംഗിയായി വടിച്ചെടുത്ത് വെയിൽ നാളങ്ങൾ തിളങ്ങുന്ന പുറത്തെ പാതയിലെ മുൾചെടി കൂട്ടത്തിനു മേലെക്കത് വലിച്ചെറിഞ്ഞു.

വൃദ്ധ കാമുകൻ അപ്പോഴും ഫോണിലൂടെ തുടരുകയാണ്.

"നോക്കൂ കുട്ടാ എന്നാൽ എൻറെ ഇപ്പോഴത്തെ വിവാഹ ജീവിതം അതിൽ പ്രണയമേയില്ല.അത് വെറും നരകമാണ്. തൻറെ ജീവിതത്തിലെ അടരുകൾ അയാൾ അവൾക്ക് മുന്നിലേക്കങ്ങിനെ കുടഞ്ഞിടുകയാണ്".

പ്രണയമില്ലെങ്കിലും ആയമ്മക്ക് നിങ്ങളോട് സ്നേഹവും കരുതലുമില്ലേ."

അങ്ങനെ ചോദിക്കാനാഞ്ഞ അവളുടെ കണ്ണുകൾ പെട്ടെന്ന് ടി.വി ചാനലിലെ ഒരു പുതിയ വാർത്തയിലുടക്കി. "കോഴിക്കോട് ഒരു 65 വയസ്സുകാരൻ അഞ്ചു വയസ്സുകാരി ബാലികയെ പീഡിപ്പിച്ചു. "

ആ വാർത്ത കണ്ട അവളൊരു നടുക്കത്തോടെ തൻറെ ഓമന പൂച്ചയെ കളിപ്പിച്ചു കൊണ്ടിരിക്കുന്ന ചെറിയ മകളുടെ മുഖത്തേക്കൊന്ന് പാളിനോക്കി.

ഹ ..ഹ..വൃദ്ധ കാമുകൻ അപ്പോൾ ചിരിക്കുകയാണ്.നോക്കൂ എൻറെ ഭാര്യ അമ്മിണിക്ക് ഇത്തരം കാര്യങ്ങളിലൊന്നും ഒരു താൽപര്യവുമില്ല. ഈ പ്രേമ കാര്യങ്ങളിലെഅവൾക്ക് എപ്പോഴും അമ്പലവും ഭജനയുമാണ്.

അവൾ മുടങ്ങാതെ എൻറെ വസ്ത്രങ്ങൾ അയേൺ ചെയ്തു തരാറുണ്ട്.

രുചികരമായിഅവിയലും തോരനും കുടംപുളിയിട്ട മീർൻകറിയും വെച്ച് തരാറുണ്ട്.എന്നും രാത്രിയിൽ എൻറെ കിടക്കവിരിച്ചുതന്ന് അവൾ മറ്റൊരു മുറിയിലുറങ്ങുകയാണ് പതിവ്.

അവളൊന്ന് സ്നേഹപൂർവ്വമെന്നെ ചേർത്തുപിടിച്ചുറങ്ങിയിരുന്നെങ്കിലെന്ന് ഞാൻ ആശിക്കാറുണ്ട്.

നിറങ്ങൾ മാഞ്ഞ് നര ബാധിച്ചൊരുശൂന്യതയാണെൻറെ ജീവിതം .

തുടർന്നയാളുടെ നീണ്ട നെടു വീർപ്പ് ഒരു ഉശിരൻ കാറ്റായി അവളുടെ കാതിനെ തുളച്ചു.

പച്ചക്കറി വേണോ.. പച്ചക്കറി..?

ഗേറ്റിനരികിൽ പച്ചക്കറി കാരൻറെ ശബ്ദം

അവൾ ചെവിക്കും തോളിനുമിടയിൽ തിരുകി കുനിഞ്ഞ് പ്ളാസ്റ്റിക് കൂടയെടുത്ത് പച്ചക്കറി കാരനടുത്തേക്ക് നടന്നു .

അയാളുടെ ഉന്തു വണ്ടിയിൽ പചനിറമണിഞ്ഞ് നീളൻ വെണ്ട കായ പെൺ കവിൾ തടങ്ങൾ പോലെ ചുവന്ന തക്കാളിഒരല്പം വാടി മൊഞ്ചു കുറഞ്ഞ കാരറ്റ്.

വേണ്ട ..അത് വേണ്ട .. അവളാ കാരറ്റ് തട്ടി നീക്കി.

അല്ലെങ്കിലും വാട്ടം തട്ടിയതും പഴയതുമൊന്നും അവൾക്കിഷ്ടമായിരുന്നില്ല.

ഇതുവേണ്ടേ... പച്ചക്കറി കാരൻ നീളവും തിളക്കവുമുള്ള ഒരുവഴുതനങ്ങ എടുത്തുനീട്ടി

ഒരു വഷളൻ ചിരിയോടെ ചോദിച്ചു. അവളുടെ കൂർത്തനോട്ടം അയാളുടെ ചിരിയുടെ ചില്ലുടച്ചു കളഞ്ഞു.

അയാൾ പച്ചക്കറി ..പച്ചക്കറി എന്നുവിളിച്ച് ധൃതിയിൽ വണ്ടി മുന്നോട്ടു തള്ളി.

ഗേറ്റു കടന്ന് അകത്തു കയറുമ്പോൾ അവൾ കൂടെ വന്ന ചെറിയ മകളോട് ഇങ്ങനെ പറഞ്ഞു.

"മോളെ നീ ഒരിക്കലും നോട്ടവും വാക്കും മൃദുവാക്കരുത് ചുറ്റും മാംസ കൊതിയൻമാരായ കഴുകൻമാരുണ്ട്"

അമ്മ പറഞ്ഞതൊന്നും മനസ്സിലാവാതെ

മകൾ അമ്മേ..എൻറെ പൂച്ചകുട്ടി എന്നു പറഞ്ഞ് അതിനു പിറകിൽ കുതിച്ചു പാഞ്ഞു.


ഉമ്മറത്തെ ടീപോയിൽ അനാഥമായി ഇരിക്കുന്ന ഫോണിൽ വൃദ്ധ കാമുകൻ ഇപ്പോഴും ലജ്ജയില്ലാതെ തനിക്കൊരു ചെറുപ്പക്കാരിയായ കാമുകിയുണ്ടെന്ന ആനന്ദത്തോടെ ആവേശത്തോടെ അവളോട് സംസാരിക്കുകയാണ്. എന്നാൽ അവൾ, ആ ചെറുപ്പക്കാരി അപ്പോൾ വെള്ളവിരിപ്പിട്ട സോഫയിൽ ഒരുവശം ചെരിഞ്ഞ് കിടന്ന് ഉറങ്ങുകയായിരുന്നു.

ടി.വിയിൽ നടൻ വിജയ് പാട്ടിനൊപ്പം നൃത്തം വെക്കുന്നു.അടുത്തിരുന്ന് അവളുടെ ചെറിയ മകൾ പൂച്ചകുട്ടിയെ ലാളിക്കുന്നു. അത് മ്യാവൂ..മ്യാവൂ..എന്ന് ശബ്ദിക്കുന്നു. വാൽ ചുഴറ്റുന്നു.

അവളുടെ ഭർത്താവ് അപ്പോൾ ഒരു ചുവന്ന ടീ ഷർട്ടണിഞ്ഞ് പുറത്തെ പകൽ വെട്ടത്തിലേക്ക് നടന്നു മറയുന്നു.അനാഥമായി ടീപ്പോയിലിരുന്നഅവളുടെ ഫോണിൽ ഹലോ ഹലോ..എന്നലറി മടുത്ത് മറുപടിയൊന്നും കിട്ടാതെ വന്നപ്പോൾ ആ വൃദ്ധ കാമുകൻ ഉച്ചത്തിൽ തൻറെ ഭാര്യയെ "എടീ അമ്മിണിയേ..അമ്മിണിയേ..എന്ന് നീട്ടി വിളിച്ച് അയാളുടെ നരച്ച ജീവിതത്തിലെക്ക് തന്നെ അതാ മടങ്ങിപോകുന്നു.

●

# അനോണിമസ് കാൾ



കഥ



**അനിതാദേവി വേലന്താവളം**

തെറ്റിവന്നൊരു മിസ്കോളിൽ നിന്നായിരുന്നു ആ പരിചയത്തിന്റെ തുടക്കം.

ഏതാണ്ട് ഒന്നൊന്നര വർഷം മുമ്പാണ്... അന്നൊരു അവധി ദിനമായിരുന്നു. തുടർച്ചയായി ഒരേ നമ്പറിൽ നിന്നും പല തവണ കാൾ വന്ന് ഒന്നോ രണ്ടോ പ്രാവശ്യം ബെല്ലടിച്ചു നിൽക്കുന്നതായി കേട്ടപ്പോഴാണ് അങ്ങോട്ട് തിരിച്ചു വിളിച്ചത്.

അങ്ങേതലക്കൽ ഒരു സ്ത്രീശബ്ദം ഫോണെടുത്തു.. ‘ശാലിമോളേ...?‘

‘ശാലിമോളോ...? ആരെയാ വേണ്ടത്...? എന്താ വേണ്ടത്?‘ തിരിച്ച് ചോദിച്ചു.

‘മോൾ ആരാണ്?‘

‘ആദ്യം നിങ്ങൾ ആരാണെന്ന് പറയൂ‘

‘ഞാൻ.... ഞാൻ തെറ്റിവിളിച്ചതാ മോളേ..‘ ശബ്ദത്തിൽ പരിഭ്രമം നിഴലിച്ചു.

അടുത്ത ദിവസം കാൾ വന്നപ്പോൾ ഓഫിസിലേക്കുള്ള യാത്രയിലായിരുന്നു, തിരക്കേറിയ ബസ്സിൽ തൂങ്ങിയുള്ള നിൽപ്പിനിടയിൽ ബാഗിൽ നിന്നും ഫോൺ തപ്പിയെടുക്കുമ്പോഴേക്കും ബെൽ നിലച്ചെങ്കിലും തലേന്നത്തെ നമ്പറിൽ നിന്നായിരുന്നു വിളി വന്നത് എന്ന് കണ്ടു.

അന്നുതന്നെ രാത്രിയിൽ അത്താഴമൊരുക്കുമ്പോൾ മോളാണ് ആരോ വിളിക്കുന്നു എന്നുപറഞ്ഞ് ഫോണെടുത്തു തന്നത്. നമ്പർ നോക്കാതെ തന്നെ ഹലോ പറഞ്ഞു.

‘ശാലിമോളേ.... അമ്മയാ... നീയെന്താ വിളിക്കാത്തെ? എത്രീസായി വിളിച്ചിട്ട്....!‘ മറുതലയ്ക്കലെ ശബ്ദത്തിൽ ദൈന്യത നിറഞ്ഞിരുന്നു.

‘അമ്മയ്ക്ക് നമ്പർ തെറ്റീന്ന് തോന്നണു. ഞാൻ ശാലിമോളല്ല‘ മറുപടി നൽകുമ്പോൾ കൗതുകം തോന്നി.

സോറി പറഞ്ഞ് അവർ ഫോൺ വച്ചു.

അടുത്ത രണ്ട് ദിവസങ്ങളിലും ഇത് ആവർത്തിച്ചു. പിന്നീട് ഒരാഴ്ച കഴിഞ്ഞാണ് വീണ്ടും ആ നമ്പറിൽ നിന്നും വിളി വന്നത്. അതിനോടകം ആ നമ്പർ ഫോണിൽ സേവ് ചെയ്തിരുന്നു ‘അനോണിമസ് മദർ‘ എന്ന പേരിൽ.

ഇത്തവണ ബെല്ലടിച്ചപ്പോൾ ഉത്സാഹ

ത്തോടെയാണ് ഫോണെടുത്തത്...

'ഹലോ... അമ്മേ...'

'മോളേ... നീയിന്ന് വരണുണ്ടോ...? അമ്മ നെനക്കിഷ്ടള്ള ഇടിച്ച്പിഴിഞ്ഞ അരിപ്പായസം ഇണ്ടാക്കീട്ട്ണ്ട്.'

'അയ്യോ... വരാൻ പറ്റില്ലല്ലോ അമ്മേ... ഇന്ന് ബുധനാഴ്ചയല്ലേ ആയുള്ളു.' അങ്ങനെ പറയാനാണ് തോന്നിയത്.

' ശ്ശോ...! നീ വരുംന്ന് വച്ചാ ഇണ്ടാക്കീത്. നിയ്ക്ക് കഴിക്കാൻ പറ്റില്ലാന്നറീല്ലേ... ഇനീപ്പോ പണികഴിഞ്ഞ് പോമ്പോ സരസു കൊണ്ടോയ്ക്കോട്ടേ... ല്ലേ?'

'അതെ... കൊണ്ടോയ്ക്കോട്ടെ'

'എന്നായാലും നീ വരുല്ലോ... അപ്പോ ഇനീം ഇണ്ടാക്കാലോ.'

'ശരിയമ്മേ...'

'ആ സരസു അവടെകെടന്ന് കാറണുണ്ട്. കുളിയ്ക്കാൻ വിളിക്കണതാ. ന്നാ... അമ്മ വയ്ക്കട്ടേ?'

മറുപടിക്ക് കാക്കാതെ ഫോൺ നിലയ്ക്കുമ്പോൾ എന്താണ് പറയുന്നതെന്ന് വ്യക്തമാകാതെ മറ്റൊരു സ്ത്രീശബ്ദം കേട്ടിരുന്നു.

പിന്നീട് ആ ഫോൺവിളി ഒരു പതിവായി. എന്തോ ഒരു ഉൾപ്രേരണയിൽ ഞാൻ ആ വിളിയ്ക്കായി കാത്തിരിയ്ക്കാൻ തുടങ്ങി. ദിവസവും പലതവണ ഞങ്ങൾ തമ്മിൽ സംസാരിച്ചു.

ജാലകത്തിനടുത്തൊരു കിളി കൂടുകൂട്ടിയതും, വർഷങ്ങൾക്കു ശേഷം നിശാഗന്ധി പൂത്തതും, കാറ്റിൽ ഒരു അപ്പൂപ്പൻ താടി മുറിയ്ക്കകത്തേക്ക് പാറി വന്നതും, ബാൽക്കണിയുടെ കൈവരിയിലിരുന്ന് പ്രാവ് കുറുകുന്നതുമായ കാഴ്ചയിലെ സന്തോഷങ്ങളും വിശേഷങ്ങളും അവർ എന്നോട് പങ്കുവച്ചു. ഭർത്താവിനോടും മക്കളോടുമൊപ്പം താമസിച്ചിരുന്ന കാലത്തെ സംഭവങ്ങൾ ഓർത്തെടുത്ത് ഒരു ഓർമ്മപ്പെടുത്തൽ എന്നതുപോലെ പറഞ്ഞു. നഗരത്തിലെ ഏതോ ഫ്ലാറ്റിൽ ഒറ്റയ്ക്ക് താമസിക്കുന്ന ഒരു അമ്മയാണ് അവരെന്ന് ഞാൻ മനസിലാക്കി. കൂട്ടിന് ഒരു ജോലിക്കാരിയുണ്ടെന്നും.

ഒരു മകനും മകളും ഉള്ളത് അവരവരുടെ കുടുംബത്തോടൊപ്പം പുറത്തെവിടെയോ ആയിരുന്നെന്ന് സംസാരത്തിൽ നിന്നും മനസിലായി. മകൻ വീഡിയോ കോൾ വിളിയ്ക്കുന്നതിനെ കുറിച്ചെല്ലാം പറയുമായിരുന്നു. അതിന് പ്രത്യേക സംവിധാനം ഉണ്ടത്രേ. പക്ഷേ സരസുവിനു മാത്രമേ കൈകാര്യം ചെയ്യാൻ അറിയുള്ളു എന്നാണ് പറഞ്ഞത്.

മകളോടെന്നതുപോലെയായിരുന്നു എന്നോട് സംസാരിച്ചിരുന്നത്. എന്തോ എനിക്കത് തിരുത്താൻ തോന്നിയില്ല. ഇത്ര അടുത്തുണ്ടായിട്ടും അമ്മയെ കാണാൻ വരുന്നില്ലല്ലോ എന്നൊക്കെ പരാതി പറയുമായിരുന്നു. ഈ വിളിയെ കുറിച്ച് മകൻ അറിയേണ്ടയെന്നും പറഞ്ഞിരുന്നു. മകളുമായി പിണക്കത്തിലോ മറ്റോ ആയിരിക്കുമെന്ന് ഊഹിച്ചു. അതുകൊണ്ടുതന്നെ മകളെ കുറിച്ച് അങ്ങോട്ട് കൂടുതലൊന്നും ചോദിച്ചുമില്ല. കൊച്ചുമക്കളുടെ സുഖവിവരം തിരക്കുമ്പോൾ ആ മുത്തശ്ശിയെ സന്തോഷിപ്പിക്കുന്ന വിധത്തിൽ തഞ്ചത്തിൽ മറുപടി നൽകി. അപ്പോഴും എങ്ങനെയാണ് ഈ നമ്പർ ലഭിച്ചത് എന്നതിനെ കുറിച്ച് വ്യക്തതയില്ലായിരുന്നു. ഒരുപക്ഷെ, അലക്ഷ്യമായി കുത്തിവിളിയ്ക്കാൻ ശ്രമിച്ച നമ്പറുകളിലൊന്ന് ശരിയായി വന്നതായിരിക്കാനും സാധ്യതയുണ്ട്.



നാളുകളേറെ കടന്നുപോയി. കുട്ടികൾക്ക് വേനലവധിയായി. ആ സമയത്താണ് ദുബായിൽ നിന്ന് ഭർത്താവ് ലീവിൽ വന്നത്. അതോടെ ജോലിയും, വീട്ടുപണികളും, യാത്രകളുമായി എന്റെ തിരക്ക് കൂടി. ആ അമ്മയുടെ വിളികൾ മുടങ്ങാതെ വന്നുകൊണ്ടിരുന്നെങ്കിലും എനിക്ക് പലപ്പോഴും സംസാരിക്കാൻ സാധിക്കാറില്ലായിരുന്നു. പിന്നീട് വിളിക്കാം എന്ന് പറഞ്ഞു വയ്ക്കുകയാണ് പതിവ്. ഒന്നുരണ്ട് പ്രധാന സന്ദർഭങ്ങളിൽ ഇതു തുടർന്നപ്പോൾ അനാവശ്യ ബന്ധങ്ങൾ എന്തിന് സൂക്ഷിക്കുന്നു എന്ന് ചോദിച്ച് ഭർത്താവ് ദേഷ്യപ്പെടുകയും ചെയ്തു.

അതിൽ ഒരു ശരിയുണ്ടെന്ന് തോന്നിയതുകൊണ്ട് പിന്നീട് വിളിച്ചപ്പോൾ ഒരു ദൂരയാത്ര പോകുകയാണെന്നും, വന്നിട്ട് വിളിക്കാം എന്നും പറഞ്ഞ് ആ ശബ്ദ സാന്നിധ്യത്തെ ബ്ലോക്ക് ചെയ്തു. ആ വിളിയൊരു യാത്രാമംഗളം സ്വീകരിച്ചുകൊണ്ട് അവസാനിപ്പിക്കുമ്പോൾ അപ്പുറത്ത് നേർത്ത തേങ്ങലിന്റെ അകമ്പടിയുണ്ടായിരുന്നെന്ന് തോന്നി.

ഒരു മാസത്തെ ലീവ് കഴിഞ്ഞ് ഭർത്താവ് മടങ്ങിപോയതിനുശേഷം ഒരു ദിവസം ആ നമ്പറിലേക്ക് വിളിച്ചു നോക്കി. പക്ഷേ അത് സ്വിച്ച് ഓഫ് ആയിരുന്നു. തുടർന്നുള്ള ദിവസങ്ങളിലും അങ്ങനെ തന്നെ. ബ്ലോക്ക് നീക്കിയെങ്കിലും പിന്നീടൊരിക്കലും ആ നമ്പറിൽ നിന്നും വിളി വന്നില്ല. ആ ദിവസങ്ങളിൽ പ്രിയപ്പെട്ടതെന്തോ കാണാതെപോയതുപോലെ മനസ്സിൽ ഒരു കനം കൂടുകെട്ടി. നഗരത്തിലെ ഒരു ഫ്ലാറ്റ് എന്നതിൽ കവിഞ്ഞ് അതെവിടെയാണെന്നോ, എന്തിനേറെ, ആ അമ്മയുടെ പേരുപോലുമോ അറിയില്ലായിരുന്നു. ഫോൺ നമ്പർ വച്ചൊരു അന്വേഷണം നടത്തണമെന്ന് കരുതിയെങ്കിലും മറ്റു തിരക്കുകളിൽ പെട്ട് ക്രമേണ അവർ വിസ്മൃതിയിലേക്ക് മറഞ്ഞു.

പിന്നീട് ഇന്നാണ് പാതിയിൽ മുറിഞ്ഞു പോയ ആ പരിചയത്തെ കുറിച്ചോർത്തത്. അതിനിടയാക്കിയത് പത്രവായനയ്ക്കിടെ കണ്ണിൽപ്പെട്ട രണ്ട് ചിത്രങ്ങളാണ്. ഒരൊറ്റ അറിയിപ്പിന് കീഴിൽ നൽകിയിരുന്ന രണ്ട് ചിത്രങ്ങളിലൊന്നിനു താഴെ 'ഭാർഗ്ഗവി സുകുമാരൻ , ഒന്നാം ചരമ വാർഷികം' എന്നെഴുതിയിരുന്നു. അടുത്ത ചിത്രം ഏതാണ്ട് ഒരു പത്തുവയസ്സുകാരി പെൺകുട്ടിയുടേതായിരുന്നു. അതിനു താഴെ എഴുതിയിരുന്നത് 'ശാലിനി സുകുമാരൻ, 35ാം ചരമ വാർഷികം ' എന്നും.

ആ പെൺകുട്ടിയുടെ ചിത്രം എനിക്ക് ഏറെ പരിചിതമായിരുന്നു. അത് മാസങ്ങളോളം മകളോടെന്നതു പോലെ സംസാരിച്ചുകൊണ്ടിരുന്ന അമ്മയുടെ നമ്പറിനൊപ്പം തെളിഞ്ഞിരുന്ന പ്രൊഫൈൽ ചിത്രത്തിലെ ഫോട്ടോ ആയിരുന്നു.

ഒരു നിമിഷം ഹൃദയം നിലച്ചുപോകുന്നത് പോലെ തോന്നി. ശബ്ദത്തിലൂടെ മാത്രം അറിഞ്ഞ അമ്മയ്ക്ക് ഞാനാരായിരുന്നു എന്ന തിരിച്ചറിവ് വല്ലാത്തൊരു ആഘാതമായി നെഞ്ചിൽ തറച്ചു. അനിയന്ത്രിതമായി ഉറവപ്പൊട്ടിയൊഴുകിയ കണ്ണുനീർ മുന്നിലെ കാഴ്ച മറച്ചു. അറിയിപ്പിലെ തിയ്യതി വച്ച് കണക്കാക്കുമ്പോൾ അവസാനം ഫോണിൽ സംസാരിച്ച് ഏകദേശം രണ്ടാഴ്ചക്കകം ആ അമ്മ ഈ ലോകം വിട്ടുപോയിട്ടുണ്ട്.

ഒരുപക്ഷേ...!

കയ്യകലത്തിലുണ്ടെന്ന് മനസ്സിനെ വിശ്വസിപ്പിച്ച മകളുടെ സ്വരം പെട്ടെന്ന് അകന്നു പോയപ്പോൾ അവർക്ക് താങ്ങാൻ കഴിഞ്ഞിട്ടുണ്ടാകില്ല.

മനസ്സ് കുറ്റബോധത്താൽ നീറിപിടയുകയാണ്. അറിഞ്ഞുകൊണ്ടല്ലെങ്കിലും ആ അമ്മയെ പറ്റിയ്ക്കുകയായിരുന്നില്ലേ..? മകളുടേതെന്ന് വിശ്വസിച്ച ശബ്ദസാന്നിധ്യം മാഞ്ഞപ്പോൾ പ്രതീക്ഷയുടെ വെട്ടം അണഞ്ഞുപോയെന്ന തോന്നലിൽ ആ ഹൃദയം നിലച്ചതായിരിക്കുമോ..? അതുകൊണ്ടായിരിക്കുമോ ആ ജീവൻ പറന്നകന്നത്?

ഉത്തരം കിട്ടാത്ത ഒരുപിടി ചോദ്യങ്ങൾ കലുഷിതമാക്കിയ മനസ്സുമായി പത്രം മടക്കിവച്ച് ഞാൻ ഫോണിലെ 'അനോണിമസ് മദർ' എന്ന നമ്പറിലേക്ക് വെറുതെ ഡയൽ ചെയ്തു, ഇനിയൊരിക്കലും മറുതലയ്ക്കൽ ആ ശബ്ദം ഉണ്ടാകില്ല എന്നറിഞ്ഞുകൊണ്ട് തന്നെ..!

●

കഥ



# വ്ളാഡിമീർ മിഖായേലിനോട് പറഞ്ഞത്



വി. പി. ജോൺസ്

എ.ഡി. 1917 ഒക്ടോബറിന് മുൻപ് എനിക്കൊരു സ്വപ്നം ഉണ്ടായിരുന്നു മിഖി. സോവിയറ്റിന്റെ ചതുരാകാശം ചുവന്ന തുടക്കുന്നതും ഒരു വാൽനക്ഷത്രം നെടുങ്ങനെ ഉദിച്ചുപൊങ്ങുന്നതും ഞാൻ കിനാവ് കണ്ടു. പക്ഷേ അത് എങ്ങോട്ടാണ് പ്രത്യക്ഷമായതെന്ന് എനിക്കിപ്പോഴുമറിഞ്ഞുകൂടാ. മിഖിക്കയറിയാമോ അതെങ്ങോട്ടാണ് മറഞ്ഞു പോയതെന്ന്? ഒന്നെനിക്കറിയാം മിഖി, ഇനി അതാർക്കും വഴിക്കാട്ടാനാവില്ല. ഞാൻ ശരിയല്ലേ പറഞ്ഞത്?

വ്ളാഡിമീർ വികാരഭരിതനായി മിഖിയോട് ചോദിച്ചു.

സന്ധ്യ ഓലകവിരി പതിയെ പതിയെ നീക്കി അവർക്കിടയിലേക്ക് തലനീട്ടുന്നു.

മിഖി സാന്ദ്ര മൗനം നിലകൊണ്ടുള്ളുന്നു. എങ്കിലും വ്ളാഡിമീറിനെ സഗാഢം ശ്രവിക്കുന്നുണ്ട്.

മിഖിയുടെ മൗനം കണ്ടിട്ട് വ്ളാഡിമീർ അസ്വസ്ഥ ചിന്തനായിപ്പോയി.

എന്താ മിഖി നീയിങ്ങനെ മൗനം ഭജിക്കുന്നത്? നാവിറങ്ങിപ്പോയോ നിൻറെ? അതോ എന്നോടുള്ള വെറുപ്പോ?

അതുകേട്ട് മിഖിയുടെ ഹൃദയം പിളർന്നു. എന്നിട്ടും അദ്ദേഹം നിശബ്ദനായിരിക്കുന്നു. അതാണ് വിസ്മയം!.

നക്ഷത്രങ്ങൾ ചിതറിപ്പോയ ആകാശം മുകളിൽ. ചെരിഞ്ഞുപോയ ആകാശത്തിലേക്ക് മിഴികൾ പായിച്ച് വ്ളാഡിമീർ വിതുമ്പി.

കനം വയ്ക്കുന്നത് കണ്ടു മിഖിയുടെ മിഴികൾ നനഞ്ഞു. മയിൽപീലി മനസകനായ മിഖി.

വ്ളാഡിമീറിന്റെ ശബ്ദം വല്ലാതെ ഇടറിപോയി. വഴിയോരങ്ങൾ അതിവേഗം സജലങ്ങളാവുകയും ചെയ്തു.

അപ്പോഴും മിഖി വാക്കുകളെ വിമോചിപ്പിക്കുന്നില്ല. തൊണ്ടയുടെ തടവറയിൽ അവ കുടുങ്ങിക്കിടക്കുന്നു. അതികായനായ തന്റെ ക്ഷമ പരീക്ഷിക്കുകയാവുമോ. മിഖി ഒരു പക്ഷേ? വ്ളാഡിമീർ ഒരു നിമിഷം ശങ്കിച്ചുപോയി. മിഖി അപ്പോഴും മൗനം ഭജിക്കുന്നില്ല.

സാകൂതം വ്ളാഡിമീറിനെ ശ്രദ്ധിക്കുക മാത്രം ചെയ്യുന്നുണ്ട്.

എല്ലാം അദ്ദേഹം തന്നെ പറയട്ടെ. അതാണ് നല്ലത്. മിഖി അപ്രകാരം വിചാരിച്ച്, ഒട്ടും അപ്രസന്നത ഭാവിക്കാതെ വ്ളാഡിമീറിന്റെ വാക്കുകൾക്ക് നിലകൊണ്ടു.

ഉത്തരക്ഷണം ശിരസ്സൽപം ചെരിച്ച് പിടിച്ച്, ഉദ്വേഗഭരിതനായി കാത്തുനിൽക്കുന്ന മിഖിയോടാരായുന്ന വ്ളാഡിമീർ. നിനക്കൊരല്പകാലം കൂടി പിടിച്ചുനിൽക്കാമായിരുന്നില്ലേ മിഖി? എത്ര അനവധാനതയോടെ അലക്ഷ്യമായാണ് നീ കാര്യങ്ങൾ കൈകാര്യം ചെയ്തത്? എന്തു ചോദിച്ചാലും നീ മറുപടി പറയുന്നുമില്ല.

പൂർവ്വാധികം അക്ഷമനായിത്തീർന്നിരിക്കുന്നു വ്ളാഡിമീർ. സാധാരണഗതിയിൽ ആരും ചൂളിപോകുന്ന ഒരു അവസ്ഥ.

വ്ളാഡിമീർ ഉദ്ദേശിക്കുന്നത് എന്താണെന്ന് ഊഹിക്കാൻ തനിക്ക് നല്ലവണ്ണം സാധിക്കുന്നുണ്ടെന്ന് മിഖിയുടെ മുഖം കണ്ടാൽ

അറിയാം. എങ്കിലും മിഖി മിണ്ടുന്നില്ല. വ്ളാഡിമീറിന്റെ വചനങ്ങൾക്ക് ചെവിയോർക്കുക മാത്രമാണ് അഭികാമ്യം എന്ന് മിഖി കരുതുന്നു.

അടുത്ത മാത്ര വ്ളാഡിമീർ മിഖിയുടെ മുഖത്തേക്ക് അതിരൂക്ഷമായി നോക്കി.

നിന്റെ അക്ഷമയുടെ ബദ്ധപ്പാടുമാണ് എല്ലാം താറുമാറുമാക്കി കളഞ്ഞത്. എന്തിനാണ് നീ ഇത്ര തിടുക്കം കാണിച്ചത്? അശ്രദ്ധയും തിരക്കും കാര്യങ്ങളും അവതാളത്തിലാക്കുകയും എന്നു കേട്ടിട്ടില്ലേ നീ? അക്കാര്യം ഗ്രഹിക്കാൻ നിനക്ക് ബുദ്ധിയില്ലാതെ പോയോ? സ്വന്തം അമളികൾക്ക് കാലത്തിന്റെ മേൽ പിഴ ചുമത്താൻ ആണ് സകല പേർക്കും വ്യഗ്രത!

(തദനന്തരം) വ്ളാഡിമീർ മിഖിയുടെ വലതു കരത്തിൽ കയറിപ്പിടിക്കുകയായി...

എന്നിട്ടും, മിഖി പക്ഷേ ഒരക്ഷരം ഉരിയാടുന്നില്ല.

വ്ളാഡിമീറിന്റെ ശബ്ദം പൂർവാധികം കനത്തു.

നീ എന്താ ഒന്നും മിണ്ടാത്തതെന്റെ മിഖി ? വല്ലാത്ത ഒരു ദീനാവസ്ഥ തന്നെ ഇത്. എല്ലാ നല്ല സ്വപ്നങ്ങൾക്കും ക്ഷതമേൽപ്പിക്കുന്ന ഒരു ദുരന്ത കാലം. ഒരു പൂക്കാലവും നമ്മെ എതിരേൽക്കാൻ ഇപ്പോൾ കാത്തു നിൽക്കുന്നില്ല. നനവുള്ള ഒരിടവും അവശേഷിക്കുന്നുമില്ല, പാരിടത്തിൽ.



ഏതായാലും മിഖി നിശബ്ദനാണ്, ഇപ്പോഴും!

തന്മൂലം വ്ളാഡിമീർ തന്നെ വാക്കുകൾ തുടരുന്നു.

– 1924 ൽ ഞാനിതൊന്നു പരീക്ഷിച്ചു നോക്കിയതല്ലേ? എല്ലാം നിഷ്ഫലമായിപോയി. ജനങ്ങൾ പൊതുവേ സ്വാഗതം ചെയ്തെങ്കിലും ചതിച്ചത് ചങ്ങാതിമാരാണ്. എല്ലാ വിഭവങ്ങളും സ്റ്റേറ്റിന്റെ കിച്ചണിൽ വച്ചുതന്നെ പാകം ചെയ്യണം എന്ന് ദുശ്ശാഠ്യം എനിക്കുണ്ടായിരുന്നില്ല. അങ്ങനെയാവുമ്പോൾ മെയ്യനങ്ങാൻ മടിക്കും ആളുകൾ. ഇതിനുവലിയ കുശാഗ്ര ബുദ്ധിയൊന്നും ആവശ്യമുണ്ടെന്നു തോന്നുന്നില്ല. സ്വകാര്യ അടുക്കളകളിൽ പാകംചെയ്താലും സ്വാദും രുചിയും കുറഞ്ഞു പോകുന്നുമില്ല. മറിച്ചാവുമ്പോൾ മുത്തപ്പന്റെ വഞ്ചി, മുക്കാൽപ്പണം കൂലി, കുത്തുമ്പോൾ കുത്തി, എത്തുമ്പോൾ എത്തി എന്ന മട്ടാവും. തലതിരിഞ്ഞ നയമൊന്നും തിരുത്തിക്കുറിക്കാനാണ് ഞാൻ ഉദ്ദേശിച്ചത്. പക്ഷേ? വ്ളാഡിമീർ ദീർഘമായി നിശ്വസിച്ചു.

ഗോർബി, ഈ സമയമാത്രയുംതന്നെ ഇമവെട്ടാതെ വീക്ഷിക്കുന്നതും ശ്രവിക്കുന്നതും വ്ളാഡിമീർ ശ്രദ്ധിച്ചു.

എന്താ മിഖി ? നിന്റെ അഭിപ്രായം ഇക്കാര്യത്തിൽ? ഇതൊന്നും നിന്നെ ബാധിക്കുന്ന വിഷയങ്ങളെല്ലെന്നുണ്ടോ ?

വ്ളാഡിമീർ മാർദ്ദവ സ്വരത്തിൽ പറഞ്ഞ ശേഷം ഗോർബിയുടെ ഇരുകരങ്ങളിലും ഗ്രഹിച്ചുകൊണ്ട് വാൽസല്യപൂർവ്വം മൊഴിഞ്ഞു.

– 'നീ പ്രദർശിപ്പിച്ച ധീരത, വേണമെങ്കിൽ എനിക്കും പ്രകടിപ്പിക്കാമായിരുന്നു. ഇടമുറിയാതെ കരഘോഷം മുഴക്കി ലോകം എന്നെ അഭിവാദ്യം ചെയ്യുമായിരുന്നു. ലോകത്തിന്റെ സ്തുതി വചസുകൾ ആഗ്രഹിക്കാത്ത ഏതു ഭരണാധികാരിയുണ്ടാവും? എങ്കിലും വ്ളാഡിമീറിന് അതിനു കഴിയുമായിരുന്നില്ല മിഖി. അങ്ങനെ ഞാൻ ചെയ്യുമായിരുന്നെന്ന് മിഖി വിചാരിക്കുന്നുണ്ടോ? അത്ര അടിമയായിപോയിരുന്നില്ല ഞാൻ?

പൊടുന്നനെ മിഖിയുടെ ശബ്ദം ഉയർന്നു.

ങ്.. ഹും... ഗോർബി തലയാട്ടി.

ഇല്ല... ഇല്ല... ഇല്ല...

ഒരിക്കലും അങ്ങേയ്ക്കിതിനു കഴിയുമായിരുന്നില്ല.

ആരെങ്കിലും രഹസ്യമായി തങ്ങളെ നിരീക്ഷിക്കുന്നുണ്ടോ എന്ന് ഗോർബി ഏറുകണ്ണിട്ടു നോക്കി. വ്ളാഡിമീർ തുടർന്നു:

'എല്ലാത്തിനും വേണ്ടേ മിഖി ഒരതിരും, അളവും. ഒരടക്കം... ഒരൊതുക്കം... ഒരു ക്രമം ... വേണ്ടേ എല്ലാത്തിനും?

മിഖി അലസം മൂളി.

സംസാരത്തിൽ നിന്ന് വ്ളാഡിമീർ വിരമിക്കുന്നില്ല.

1924 ലെ ഹ്രസ്വകാല പ്ലാനിംഗിൽ ഞാൻ ഉദ്ദേശിച്ചത്, സർക്കാരിന്റെ അടുക്കളയല്ല സ്വകാര്യ സംരഭകന്റെ അടുക്കളയിൽ പാകം ചെയ്യുന്ന പദാർത്ഥങ്ങൾ ആവശ്യാനുസരണം തിരഞ്ഞെടുക്കാൻ ജനങ്ങൾക്ക് സ്വാതന്ത്ര്യം നൽകുക എന്നതായിരുന്നു. പക്ഷേ അതിനെ ഒറ്റു കൊടുത്തത് എതിരാളികളുടെ ട്രോജൻ കുതിരകൾ ആയ നമ്മുടെ സ്വന്തം സഖാക്കൾ തന്നെ. സ്വാതന്ത്ര്യം കണ്ണിലെ കൃഷ്ണമണിയാണെന്ന് അവർ മറന്നു. ഊഷ്മളമായ വ്ളാഡിമീറിനെ വികാരധീനനാക്കി തീർത്തു.

വ്ളാഡിമീറിന്റെ കണ്ണ് നിറഞ്ഞു, തൊണ്ടയിടറി, അനന്തരം വളരെ നിയന്ത്രിച്ച് വ്ളാഡിമീർ ഗോർബിയുടെ ചെവികളിൽ സ്വകാര്യം പറഞ്ഞു:

' ടോയൻബിയുടെ പ്രവചനങ്ങൾ അക്ഷരാർത്ഥത്തിൽ സാക്ഷാത്കരിച്ചില്ലേ. പിന്നീട് നടന്ന സംഭവങ്ങൾ സോവിയറ്റിന്റെ കിനാവുകൾ കടലെടുത്തു പോവാൻ അത് നിമിത്തമായി. എനിക്കതിൽ തെല്ലും ഖേദമില്ലാതില്ല.'

വ്ളാഡിമീറിന്റെ വാക്കുകളുടെ ഇടർച്ചയിൽ ഗോർബിയുടെ തേങ്ങൽ ഒലിച്ചുപോയി എന്നു തോന്നുന്നു.

പിന്നെയും അഗാധമായ നെടുവീർപ്പുകൾ!

അല്പ നിമിഷങ്ങൾക്കകം സമനില വീണ്ടെടുത്ത വ്ളാഡിമീർ അകന്നുപോകുന്ന ആകാശത്തിൻകീഴിലൂടെ പറന്നകന്ന അപ്പൂപ്പൻ താടികൾ ചൂണ്ടിക്കാട്ടി മിഖിയോട് പറഞ്ഞു:

' ആ അപ്പൂപ്പൻ താടികൾ തന്നെയാണ് നാം. സസൂക്ഷ്മം താലോലിച്ച സമത്വ വാദ സിദ്ധാന്തം. അതിനു എത്ര കാലം നിർബാധം സഞ്ചരിക്കാനാവും? അവിചാരിതമായെപ്പോഴെങ്കിലും നിപതിച്ചുപോയി നിശ്ശേഷം പൊട്ടിചിതറും അവ. കാറ്റിനു ഇഷ്ടമുള്ളേടത്തേക്കാവും അതിന്റെ പ്രയാണമിനി.

'പ്രാണികളും നക്ഷത്രങ്ങളും മനുഷ്യരും സസ്യജാലങ്ങളും കോസ്മിക് ഡസ്റ്റുമെല്ലാം അദൃശ്യനായ ഒരു കുഴലൂത്തുകാരന്റെ നിഗൂഢ സംഗീതത്തിനൊപ്പം നൃത്തംചെയ്തുകൊണ്ടിരിക്കുകയാണെന്ന് പറഞ്ഞുവെച്ചില്ലേ ? ആൽബർട്ട് ഐൻസ്റ്റീൻ'

വ്ളാഡിമീർ, ഹൈലി ഫിലസോഫിക്കലാവുന്ന ദൃശ്യം കണ്ടിട്ടും കേട്ടിട്ടും ഗോർബിയുടെ നയങ്ങൾ വിസ്മയഭരിതമായി മാറുന്നില്ല. എന്നിട്ടും മിഖി ഒരക്ഷരം പ്രതിവചിക്കാതെ പിന്നെയും മൗനി. വ്ളാഡിമീറിന് സൈബീരിയയോളം അരിശംവന്നു. തല തരിക്കുന്നു.

എങ്കിലും മിഖിയെ ശകാരിക്കാൻ വ്ളാഡിമീറിനു നാവു പൊങ്ങുന്നില്ല. മിഖിയുടെ വഴിയായിരുന്നിരിക്കാം കൂടുതൽ ശരി. വ്ളാഡിമീർ സ്വന്തം അനുജനെക്കാൾ കൂടുതൽ സ്നേഹിച്ചിരുന്നു മിഖിയെ. അകമഴിഞ്ഞ വാത്സല്യാതിരേകം വ്ളാഡിമീർ മിഖിയിൽ തൂകി.

വ്ളാഡിമീറിന്റെ പ്രത്യയശാസ്ത്ര രോഷത്തെ ശമിപ്പിക്കാൻ അത് നന്നായി സഹായിച്ചു.

മനസ്സാക്ഷിയുടെ ആഹ്വാനമാണ് മിഖിയെ നയിച്ചത്. മിഖിയ്ക്കതിൽ പശ്ചാത്താ



പമോ അനുതാപമോ ഇല്ല.

മിഖി ഉള്ളിൽ പറഞ്ഞു...

അല്പനേരം കൂടി വ്ളാഡിമീറിന്റെ പ്രലോഭനം സഹിക്കാൻ സന്നദ്ധരാകുകയാണ് മിഖി.

'കിനാവിൽ കണ്ട അപരാധങ്ങൾക്ക്, കണ്ണാടിയിൽ കണ്ട ദ്രവ്യം മാത്രം മതി പിഴപ്പണം' എന്ന പൗരസ്ത്യ ന്യായദർശനം മിഖിയുടെ അകമേകിടന്നു ഓളം തുള്ളി.

മൗനത്തിന്റെ വല കടിച്ചു മുറിക്കാൻ മിഖിയുടെ അധരങ്ങൾ പലതവണ തുള്ളി വന്നതാണ്. പക്ഷേ മനസ്സ് വിഘാതമായി നിന്നു.

ഇനിയും വ്ളാഡിമീർ ജേഷ്ഠൻ തന്നെ മേഗഫോൺ ഉപയോഗിക്കട്ടെ. ഉത്തമപുരുഷനിൽ തന്നെ അദ്ദേഹം കാര്യങ്ങൾ പ്രതിപാദിക്കട്ടെ. ദുഷ്കരമായ പാതകൾ താണ്ടിയല്ലേ അദ്ദേഹം നടന്നുകയറിയത്?

ഗോർബിയുടെ വിചാരങ്ങൾ മനസ്സിന്റെ ജാലക വാതിലുകൾ ഭേദിക്കുന്നില്ല. എന്ന തത്ഭുതകരം!

ഒരു നിമിഷം, പൊടുന്നനെ മിഖിയുടെ നാവു കിളിചിലച്ചു.

മിഖായേൽ ഗോർബിയുടെ കരങ്ങളിലൂടെയല്ലെങ്കിൽ, മറ്റൊരു ഗോർബിയുടെ കൈകളിലൂടെ സോവിയറ്റിന്റെ വിധി നിർഘഹിക്കപ്പെടുമായിരുന്നില്ല? കാലത്തെ ദൗത്യം മിഖിയെ ഏൽപ്പിച്ചുവെന്നുമാത്രം.

ഗോർബി മൗനം മുറിച്ചത് കണ്ട് വ്ളാഡിമീർ ആശ്ചര്യസ്തബ്ധനായി.

ഉത്തരക്ഷണം മിഖി വ്ളാഡിമീറിന്റെ മുൻപിൽ, ഒരു പിഞ്ചുബാലനെപോലെ മുട്ടുകുത്തി നിന്നു. ആത്മീയമായ ഈ ഭാവമാറ്റം കണ്ട് വ്ളാഡിമീർ അന്തം വിട്ടുപോയി. എന്തോ ഇക്കുട്ടിക്കു പറ്റിയത്? എന്നാരായാനായും മുമ്പേ, മിഖി സവിനയം ബോധിപ്പിക്കുന്നു.

– മാപ്പാക്കണം വ്ളാഡിമീർ ജ്യേഷ്ഠൻ, ഈ അനുജന്റെ കൈക്കുറ്റപ്പാടുകൾ! പക്ഷേ മിഖിയുടെ തീരുമാനങ്ങൾ ഒരുബദ്ധമായോ, അപരാധമായോ മിഖിക്ക് ഒരിക്കലും തോന്നിയിട്ടില്ല, ഇതേവരെ അങ്ങയോടൊന്നല്ല. ആരോടും മിഖി കള്ളം പറയില്ല. അങ്ങനെയാണ് നാട്ടിൻപുറത്തുകാരിയായ അമ്മ മിഖിയെ പഠിപ്പിച്ചിട്ടുള്ളത്. സോവിയറ്റിനെ വിരിഞ്ഞു മുറുക്കിയിരുന്ന കടുംകെട്ടുകൾ ആയാസപ്പെട്ടായാലും കടിച്ചു പൊട്ടിച്ചു കളഞ്ഞതിന്റെ ചാരിതാർത്ഥ്യമേയുള്ളൂ ഈ മിഖിയ്ക്ക്. ഇരുമ്പ് തിരശീലകൾ പൊളിച്ചുമാറ്റാൻ അനുഭവിച്ച ക്ലേശങ്ങൾ വ്ളാഡിമീർ ജ്യേഷ്ഠനു ബോധ്യമാവുമോ, എന്തോ?

ഒന്നു നിർത്തിയ ശേഷം മിഖി തുടർന്നു: കാറലും ഫെസ്സിയും ഭാവനയിൽ ദർശിച്ചത് ഒരു നൂറുവർഷം മുമ്പുള്ള ലോകമല്ലേ? പിന്നീട് എത്രയോ ഉദയവും അസ്തമയവും കടന്നു പോയില്ലേ? ജനങ്ങൾ മുഴുവൻ ധൂർത്തന്മാരും, കുടി മടിയന്മാരുമായി മാറിയ കാര്യം സിംഹാസനങ്ങളിൽ ഉപവിഷ്ടരായവരെല്ലാവരും സൗകര്യപൂർവ്വം കണ്ടില്ലെന്ന് നടിച്ചു. അധികാരഭ്രമം തലയ്ക്കു പിടിച്ചപ്പോൾ അക്കൂട്ടർ ജനഹിതത്തെ പാർശ്വങ്ങളിലേക്ക് വലിച്ചെറിഞ്ഞു കളഞ്ഞു. തങ്ങൾക്ക് തോന്നിയത് ശരിയെന്ന് ജൂസിപ്പും, ജാനോസും, ചെഷസ് ക്യുവും വിശ്വസിക്കുകയും ചെയ്തു. വാതായനങ്ങൾ മുറുകെ ബന്ധിപ്പിച്ചിരിക്കുന്നതുകൊണ്ട്, ബാഹ്യലോകത്തുള്ളവർക്കു ഉള്ളുകള്ളികൾ ഒന്നും കണ്ടുപിടിക്കാനുമായില്ല.

അങ്ങേയ്ക്ക് വേണമെങ്കിൽ മിഖിയെ ശാസിക്കുകയും ശകാരിക്കുകയോ ചെയ്യാം. പക്ഷേ ഒന്നാലോചിക്കണം. എത്രകാലത്തേക്ക് നറുക്കി ഞാണിന്മേൽ കളി തുടരാൻ കഴിയുമായിരുന്നു? മുനയൊടിഞ്ഞുപോയ അമ്പുകളും, ഞാണറ്റുപോയ വില്ലുകളും ഉപയോഗിച്ചാണ് നമ്മൾ കളി തുടർന്നത്. മനുഷ്യന്റെ സ്വാതന്ത്ര്യവാഞ്ഛയെ കല്പാന്തകാലങ്ങളോളം ചങ്ങലക്കിടാൻ ആർക്കു കഴിയും? സ്വാതന്ത്ര്യേച്ഛുക്കൾക്കു ഒരു ജാലകം നിർമിച്ചുകൊടുത്തതാണോ മിഖി ചെയ്ത അപരാധം? പറയൂ വ്ളാഡിമീർജേഷ്ഠ?

ഒരുപക്ഷേ ആ സെമിനാരി വിമോചിതൻ ജൂസിപ്പു ചെയ്തതുപോലെ, പൗരന്മാരുടെ ചിന്തകൾക്ക് കടിഞ്ഞാൺ പിടിപ്പിക്കണമായിരുന്നോ മിഖി? വിരുദ്ധാഭിപ്രായക്കാരുടെ നാവും തലയും ഛേദിച്ചവരെ പറ്റി ചരിത്രം എപ്രകാരം പുനർവായിക്കുമെന്ന് ഗ്രഹിക്കാൻ കഴിയാതിരുന്ന ജൂസിപ്പിനോ, അയാളുടെ സിൽബന്ധികൾക്കോ ചരിത്രം ഒരുക്കുന്നത് ചവറ്റുകൊട്ടയായിരിക്കും. സോൾഷെനിത് സന്റെയും ബോറിസ് പാസ്റ്റർ നാക്കിന്റെയും പിളർന്ന ശിരസ്സുകൾക്കു നടുവേ ചുവന്ന കുതിരകൾ വലിക്കുന്ന ഭ്രാന്തൻ രഥങ്ങൾ പാഞ്ഞു പോയത്. വൃഥാവിലായില്ലേ വ്ളാഡിമീർ ജേഷ്ഠ? ഇപ്പോൾ വ്ളാഡിമീറിന്റെ കണ്ണുകൾ ലജ്ജാഭാരത്താൽ ശിരസ്സുനമ്രമായി താഴോട്ടുകുനിഞ്ഞു.

മിഖി തുടരുന്നു:

' കൗശലക്കാരനായ കുറുനരികൾ പ്രത്യ

യശാസ്ത്രത്തെ കഴുതപ്പുലിയുടെ തലയോടാക്കി മാറ്റി.'

വ്ളാഡിമീറിന്റെ മിഴികൾ തിളങ്ങി. മുഖം പ്രസന്നമയമായി. മിഖിയെ കുറ്റപ്പെടുത്തിയതിൽ വ്ളാഡിമീറിനു വല്ലാത്ത പശ്ചാതാപം അനുഭവപ്പെട്ടു. വിക്കിയുടെ മുഖത്തെ മ്ലാനതയകന്നു ഇപ്പോൾ.

മിഖിയെ തന്നിലേക്ക് കൂടുതൽ അടുപ്പിച്ചു നിർത്തി. വ്ളാഡിമീർ ഗാഢാശ്ലേഷം ചെയ്തു. അവരിരുവരും ആലിംഗനബദ്ധരായി നിൽക്കുമ്പോൾ പുറകിൽ പെട്ടെന്നൊരു കാൽപ്പെരുമാറ്റം. ഇരുവരും ഞെട്ടിത്തരിച്ചിരുന്നു. പുറകോട്ടു കണ്ണുകൾ പായിച്ചു.

അതാ, ദൃഢമായ കാൽവെപ്പുകളോടെ ഒരു ദീഘകായൻ നടന്നടുക്കുന്നു. ദൃഢശരീരം, പട്ടാളക്കാരന്റെ വേഷം, മുള്ളുകൾതുല്യം എഴുന്നുനിൽക്കുന്ന ഭീഷണാത്മകമായ മേൽമീശ, രൗദ്രം പതയുന്ന ദൃഷ്ടികൾ. യൂണിഫോമിൽ കുത്തിനിരത്തിയിരിക്കുന്ന നക്ഷത്രചിഹ്നങ്ങൾ, നിറഞ്ഞുകത്തുന്ന രൗദ്രനോട്ടം, ചുണ്ടുകളിൽ എരിയുന്ന അഗ്നി, ഇടിമുഴക്കം പോലെ ഗർജ്ജനസ്വരം, മിഖിയെയും വ്ളാഡിമീറിനെയും അയാൾ തുറിച്ചു നോക്കുന്നു. ദഹിപ്പിക്കുന്ന അതിതീക്ഷണമായ നോട്ടത്തിൽ ഇരുവരുമൊന്നു പതറി. പർവ്വതങ്ങൾ തുളച്ചുകയറുന്ന ദൃഷ്ടികൾ.

വ്ളാഡിമീറിനും മിഖിക്കും തങ്ങളെ തിരിച്ചറിയാൻ ഒട്ടും പ്രയാസപ്പെടേണ്ടിവന്നില്ല.

വരൂ... വരൂ... ജൂസിപ്പ്

വ്ളാഡിമീർ നിറഞ്ഞ മനസ്സോടെ ആഗതനെ സ്വാഗതം ചെയ്തു. മിഖി പക്ഷേ അയാളുടെനേർക്കു മുഖമണച്ചില്ല.

വന്നതും അയാൾ വ്ളാഡിമീറിനെ അതിനിശിതം ഭർത്സിക്കാൻ തുടങ്ങി. പ്രത്യഭിവാദം ചെയ്തതുമില്ല ഒട്ടും.

-എടോ വ്ളാഡിമീർ താനായിരുന്നു എല്ലാ കുഴപ്പങ്ങളുടെയും കാതൽ, ഈ കഴുത, ചെറുക്കാൻ താൻ ചെയ്യാനുള്ളത് ചെയ്തു.

മിഖിയുടെ നേരെ കൈചൂണ്ടി, നീരസത്തോടെ ജൂസിപ്പ് ഉറഞ്ഞുതുള്ളി.

അവൻ നിന്റെ സ്വപ്നം സാക്ഷാത്കരിക്കുക മാത്രമാണ് ചെയ്തത്. പ്രത്യയശാസ്ത്രത്തിന്റെ തലക്കുറി തിരുത്താൻ നീയും ഒന്ന് ശ്രമിച്ചു നോക്കിയതല്ലേ മുൻപ്? എന്റെ കരുത്തുമാത്രമാണ് നിന്നെ പിന്തിരിപ്പിച്ചത്. ഇവൻ നിന്നെയും പക്ഷേ തോൽപ്പിച്ചു കളഞ്ഞില്ലേ? ആ ലിയോണും നിന്റെ വഴി തിരഞ്ഞെടുത്തു. അതുകൊണ്ടാണ് അവൻ നേരത്തെ മടങ്ങിയതും. ജൂസിപ്പ് ക്രുദ്ധനായി അടിമുടിനിന്നു വിറപൂണ്ടു.

വ്ളാഡിമീർ തലകുമ്പിട്ട് നിൽക്കുന്നതും കാണാം.

ജ്ളസിപ്പിന്റെ അട്ടഹാസം, ഗർജ്ജനം:

-മനുഷ്യരെ കശാപ്പ് ചെയ്യാനും വേണം പൗരുഷം. ആ അഡോൾഫിന്റെ പ്രാണനെടുക്കാൻ ആംഗ്ലോ-സാക്സൺ, ഫ്രാങ്ക് പ്രതിഭയുടെ എന്നുവേണ്ട, ആയങ്കികളുടെ പോലും പീരങ്കികൾ പ്രയോജനപ്പെടുത്തിയില്ലേ ഞാൻ? ബെനിട്ടോയുടെ കഥ കഴിഞ്ഞപ്പോൾ യാങ്കികളെ കൂട്ടി വകവരുത്താനായിരുന്നു എന്റെ പ്ലാൻ.

പക്ഷേ കാലത്തിനു തെല്ലും ഔചിത്യം ഉണ്ടായില്ല. സകല കഴുവേറിമാരുടെ താടിയെല്ലുകളായിരുന്നു എന്റെ ലക്ഷ്യം.

അയാളുടെ വീരവാദം കേട്ടുകേട്ട് മിഖിയുടെ മുഖം കെട്ടു. കോപം കൊണ്ടുജ്ജ്വലിച്ചു മിഖി.

ഈ നരാധമന്റെ വ്യക്തിമോഹമാണ് സമത്വ ദർശനത്തിന്റെ ചെടി വെട്ടി തീയിലിട്ടു കളഞ്ഞത്. എത്ര പേരെ നിർദ്ദാക്ഷിണ്യം വധിച്ചു കളഞ്ഞില്ലേ ഇവൻ.

മിഖിയുടെ സ്വരം ഉയരുമ്പോഴേക്കും വ്ളാഡിമീർ വായ് പൊത്തിപ്പിടിച്ചിട്ടും മിഖിയുടെ വാക്ക് കാറ്റിൽ ഉലാത്തി.

ആ കശ്മലന്റെ പങ്കിലെ കരങ്ങൾ തന്റെ കരതലത്തിൽ സ്പർശിക്കാതിരിക്കാൻ മിഖി സൂക്ഷിച്ചു ശ്രദ്ധാപൂർവ്വം.

ജൂസിപ്പ് പാദങ്ങൾ നിലത്ത് അമർത്തി ചവിട്ടി, കോപാക്രാന്തനായി തിരിച്ചു നടന്നു. നിലം പൊട്ടിപ്പൊട്ടിപ്പിളരുന്ന ദൃശ്യം! അയാൾ പിൻവാങ്ങിയതും മിഖിയെ കെട്ടിപ്പിടിച്ച് മൂർധാവിൽ ചുംബിച്ചുകൊണ്ട് വ്ളാഡിമീർ പറഞ്ഞു:

നീ ചെയ്തതാണ് ശരിയെന്റെ മിഖി. സ്വാതന്ത്ര്യത്തിന്റെ മന്ദമാരുതൻ റൂസിയെ ശീതീകരിക്കുന്നുണ്ടിപ്പോൾ. കുരുടന് പ്രത്യയശാസ്ത്രത്തിന് ചാട്ടവാറടി സമ്മാനിച്ച നീ തന്നെയാണ് ശരി!

വ്ളാഡിമീർ നിശ്ശബ്ദം തേങ്ങാൻ തുടങ്ങി.

ഗോർബിയുടെ കണ്ണിൽ ആനന്ദ ബാഷ്പം തുളുമ്പി.

# നൂൽപ്പാലം

കവിത

ഒരു നൂൽപ്പാലം കെട്ടണം
ജീവിതത്തിനും
മരണത്തിനുമിടയിൽ.
സ്വപ്നങ്ങൾ കൊണ്ട്
രണ്ടറ്റത്തും
ഊരാക്കുടുക്കിടണം.
ചുവട് തെറ്റാതെ
തെന്നി വീഴാതെ
വെറുതെ നടക്കണം.
ഒരറ്റത്തു നിന്നും
മറു തലക്കലേക്ക്...

കണ്ണുനീരിനെ
കൂടെ കൂട്ടണം.
പുഞ്ചിരിയുടെ
കൈപിടിക്കണം.
അനുഭവങ്ങളെ
കൂട്ടുപിടിക്കണം.
വേദനകളെ
ചേർത്തു വെക്കണം.
ഇനിയൊന്നു
വെറുതെ നടക്കണം..
ഒരറ്റത്ത് നിന്ന്
മറു തലക്കലേക്ക്...



ലാവണ്യ മുല്ലശ്ശേരി



ലേഖനം

# നമുക്കില്ലാതെ പോയതും ഒരു സുമന്ത്രൻ !

സുകുമാർ കൂർക്കഞ്ചേരി




ആദികാവ്യമാണ് രാമായണം. വാത്മീകി ആദ്യ കവിയുമാകുന്നു. രാമായണത്തിന് ഒട്ടേറെ പാഠഭേദങ്ങളുണ്ടെങ്കിലും മലയാളികൾക്ക് പ്രിയം എഴുത്തച്ഛൻറെ ആദ്ധ്യാത്മ രാമായണത്തോട് തന്നെ. 16 ാം നൂറ്റാണ്ടിൽ ആണിത് രചിച്ചതെന്നും കണക്കാക്കപ്പെടുന്നു. കിളിയെകൊണ്ടു കഥ പറയിക്കുന്ന രീതിയിൽ ദ്രാവിഡ വൃത്തത്തിൽ രചിച്ച കാവ്യമത്രെ കിളിപ്പാട്ട്.

തുഞ്ചത്ത് എഴുത്തച്ഛൻറെ യഥാർത്ഥ നാമധേയം എന്തെന്ന് വ്യക്തമല്ല. ഇദ്ദേഹത്തിൻറെ ജീവിതത്തെക്കുറിച്ചും കൃത്യമായ വിവരങ്ങളില്ല. മലപ്പുറം ജില്ലയിൽ ഇപ്പോഴത്തെ തിരൂർ നഗരസഭയിൽപ്പെട്ട തുഞ്ചൻപറമ്പിലാണ് ജനനമെന്നും പറയുന്നു. തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിന് പടിഞ്ഞാറ് ഉള്ള തറവാടാണ് ഇന്നത്തെ തുഞ്ചൻപറമ്പ്. പിന്നീട് തൻറെ അന്ത്യം വരെയും പ്രശസ്തനായ എം.ടി. വാസുദേവൻ നായർ വാൽസല്യാധിരേകത്തോടെ പോറ്റിവളർത്തിയ തുഞ്ചൻപറമ്പ്.

ഭാഷയിൽ വലിയ പരിഷ്കാരം വരുത്തിയാണ് എഴുത്തച്ഛൻ രാമായണത്തിന്റെ രചന നിർവഹിച്ചത്. എഴുത്തച്ഛൻ കാണിച്ചുതന്ന വഴിയിലൂടെയാണ് മലയാളഭാഷ ഇന്ന് സഞ്ചരിക്കുന്നത്. ആധുനിക മലയാളഭാഷയുടെ പിതാവ് എന്ന ബഹുമതി നൽകി മലയാളം അദ്ദേഹത്തെ ആദരിക്കുന്നതും അതുകൊണ്ടാണ്.

കാവ്യ രൂപത്തിലുള്ള ആദ്യത്തെ കൃതിയാണ് രാമായണമെന്നു പറഞ്ഞുവല്ലോ. ബാല്യകാണ്ഡം, അയോധ്യകാണ്ഡം, ആരണ്യകാണ്ഡം, കിഷ്ക്കിന്ധാകാണ്ഡം, സുന്ദരകാണ്ഡം, യുദ്ധകാണ്ഡം, ഉത്തരകാണ്ഡം, എന്നീ ഏഴു കാണ്ഡങ്ങൾ ഉൾപ്പെട്ട 500 അധ്യായങ്ങളിൽ രാമായണം എഴുതപ്പെട്ടിരിക്കുന്നു.


രാമായണത്തിലെ ഏറ്റവും മുഖ്യമായ ശ്ലോകം ഏതെന്ന് ഒരിക്കൽ വിക്രമാദിത്യ രാജാവിന്റെ വിദ്വൻ സദസ്സിലെ വരരുചിയോടു ചോദിക്കുകയീണ്ടായി. നിർഭാഗ്യവശാൽ അദ്ദേഹത്തിന് മറുപടി നൽകാൻ കഴിഞ്ഞില്ല. തുടർന്ന് ഖിന്നനായി പുറപ്പെട്ടു പോയ വരരുചി വനത്തിലെ ഒരു വൃക്ഷ ചുവട്ടിൽ വിശ്രമിക്കവേ മുകളിലിരുന്നാൽ കിളികളുടെ സം



ഭാഷണം കേൾക്കാനിടയായി. ഒരു കിളി മഹാനായ വരരുചിയുടെ പ്രാഗത്ഭ്യത്തെ ഒട്ടും പോരാ എന്നു കുറ്റപ്പെടുത്തി.

രാമായണത്തിലെ ഏറ്റവും പ്രധാന ശ്ലോകം ' രാമം ദശരഥം വിദ്ധി ' എന്നാണെന്ന് അറിയാത്ത ഇയാൾ എന്ത് വിദ്വാനാണ് എന്ന് മറ്റേ കിളി പരിഹസിച്ചു. വരരുചിക്ക് കാര്യം മനസ്സിലായി. പിറ്റേന്നുതന്നെ രാജസദസ്സിൽ എത്തി ശ്ലോകം ചൊല്ലി സമ്മാനമായ പണക്കിഴി രാജാവിൽ നിന്നും സ്വീകരിക്കുകയും ചെയ്തു എന്നാണ് കഥ.

സ്വന്തം മകനായ ലക്ഷ്മണനോട് ഇളയമ്മ സുമിത്രയുടെ ഉപദേശമാണ് മേൽപ്പറഞ്ഞ ശ്ലോകം. രാമനെ നീ അച്ഛനായി കാണുക. സീതയെന്ന ഏട്ടത്തിയമ്മയെ സ്വന്തം അമ്മയായി കാണുക. ദണ്ഡകാരണ്യത്തെ അയോധ്യയായി കരുതുക എന്നൊക്കെയായിരുന്നു ആ ഉപദേശങ്ങൾ.



ഏട്ടനായ ഒരാൾ രാമനെപ്പോലെയും ഏട്ടത്തിയമ്മ സീതയെപ്പോലെയും അനുജന്മാർ ലക്ഷ്മണനെയും ഭരതനെയും പോലെയും ആകണമെന്നാണ് രാമായണം പഠിപ്പിക്കുന്നത്. കേരളീയരുടെ ജീവിതത്തിൽ പ്രകാശം പരത്തി അതിനെ രൂപപ്പെടുത്തിയ കവിയാണ് തുഞ്ചത്ത് എഴുത്തച്ഛൻ. ആദ്ധ്യാത്മ രാമായണത്തിലെ ലക്ഷ്മണോപദേശം ഇതിനു മികച്ച ദൃഷ്ടാന്തമാണ്. ജീവിതം സ്വപ്ന സമാനം, ഭൂമിയിലെ സുഖസൗകര്യങ്ങളെല്ലാം മിന്നൽപ്പിളർ പോലെ. അഹങ്കാരമാണ് മനുഷ്യന്റെ ഇന്ന് കാണുന്ന സകല ദുഃഖങ്ങൾക്കും കാരണം. തന്നെത്തന്നെ തിരിച്ചറിയുക എന്നതാണ് പ്രധാനം. അതിനെ വിദ്യ കൂടിയേ കഴിയൂ... ഇങ്ങനെയാണ് ശ്രീരാമൻറെ ലക്ഷ്മണോപദേശം. ഒരച്ഛൻ മക്കൾക്കെന്നപോലെ അന്നത്തെ ജനതയ്ക്ക് അദ്ദേഹം നൽകിയ ഉപദേശങ്ങളും ജീവിതദർശനങ്ങളും ഇന്നും പ്രസക്തമായി നിലകൊള്ളുന്നു.

രാമലക്ഷ്മണന്മാരെപ്പോലെ ചിര പ്രതിഷ്ഠ നേടിയ ഇനിയും എത്രയോ കഥാപാത്രങ്ങൾ രാമായണത്തിലുണ്ട്. ത്രേതാ യുഗത്തിലെ പെൺകരുത്തിന്റെ പ്രതീകമായ സീത. സീതയെ സമ്പൂർണ്ണ സൗന്ദര്യവതിയായും അനുപമമായ ഭർത്തൃ ഭക്തിയുടെ പ്രതിനിധിയായും ധർമ്മത്തിന്റെ പൊരുളായും കരുത്തിന്റെ കൃപയുടെയും പാതിവ്രതത്തിന്റെയും ആൾരൂപമായും നാം കാണുന്നു. സീതയെന്ന യോദ്ധാവിനെ ഒരു വേള അത്രപരിചയം കണ്ടെന്നു വരില്ല. വിദ്യയിൽ മാത്രമല്ല കായിക കലകളിലും നിപുണയായിരുന്നുവത്രേ സീത. അമ്പും വില്ലും പ്രായോഗിക്കാനും കുന്തമെറിയാനും ശബ്ദം കേട്ട ദിക്കിലേക്ക് ആയുധം പ്രയോഗിക്കുന്നതിലും പ്രവീണം തർക്ക ശാസ്ത്രം, വൈദ്യം, എന്നിവയും അഭ്യസിച്ചിരുന്നു. 14 വർഷത്തേക്ക് നാടുകടത്തപ്പെട്ട ഭർത്താവിനെ അനുഗമിച്ചു. രാവണന്റെ അനുചരൻ ഖരശുമായി ധീരമായി ഏറ്റുമുട്ടിയ ചരിത്രവുമുണ്ട്. ലോകാപവാദവും അപകീർത്തിയും നാണക്കേടും സ്വന്തം സ്വഭാവ ദാർഢ്യത്താൽ അവൾ നേരിട്ടു. ഇരട്ട കുഞ്ഞുങ്ങൾക്ക് ജന്മം നൽകി. ഭർത്താവിന്റെ തുണയില്ലാതെ മക്കളെ വളർത്താൻ കെല്പു കാണിച്ച് സ്ത്രീത്വത്തിനാകെയും അഭിമാനമായി.

നാലു വേദങ്ങളും ആറു ശാസ്ത്രങ്ങളും പഠിച്ച് അഗ്നിഹോത്രിയായ രാവണനാണ് മറ്റൊരു പ്രധാന കഥാപാത്രം. പത്തൂത്തലകൾ കൊണ്ടും നേടാവുന്ന അപാരമായ ജ്ഞാനശക്തി ആർജിച്ച പുവാൻ. ഇരുപതു കൈകളുടെ കരുത്തിനുമപ്പുറം നേടാൻ കഴിയുന്ന മെയ്ക്കരുത്തും മനോബലവും. കൈലാസം എടുത്ത് അമ്മാനമാടാൻ കഴിയുന്ന സുഭഗനും സുന്ദരമായ യുദ്ധവീരൻ. നാരദനെപ്പോലും വെല്ലുന്ന സംഗീത വിദ്യാസിദ്ധി. അളവറ്റ സമ്പത്ത്, കവി, വാഗ്മി, നർത്തകൻ, എന്നിട്ട് പോലും മാനവ സംസ്കാര സ്വരൂപനായി രാവണനെ ആരും കണക്കിലെടുത്തതേയില്ല.

ജീവിതം അവനവനുവേണ്ടി മാത്രമാകരുത്. പരക്ലേഷ വിവേകത്തോടെ അപരനു കൂടി ഉതകുന്ന കർമ്മം ആചരിക്കുന്നവനത്രേ സംസ്കാരസമ്പന്നൻ. ത്യാഗം എന്തെന്ന് രാവണനു അറിയില്ലായിരുന്നു. കാമാസക്തിയൊഴികെ മറ്റെല്ലാത്തിനെയും രാവണൻ കീഴടക്കി. വൈശ്രവണനുമായി യുദ്ധം ചെയ്താണ് ലങ്കയെ കീഴടക്കിയത്. ഒപ്പം കുബേരന്റെ പുഷ്പ കഭിമാനവും കയ്യടക്കി. വിശ്വസുന്ദരിയാണ് സീത എന്നറിഞ്ഞപ്പോഴാണ് ബലപ്രയോഗത്തിലൂടെ സീതയെ മോഷ്ടിച്ചത്. രാജ്യമാകെ എരിതീയിൽ വെന്തെരിയുമ്പോഴും സീതയെ ഉപേക്ഷിക്കാൻ കൂട്ടാക്കിയില്ല. എല്ലാം സ്വന്തം ചൊൽപ്പടിയിലാക്കുന്നതിനു

വേണ്ടി മാത്രം ഒരു ജന്മം ഹോമിച്ചപ്പോൾ ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും ശക്തി രാവണൻ തിരിച്ചറിഞ്ഞതേയില്ല.

തപോബലത്താൽ നിദ്രയെ പുണരാൻ വരം ലഭിച്ച രാവണ സഹോദരൻ കുംഭ കർണ്ണൻ അനവധി സവിശേഷതകളുള്ള കഥാപാത്രമാണ്. വർഷത്തിൽ അരമാസം ഉറങ്ങാനാണ് അദ്ദേഹത്തിന് ലഭിച്ച വരദാനം. രണഭൂമിയിലെത്തി ആ നീതിമാനായ അസുരൻ രാവണനോട് പറയുന്നത് സീതയെ തിരികെ നൽകി രാമനോട് ക്ഷമ യാചിക്കാനാണ്. ദുരുപദേശങ്ങൾ ആരിൽ നിന്നായാലും സ്വീകരിക്കരുത് എന്നും അദ്ദേഹം ജേഷ്ഠനോട് അപേക്ഷിക്കുന്നുണ്ട്. എന്നാൽ ഒന്നുകിൽ നിദ്രയെ പുൽകുക, അല്ലെങ്കിൽ യുദ്ധസന്നതനാകൂ എന്നാണ് രാവണൻ അന്ത്യശാസനം നൽകിയത്. രാവണന്റെ ക്രോധം അനുജനെ ധർമ്മസങ്കടത്തിലാകുന്നുമുണ്ട്. എങ്കിലും സമാധാനിക്കുന്നു. രാമബാണമേറ്റു മരിച്ചാൽ മോക്ഷ പ്രാപ്തി കൈവരിക്കാമല്ലോ. കുംഭകർണ്ണന്റെ സഹോദര ഭക്തിയും അനുപമമാണ്. അയാൾ ജ്യേഷ്ഠന്റെ പാതാരവിന്ദങ്ങളിൽ സമർപ്പിക്കുന്നത് സ്വന്തം പ്രാണൻ തന്നെ. രണഭൂമിയിൽ കൊടുങ്കാറ്റുപോലെ ആ പർവ്വതാകാരൻ പാഞ്ഞടുക്കുമ്പോൾ വാനരപ്പടയാകെ ഭയചെകിതരാവുന്നു. അരക്ഷണം കൊണ്ട് പതിനായിരം പേരെ അദ്ദേഹം കൊന്നൊടുക്കുന്നുണ്ട്. വർദ്ധിത വീരനായി പാഞ്ഞെടുത്ത ലക്ഷ്മണ കുമാരനെ ഒഴിവാക്കി കുംഭകർണ്ണൻ കുതിച്ചത് രാമ സന്നിധിയിലേക്കെന്നും കാണാം. രാമബാണമേറ്റ് മോക്ഷം ലഭിക്കുകയാവണം ലക്ഷ്യം. ശത്രുപക്ഷത്ത് ഒരുപാട് നാശനഷ്ട്ടങ്ങൾ വരുത്തിയ കുംഭകർണ്ണനെ രാമൻ വധിക്കുകയുമുണ്ടായി. സ്വന്തം കുലത്തെ അനാദരിക്കാത്ത ഈ അസുരൻ എക്കാലവും കന്മഷ രഹിതനായിരുന്നുവെന്ന് കാണാവുന്നതാണ്. അനുജനെ ബലിയാടാക്കാൻ ഒരു മടിയും കാണിക്കാതിരുന്ന സ്വാർത്ഥിയായ ജേഷ്ഠനോട് ടിയാൻ ഭക്തിയെ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇതുപോലെ വ്യത്യസ്തരായ എത്രയോ കഥാപാത്രങ്ങളാണ് ഇനിയും രാമായണത്തിൽ ഉള്ളത്! സുമനസ്സായ വിഭീഷണൻ, ശാപഗ്രസ്ഥയായ ശൂർപ്പണേഖ, മാരീചൻ, സമ്പാതി, ജഡായു, സുഗ്രീവൻ ബാലി രാമായണ കഥയെ വലിയ ഒരളവോളം മുന്നോട്ട് നയിച്ചിരിക്കുന്ന ഹനുമാൻ എന്നിങ്ങനെ പേരെടുത്തു പറയേണ്ടവർ എത്രയോ എത്രയോ!

ഏറ്റവും നല്ല മനുഷ്യൻ, ഏറ്റവും നല്ല രാജാവ്, ഏറ്റവും നല്ല ഏട്ടത്തി, അനുജന്മാർ, അച്ഛൻ, ഹനുമാനെ പോലുള്ള ഭക്ത ശ്രേഷ്ഠന്മാർ, ആശ്രിതർ, രാജ്യം, രാജഭരണം ഇതിനൊക്കെ മാതൃകയാണ് രാമായണത്തിലെ കഥാപാത്രങ്ങൾ. എന്നാൽ സുമന്ത്രർ എന്നൊരു നീതിമാനായ മന്ത്രിയെ പറ്റി മാത്രം അധികമാരും പറഞ്ഞു കേൾക്കാറില്ല.

രാമായണത്തിൽ എല്ലാവരും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന കഥാപാത്രമത്രേ സുമിന്ത്രർ. എല്ലാറ്റിലും സാക്ഷിയാണദ്ദേഹം. ദശരഥ കുടുംബത്തിൽ നടക്കുന്ന എല്ലാ സംഭവങ്ങളുടെ പിറകിലും മന്ത്രിയായ സുമന്ത്രരുണ്ടായിരുന്നു. നല്ലതു ഉപദേശിക്കാനും കൊള്ളരുതാത്തത് ചൂണ്ടിക്കാണിക്കാനും സദാ സന്നദ്ധനായിരുന്നു. ദശരഥൻ സന്താനങ്ങളില്ലാതെ വന്നപ്പോൾ പരിഹാര യജ്ഞത്തിന് ഋശ്യശൃംഗൻ എന്നാ മുനിയെ കൂട്ടിക്കൊണ്ടുവന്നത് സുമന്ത്രരാണ്. ദശരഥ രാജാവിൻറെ സാരഥി കൂടിയായ സുമന്ത്രർ സുഖദുഃഖങ്ങളെ ഒരുപോലെ കണ്ട് സർവർക്കും സഹായിയായി വർത്തിക്കുകയായിരുന്നു.

അഞ്ച് കർമ്മത്രയങ്ങളെയും അഞ്ച് ജ്ഞാനത്രയങ്ങളെയും അന്തർമുഖമാക്കി നയിക്കാൻ പ്രാപ്തിയുള്ള വ്യക്തിയായിരുന്നു ദശരഥ മഹാരാജൻ. ശബ്ദ വേധിയായ ദശരഥൻറെ കാതിൽ നല്ല കാര്യങ്ങൾ ഉപദേശിക്കുന്ന അന്തഃകരണത്തിന്റെ പ്രതീകവും സുമന്ത്രരെ കാണാവുന്നതാണ്.

ശ്രീരാമൻ അനുജൻ ഭരതനിൽ നിന്നും രാജാധികാരം ഏറ്റുവാങ്ങിയ ശേഷം സുമന്ത്രരോട് ചോദിക്കുന്നുണ്ട് ' ജനങ്ങളെല്ലാം സുഖമായിരിക്കുന്നുവോ? ' എന്ന്.

പെട്ടെന്നുള്ള ഈ ചോദ്യം സുമന്ത്രരും പ്രതീക്ഷിച്ചതല്ല.

' കുറെ ജനങ്ങൾ ഇപ്പോഴും ദാരിദ്ര്യത്തിലാണ് ' എന്ന് സുമന്ത്രർ മറുപടി നൽകുന്നു.

' സമ്പന്നർ നികുതി നൽകുന്നില്ല. ജേഷ്ഠ ഭക്തിയാൽ ഒരു നികുതിയും അടക്കേണ്ടതില്ലെന്ന് ഭരതൻ പറഞ്ഞിരുന്നത്രേ '

ഉടൻതന്നെ രാമൻ നികുതി പിരിക്കാൻ ഉത്തരവിട്ടു: ' രാമരാജ്യം എന്നതിന് നികുതിയില്ലാത്ത രാജ്യം എന്നതിന് അർത്ഥമില്ല' , എന്നദ്ദേഹം പറഞ്ഞു.

വേണ്ടുന്ന സമയത്ത് വേണ്ടുന്ന കാര്യങ്ങൾ ശരിയായ വണ്ണം ഉപദേശിച്ചു കൊടുക്കാൻ സുമന്ത്രർ എപ്പോഴും ജാഗ്രത കാണില്ല. അയോധ്യയിൽ നീതിയും സമാധാനവും നടപ്പിലാക്കുക എന്നത് സുമന്ത്രരെ സംബന്ധിച്ചിടത്തോളം ഒരു വ്രതം തന്നെയായിരുന്നു.

നമ്മുടെയെല്ലാം അന്തഃകരണത്തിലും നല്ലത് പറഞ്ഞു തരുന്ന ഒരു സുമന്ത്രരുണ്ട് എന്ന സന്ദേശമത്രെ ഇവിടെ നൽകുന്നത്.

എന്നാൽ നമുക്കും നമ്മുടെ ഭരണാധികാരികൾക്കും ഒപ്പം ഇല്ലാതെ പോയതും സുമനസ്സായ ഇങ്ങനെയൊരു സുമന്ത്രർ തന്നെ! ആ കുറവ് തന്നെയാണ് ഇന്നത്തെ നമ്മുടെയൊക്കെ ജീവിതം നരകതുല്യമാക്കുന്നതും.

●



ലേഖനം

# തേക്കിൻകാട് സ്വാതന്ത്ര്യസമരത്തിന്റെ സമരസാക്ഷ്യം



വിൻസെന്റ് പുത്തൂർ

**പൗ**രന്മാർക്ക് നീതി നിഷേധിക്കപ്പെട്ടാൽ അതിന് പ്രതിവിധിയായി തേക്കിൻകാട്ടിൽ പട്ടിണി പുരയുണ്ടായിരുന്നു. ബുദ്ധജൈന മതസ്ഥരുടെ കാല ഘട്ടത്തിൽ ഇന്ത്യയിൽ നിലനിന്നിരുന്ന നീതി നിർവ്വഹണസംവിധാനമായിരു ന്നു പട്ടിണിപുര. ഒരു പൗരന് നീതി നിഷേധിക്കപ്പെട്ടാൽ അദ്ദേഹം കുളത്തിൽ മുങ്ങികുളിച്ച് ഈറനോടു കൂടി വന്ന് പട്ടിണി പുരയിലെ മണിയടിച്ചാൽ അദ്ദേഹം ഉപവാസസമരം തുടങ്ങി എന്നർത്ഥം. ഉടനെ രാജാവ് വന്ന് അദ്ദേഹത്തിന്റെ പ്രശ്ന ങ്ങൾ ചോദിച്ചു മനസ്സിലാക്കുകയും സൂര്യൻ അസ്തമിക്കുന്നതിന് മുമ്പ് പ്രശ്ന ത്തിന് പരിഹാരമുണ്ടാക്കുകയും ചെയ്തിരുന്നു. നൂറ്റാണ്ടുകളായി നിലനിന്നിരുന്ന പട്ടിണിപുര പിൽക്കാലത്ത് തേക്കിൻകാട്ടിലെ ദേവസ്വം തൊഴിലാളികളുടെ യൂണിയൻ ഓഫീസായും, ചായക്കടയായും പിന്നീട് പൊളിച്ചുമാറ്റുകയും ചെയ്തു. ചരിത്രസത്യങ്ങളെ പുണർന്ന പട്ടിണിപുര കാലയവനികക്കുള്ളിൽ മറഞ്ഞു.

സ്വാതന്ത്ര്യസമരത്തിന്റെ സമരതീക്ഷ്ണമായ ഇന്നലെകൾക്ക് സാക്ഷ്യം വഹിച്ചതിനാൽ പ്രദക്ഷിണവഴി സ്വരാജ് റൗണ്ട് എന്നറിയപ്പെട്ടു. ദേശീയ നേതാ ക്കൾക്ക് ഭക്ഷണം വിളമ്പി കൊടുത്തിരുന്ന പത്തൻസ് ഹോട്ടലും, നാരായണൻ ചേട്ടന്റെ പാഞ്ചജന്യം വാരിക പ്രസിദ്ധീകരിച്ചിരുന്ന മഞ്ജുള പ്രസ്സും ഗാന്ധിജി യുടേയും ജയപ്രകാശ് നാരായണന്റേയും സെക്രട്ടറിയായിരുന്ന ആർ.പി. പരശു റാമിന്റെ ജാനകി റാം ടെക്സ്റ്റയിൽസും സ്വരാജ് റൗണ്ടിൽ തന്നെയായിരുന്നു. ഒരുപാട് ദേശീയ നേതാക്കളുടെ ചർച്ചാവേദിയായിരുന്നു ഈ സ്ഥാപനം. 1921 ഒക്ടോബർ 18-ാം തിയ്യതി സ്വന്തം തുണിക്കടയിലെ വി

ദേശവസ്ത്രം കത്തിച്ചു കൊണ്ട് ഗാന്ധിജിയുടെ വിദേശവസ്ത്രബഹിഷ്ക്കരണസമരത്തിന് ഐക്യ ദാർഢ്യം പ്രഖ്യാപിച്ച പി.ഡബ്ല്യു സെബാസ്റ്റ്യന്റെ പാരിഷ് ഹാൾ എന്ന തുണിക്ക ടയും നിലനിന്നിരുന്നത് സ്വരാജ് റൗണ്ടിൽ തന്നെ. 1911 ൽ ഇന്ത്യയുടെ തലസ്ഥാനം ബംഗാളിൽ നിന്ന് ഡൽഹിയിലേക്ക് മാറ്റിയപ്പോൾ നടന്ന നാട്ടുരാജാക്കന്മാരുടെ ദർബാറിനെ ഓർമ്മിപ്പിച്ചു കൊണ്ട് മണികണ്ഠനാലിന് സമീപം 1911 ഡിസംബർ 12-ാം തിയ്യതി മാരാത്ത് നാരായണമേനോൻ പണി കഴിപ്പിച്ച ചരിത്രസ്തുപം ഇന്നും തൃശ്ശൂരിലുണ്ട്.

ഇന്ത്യയുടെ ആദ്യത്തെ അഭ്യന്തരമന്ത്രിയായിരുന്ന സർദാർ വല്ലഭായ് പട്ടേ ലിനെ പട്ട് വിരിച്ച് നടപ്പാത ഒരുക്കിയ സ്വരാജ് റൗണ്ടിൽ ഇന്ത്യയുടെ പ്രധാന

ദ്യാർത്ഥികളുടെ ഡീറ്റെൻഷന് എതിരായ സമരം ആരം ഭിച്ചതും വിദ്യാർത്ഥി കോർണറിൽ നിന്നു തന്നെ. കുരിയപ്പൻ എന്ന ചുമട്ടു തൊഴിലാളിയുടെ ശവസംസ്ക്കാരവുമായി ബന്ധപ്പെട്ട് 1935-ൽ രൂപം കൊണ്ട് ലേബർ ബ്രദർഹുഡ് എന്ന തൊഴിലാളി യൂണിയന്റെ ആദ്യത്തെ മെയ്ദിന റാലി 1936 മെയ് 1ന് നടന്നപ്പോൾ 7 പേരടങ്ങുന്ന പ്രസ്തു റാലിയിൽ പങ്കെടുത്തവർ പതാക ഉയർത്തിയതും പൊതുയോഗം നടത്തിയതും ഇന്നത്തെ ലേബർ കോർണറിൽ ആണ്. അന്ന് മുതലാണ് തൊഴിലാളികൾക്കും ഒരു പ്രസംഗപീഠം ഉണ്ട് എന്ന വസ്തുത ജനങ്ങൾ അറിയുവാൻ തുടങ്ങിയത്. ഇപ്പോൾ അപ്രത്യക്ഷമായിരിക്കുന്ന മറ്റൊരു പ്രസംഗവേദി പൊതുവാൾ തറയായിരുന്നു. ജന്മഭൂമി പത്രത്തിന്റെ പത്രാ ധിപരും നവാബ് രാജേന്ദ്രന്റെ അച്ചനുമായ കുഞ്ഞിരാമൻ പൊതുവാൾ കൊച്ചിൻ ദേവ



മന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു വന്നപ്പോൾ പട്ടു വിരിച്ച ഭരണാധികാരിക ളോട് പട്ട് മടക്കി വെക്കുവാൻ പറയുകയും അദ്ദേഹം സ്വരാജ് റൗണ്ടിലൂടെ നടന്ന് തേക്കിൻകാട്ടിലെത്തി പ്രസംഗിച്ച സ്ഥലം പിൻകാലത്ത് നെഹ്റു മണ്ഡപമായി മാറി. 1931-32 കാലത്ത് സ്വാതന്ത്ര്യ സമര നേതാക്കളെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് വിദ്യാർത്ഥികൾ പ്രകടനമാരംഭിച്ച സ്ഥലം പിൻക്കാലത്ത് വിദ്യാർത്ഥി കോർണർ എന്ന പ്രസംഗപീഠം പണിതുയർത്തുവാൻ ഇടവരുത്തി. ഐതിഹാ സികമായ തൃശ്ശൂരിലെ വി

സ്വം ബോർഡിൽ നിന്ന് വാടകക്കെടുത്ത സ്ഥലത്ത് പ്രസംഗപീഠം പണിത് അഴിമതിക്കെതിരെ സിംഹഗർജ്ജനം നടത്തിയിരുന്നു. കൊച്ചിൻ ദേവസ്വം ബോർഡുമായുണ്ടായ അഭിപ്രായവ്യത്യാസത്തെ തുടർന്ന് 1954-ൽ കൊച്ചിൻ ദേവസ്വം ബോർഡ് പൊതുവാൾ തറ പൊളിച്ചു മാറ്റി. വിദ്യാർത്ഥി കോർണറിൽ നിന്നും ഏകദേശം 100 മീറ്റർ അകലെയായിരുന്നു പൊതുവാൾ തറ സ്ഥിതി ചെയ്തി രുന്നത്.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ വീരസ്മരണകൾ വീണുറങ്ങുന്ന മണ്ണാണ് തൃശ്ശൂർ തേ

ക്കിൻകാട്. 1920-ലെ ഖിലാഫത്ത് ലഹളയുമായി ബന്ധപ്പെട്ട് 1921 ഫെബ്രുവരി 20-ാം തിയ്യതി തൃശ്ശൂരിലെ ഹിന്ദുക്കളും, ക്രിസ്ത്യാനികളും മുസ്ലീം കളും നടത്തിയ ലഹള തൃശ്ശൂർ ലഹള എന്ന പേരിലറിയപ്പെടുന്നു. ഈ സമര ത്തിന് സാക്ഷ്യം വഹിച്ചതും തേക്കിൻകാട് തന്നെ. 1921 ൽ മൂത്തേടത്ത് നാരായ ണമേനോൻ എന്ന സ്വാതന്ത്ര്യസമരസേനാനി ബ്രിട്ടീഷുകാർക്കെതിരെ പ്രസംഗിച്ച് ജയിലിൽ പോയത് മണികണ്ഠനാലിൽ നിന്നാണ്. 1925 മാർച്ച് 18-ാം തിയ്യതിയും 1932ലും, 1934ലും ഗാന്ധിജി തേക്കിൻകാട്ടിൽ പ്രസംഗിച്ചിരുന്നു. തൃശ്ശൂരിലെ വൈദ്യുതി വിതരണവകാശം കൊയമ്പത്തൂരിലെ ചാന്ദ്രി കമ്പനിക്ക് നൽകിയ പ്പോൾ അതിനെതിരെ തൃശ്ശൂർ പൗരാവലിയുടെ സമരം നയിച്ച് സി.ആർ ഇയ്യുണ്ണി



ജയിലിൽ പോയതും ഇയ്യുണ്ണിയെ മോചിപ്പിക്കണമെന്നാവശ്യപ്പെട്ട്

ആനി ഇയ്യുണ്ണിയുടെ നേതൃത്വത്തിൽ മുണ്ടും ചട്ടയും ധരിച്ച ക്രിസ്ത്യൻ വനിത കൾ നടത്തിയ സമരവും അരങ്ങേറിയത് മണികണ്ഠനാലിലായിരുന്നു. 1936 സെപ്തംബർ 28നായിരുന്നു ഈ സമരം. 1942 ആഗസ്റ്റ് 11ന് ക്വിറ്റ് ഇന്ത്യാ സമരം നടന്നത് മണികണ്ഠനാലിൽ തന്നെ. 1944ൽ സ്വാതന്ത്ര്യസമരസേനാനികളുടെ പൊതുയോഗത്തിന് നേരെ ജോസഫ് പാപ്പാളി എന്ന പോലീസ് ഉദ്യോഗസ്ഥൻ നടത്തിയ നരനായാട്ട് ചരിത്രത്തിൽ ഇടം തേടി. അന്ന് തൃശ്ശൂരിൽ ഇറങ്ങിയ നാടൻ പാട്ടിന്റെ വരികൾ ഇതായിരുന്നു.: പാപ്പാളി പീപ്പിളി ഊതി പരക്കെ തല്ലി എന്നായിരുന്നു. 1947 ഫെബ്രുവരി ഒന്നാം തിയ്യതി മത്തായി മാഞ്ഞുരാനെ ജയിൽ വിമോ ചിതനാക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് മണികണ്ഠനാലിൽ നിന്നും ആരം ഭിക്കുവാൻ തീരുമാനിച്ച ചലോ വിയ്യൂർ സമരവും നടന്നത് തേക്കിൻ കാട്ടിൽ തന്നെ. ഇതിൻറെ പരിണതഫലമായി 1947 ഫെബ്രുവരി മൂന്നാം തിയ്യതി മണിക ണ്ഠനാലിൽ വിഗ്രഹം പ്രതിഷ്ഠിക്കുകയും പൊതുയോഗങ്ങൾ നിരോധിക്കുകയും ചെയ്തു.

1962 മാർച്ച് നാലാം തിയ്യതി കൃഷ്ണണൻ നായർ സ്റ്റുഡിയോക്ക് സമീപം നടന്ന മുഖ്യമന്ത്രി പട്ടം താണുപിള്ളയ്ക്ക് നേരെയുണ്ടായ കല്ലേറും തുടർന്നു ണ്ടായ പോലീസ് മർദ്ദനവും ഏറെ പ്രസിദ്ധമാണ്. 1969 ഫെബ്രുവരി 9-ാം തിയ്യതി രാഷ്ട്രീയ കുറുമാറ്റം നടത്തിയ കെ.എസ്. നായർ എം.എൽ.എ. യെ പരസ്യ മായി മർദ്ദിക്കുകയും ടാറടിക്കുകയും ചെയ്തു 1971 നവംബർ 14-ാം തിയ്യതി ഫാ. ജോസഫ് വടക്കൻ വിദ്യാർത്ഥി കോർണറിൽ ദിവ്യബലി അർപ്പിച്ചു. 1972 കാലഘട്ടത്തിൽ വർഗ്ഗീസ് കൊരട്ടിയുടെ നേതൃത്വത്തിൽ കുഷ്ഠരോഗികളുടെ പ്രകടനമാരംഭിച്ചിരുന്നത് വിദ്യാർത്ഥി കോർണറിൽ നിന്നായിരുന്നു. 1983 ഏപ്രിൽ 14-ാം തിയ്യതി എക്സിബിഷനിൽ നടന്നിരുന്ന ചൂതാട്ടത്തിനെതിരെ തൃശ്ശൂരിലെ ജനകീയ പ്രതിരോധ പ്രവർത്തകർ സമരം നടത്തുകയും ചൂതാട്ടം അവസാനി പ്പിക്കുകയും ചെയ്തു.

1963 ഡിസംബർ 8-ാം തിയ്യതി അഭ്യന്തരമന്ത്രിയായിരുന്ന പി.ടി. ചാക്കോ യുടെ പീച്ചി യാത്രയും പെണ്ണുകേസുമായി ബന്ധപ്പെട്ട് തൃശ്ശൂരിലെ ജാലവിദ്യ ക്കാരനും നാടോടിഗായകനുമായ വേലായുധൻ തേക്കിൻകാട്ടിൽ പാടി നടന്ന പാട്ടായിരുന്നു : പൊട്ടുകുത്തിയ സുന്ദരി പെണ്ണിനെകൊണ്ട് പി.ടി. ചാക്കോ പീച്ചിക്ക് പോയി. വിദേശ വസ്ത്ര ബഹിഷ്ക്കരണത്തിനെതിരെ പ്രസംഗിച്ച കമല നമ്പീശനേയും കുറുപ്പത്ത് ലക്ഷ്മിയേയും സ്വരാജ് റൗണ്ടിലെ ചില വ്യാപാരി കൾ വസ്ത്രാക്ഷേപം ചെയ്യുവാൻ ശ്രമിച്ചതായും പറയപ്പെടുന്നു. സ്വാതന്ത്ര്യ സമ രത്തിന്റെ സമരതീക്ഷ്ണമായ ഇന്നലെകൾക്ക് സാക്ഷ്യം വഹിച്ച തേക്കിൻകാട് മൈതാനം ഒരു ചരിത്ര പാഠഭേദമായി നിലകൊള്ളുന്നു.